# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഫെബ്രുവരി 23 | ദീപം 55 | നാളം 50 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



## റബറിന്റെ ഭാവിയും കേന്ദ്ര - സംസ്ഥാന ബജറ്റുകളും

# ആത്മാർഥതയില്ലാത്ത അധരവ്യായാമങ്ങൾ



അഡ്വ. വി.സി. സെബാസ്റ്റ്യൻ

മുൻവർഷങ്ങളിലേതുപോലെ ഇക്കുറിയും ഫെബ്രുവരിമാസത്തെ ആദ്യ ആഴ്ചയിൽത്തന്നെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ബജറ്റുകൾ അവതരിപ്പിച്ചു. കോടികളുടെ കണക്കുകളും വാഗ്ദാനങ്ങളുമടങ്ങുന്ന ക്ഷേമവികസനപദ്ധതികൾ വാരിക്കോരി പ്രഖ്യാപിച്ചു. റബർകർഷകർക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പങ്കുവച്ച പുത്തൻവാഗ്ദാനങ്ങൾ വിലത്തകർച്ചയിൽ ജീവിതം വഴിമുട്ടി റബറിനെ കൈവിട്ടുകൊണ്ടിരിക്കുന്ന കർഷകനു കൈത്താങ്ങാവുമോ? ഇതായിരുന്നോ അതിരൂക്ഷമായ ഇന്നത്തെ റബർ പ്രതിസന്ധിയിൽ കർഷകർ സർക്കാരുകളിൽനിന്നു പ്രതീക്ഷിച്ചത്? ബജറ്റുകളിലെ റബർ നിർദേശങ്ങളെ സ്വാഗതം ചെയ്യാം. എന്നാലതിനെ വാനോളം പുകഴ്ത്തുന്ന രാഷ്ട്രീയ ഭരണനേതൃത്വങ്ങളും റബർബോർഡിലെ ഉന്നതരും റബർകർഷകർ നേരിടുന്ന യഥാർഥ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുകയല്ലേ?

**ബജറ്റ് നിർദേശങ്ങൾ എന്തൊക്കെ?**

കേന്ദ്ര-സംസ്ഥാന സർക്കാർബജറ്റുകളിൽ റബറുമായി നേരിട്ടു ബന്ധപ്പെടുന്ന പ്രധാനപ്പെട്ട നിർദേശങ്ങൾ ഇവയാണ്: കേന്ദ്രസർക്കാർ കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിച്ചുങ്കം 10 ശതമാനത്തിൽനിന്ന് 25 ശതമാനമായി ഉയർത്തും. റബർബോർഡിനു മുൻവർഷം അനുവദിച്ച 268.76 കോടി തുടരും. സംസ്ഥാന സർക്കാരാകട്ടെ, റബർകർഷകർക്കായുള്ള വിലസ്ഥിരതാപദ്ധതി നിലവിലുള്ള 500 കോടിയിൽനിന്ന് 600 കോടിയായി ഉയർത്തും. കൂടാതെ, 2017 ൽ പ്രഖ്യാപിച്ചതും ഇപ്പോഴും പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നതുമായ റബർകമ്പനിക്ക് 10 കോടി രൂപ അധികമായി നൽകും. ഈ നിർദേശങ്ങളൊക്കെയും സ്വാഗതാർഹമാണെങ്കിലും കർഷകരുൾപ്പെടെ റബർമേഖലയുമായി കാലങ്ങളായി ബന്ധപ്പെടുന്ന നല്ലൊരു വിഭാഗം മുഖവിലയ്ക്കെടുക്കുന്നില്ലെന്നുള്ളത് വളരെ വ്യക്തമാണ്. മുൻകാലങ്ങളിലേതുപോലെ പ്രഖ്യാപനങ്ങൾ മാത്രം നടത്തി കർഷകരെ ഇനിയും വിഡ്ഢിവേഷം കെട്ടിക്കാനാവില്ല. ആധുനികസാങ്കേതികസംവിധാനങ്ങളിലൂടെ ആഗോളവിപണിയുടെ ചലനങ്ങൾ വീക്ഷിക്കാനും വിലയിരുത്താനും കർഷകർ വളർന്നിരിക്കുമ്പോൾ ബജറ്റുകളിലെ വാഗ്ദാനങ്ങളുടെ നിജസ്ഥിതിയും പ്രായോഗികതലവും വിലയിരുത്തുവാനും പ്രതികരിക്കാനും കർഷകർ പഠിച്ചിരിക്കുന്നു.

**കോമ്പൗണ്ട് റബർ എന്ത്?**

കോമ്പൗണ്ട് റബർ പ്രകൃതിദത്ത സ്വാഭാവിക റബറിന്റെ ഇനത്തിൽ വരുന്നില്ല. നിശ്ചിതശതമാനം പ്രകൃതിദത്തറബറിൽ, കൃത്രിമറബർ, കാർബൺ ബ്ലാക്ക്, ഫില്ലർ, ക്ലേ, ഓയിൽ തുടങ്ങി വിവിധ രാസവസ്തുക്കൾ, സ്റ്റീൽ എന്നിവയൊക്കെ ചേർത്താണ് കോമ്പൗണ്ട് റബറുണ്ടാക്കുന്നത്.

എച്ച് എസ് 4005 എന്ന ഇറക്കുമതി കോഡിലുള്ള കോമ്പൗണ്ട് റബർ എച്ച് എസ് 4001 ഇനത്തിൽ വരുന്ന സ്വാഭാവികറബറിനോടൊപ്പം ഇറക്കുമതിക്കണക്കിലും വരുന്നില്ല. നിലവിലുള്ള റബർ ആക്ട് പ്രകാരം റബറുത്പന്നനിർമാതാക്കൾക്കു ലൈസൻസ് കൊടുക്കുന്നത് റബർ ബോർഡാണ്. ഈ നിർമാതാക്കൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണിൽ സ്വാഭാവിക റബർ, സിന്തറ്റിക് റബർ, റീക്ലെയിംഡ് റബർ എന്നിവയുടെ കണക്കുകളുണ്ടാവും. എന്തുകൊണ്ട് കോമ്പൗണ്ട് റബറിന്റെ കണക്കുകളില്ല എന്ന ചോദ്യം കർഷകരിൽനിന്നുയരുമ്പോൾ വാണിജ്യമന്ത്രാലയവും റബർബോർഡും മുഖംതിരിച്ചിട്ടു കാര്യമില്ല.

**ബജറ്റ് പ്രഖ്യാപനങ്ങൾ വില ഉയർത്തുമോ?**

സാധാരണറബർകർഷകനെ സംബന്ധിച്ചിടത്തോളം തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന ആഭ്യന്തര വിപണിയിൽനിന്നു കരകയറുകയെന്നതാണ് പ്രധാന ലക്ഷ്യം. റബറിന്റെ ഉത്പാദനച്ചെലവിനനുസൃതമായി ന്യായവില ലഭ്യമാക്കണം. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിച്ചുങ്കം 10 ശതമാനത്തിൽനിന്ന് 25 ശതമാനമായി ഉയർത്തിയതുകൊണ്ടു മാത്രം റബർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല. ഇതിന്റെ പേരിൽ ആഭ്യന്തര റബർവിപണി കുതിക്കുമോ? ഉയർത്തിയ ഇറക്കുമതിച്ചുങ്കത്തിൽ തട്ടിവീണ് കോമ്പൗണ്ട് റബറിന്റെ ഇറക്കുമതി കുറയുമോ? കേന്ദ്രസർക്കാരിന്റെ ഖജനാവിൽ ചുങ്കമെത്തുന്നതുകൊണ്ട് കർഷകന് എന്തുനേട്ടം? ന്യായവില കർഷകനു ലഭിക്കുമോ? കേരളത്തിന്റെ വിലസ്ഥിരതാപദ്ധതിയുടെ വിതരണം ഫലപ്രദമാകുന്നുണ്ടോ?

**ഇറക്കുമതിച്ചുങ്കം കേന്ദ്ര ഖജനാവിലേക്ക്**

സർക്കാർ നടപ്പിലാക്കിയിരിക്കുന്നതും പ്രഖ്യാപിച്ചിരിക്കുന്നതുമായ ഇറക്കുമതിച്ചുങ്കം ഒന്നാകെ കേന്ദ്രസർക്കാരിന്റെ ഖജനാവിലേക്കുള്ളതാണ്. കർഷകന് നികുതിവർധന നേട്ടമുണ്ടാക്കുമെന്ന് വാദിക്കുന്നവരാരും ഖജനാവിലെത്തുന്ന ഇറക്കുമതിനികുതിയുടെ ഒരംശമെങ്കിലും കർഷകനു വിലസ്ഥിരതാപദ്ധതിയിലൂടെ ലഭ്യമാക്കണമെന്നു പറയാത്തതെന്ത്? കോമ്പൗണ്ട്റബറിന്റെ ചുങ്കമുയർത്തി എന്നതിന്റെ പേരിൽ ഇറക്കുമതി കുറയുമെന്നും ആഭ്യന്തരവിപണിയിൽനിന്നു പ്രകൃതിദത്തറബർ വാങ്ങാൻ വ്യവസായികൾ നിർബന്ധിതരാകുമെന്നും അങ്ങനെ ആഭ്യന്തരവിപണിവില കുതിക്കുമെന്നും കരുതുന്നവരുണ്ടാകാം. സാമ്പത്തികശാസ്ത്രമനുസരിച്ച് ഈ തത്വം ശരിയുമാണ്. മുൻ മോദി സർക്കാർ അധികാരത്തിലേറിയശേഷം പ്രകൃതിദത്തറബറിന്റെ ഇറക്കുമതിച്ചുങ്കം നിലവിലുണ്ടായിരുന്ന 20 ശതമാനത്തിൽനിന്ന് 25 ശതമാനമാക്കി ഉയർത്തിയിരുന്നു. ഇതിന്റെ പേരിൽ ഇറക്കുമതി കുറഞ്ഞില്ലെന്നുമാത്രമല്ല, ആഭ്യന്തരവിപണിയിൽ ഒരു കിലോ ഉണക്കറബറിന്റെ വില 100 രൂപയിലും താഴുന്ന ദയനീയസ്ഥിതിയിലേക്കു തുടർനാളുകളിൽ വിപണിയിടിഞ്ഞു. ഇക്കാരണത്താൽത്തന്നെ ചുങ്കമുയർത്തിയതുകൊണ്ടുമാത്രം വിപണിവില ഉയരുമെന്നവാദം റബറിന്റെ കാര്യത്തിൽ വിലപ്പോവില്ല.

**റബർ വിപണി അട്ടിമറിക്കുന്നതാര്?**

ആഭ്യന്തരവിപണിയിൽ റബറിന്റെ വില നിശ്ചയിക്കുന്നതാര്? വാണിജ്യമന്ത്രാലയമാണോ? റബർബോർഡാണോ? സംസ്ഥാന സർക്കാരാണോ? റബർ ആക്ടിന്റെ 13-ാം വകുപ്പുപ്രകാരം കേന്ദ്രസർക്കാരാണോ? ഇതുവരെയുള്ള ചരിത്രം വ്യക്തമാക്കുന്നത് റബറിന്റെ വിലയും വിപണിയും നിശ്ചയിക്കുന്നത് വൻകിടവ്യവസായികളാണെന്നുള്ളതാണ്. കർഷകർഉത്പാദിപ്പിക്കുന്ന അസംസ്കൃത പ്രകൃതിദത്തറബറിന്റെ വില നിശ്ചയിക്കുന്നതും വ്യവസായികളുത്പാദിപ്പിക്കുന്ന ടയറുൾപ്പെടെ റബറുത്പന്നത്തിന്റെ വിലനിശ്ചയിക്കുന്നതും വ്യവസായികളായിരിക്കുമ്പോൾ ഇറക്കുമതിച്ചുങ്കം കൂട്ടിയതുകൊണ്ടുമാത്രം കർഷകർക്കു ന്യായവില വിപണിയിൽ ലഭിക്കില്ല. വ്യവസായികൾ നിശ്ചയിക്കുന്ന വിപണിവില പരസ്യപ്പെടുത്തുന്ന ഇടനിലക്കാരായി കേന്ദ്രസർക്കാർ സംവിധാനമായ റബർബോർഡ് അധഃപതിക്കാതെ റബർനിയമത്തിന്റെ അധികാരമുപയോഗിച്ച് വിപണി നിയന്ത്രിക്കാൻ തയ്യാറാകാത്തതാണ് കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി. വ്യവസായികളുടെ റബർ സ്റ്റാമ്പും അടിമകളുമായി റബർബോർഡും വാണിജ്യമന്ത്രാലയവും അധഃപതിച്ചിരിക്കുമ്പോൾ റബർകർഷകനെങ്ങനെ നീതികിട്ടും?

▶12

## ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ ആരാധനക്രമചൈതന്യം

*മൂന്നാം ഭാഗം*





ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

# എന്തിനു കിഴക്കോട്ടു തിരിയണം?

**7. കിഴക്കോട്ടുതിരിയുക**

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ജനാഭിമുഖക്കുർബാന ലത്തീൻസഭയിൽ നിലവിൽവന്നു. എന്നാൽ, കർത്താവിലേക്കു തിരിഞ്ഞു കുർബാന ചൊല്ലുന്നതിന്റെ സാംഗത്യത്തെക്കുറിച്ചു 'ലിറ്റർജിയുടെ ചൈതന്യം' എന്ന ഗ്രന്ഥത്തിൽ റാറ്റ്സിങ്ങർ (ബനഡിക്റ്റ് പാപ്പാ) വിശദമായി ചർച്ചചെയ്യുന്നു. കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർഥിക്കുകയെന്നത് എല്ലാ ക്രിസ്തീയദൈവാരാധനയുടെയും പാരമ്പര്യവും സവിശേഷതയുമാണ്. ദൈവാലയം പടിഞ്ഞാറോട്ടു ദർശനമായി പണിയണമെന്നും ബലിപീഠം ദൈവാലയത്തിന്റെ കിഴക്കുവശത്തായിരിക്കണമെന്നുമുള്ള പ്രസിദ്ധ ആരാധനക്രമപണ്ഡിതനായ ലൂയി ബൂയേറിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്.

കിഴക്കിനഭിമുഖമായി പ്രാർഥിക്കുന്നതിനും ബലിയർപ്പിക്കുന്നതിനും ഉപോദ്ബലകമായ പ്രപഞ്ചശാസ്ത്രപരവും ക്രിസ്തുവിജ്ഞാനീയപരവും യുഗാന്ത്യോന്മുഖപരവുമായ പല കാരണങ്ങളും സൂചനകളും റാറ്റ്സിങ്ങർ ചൂണ്ടിക്കാണിക്കുന്നു.

1. യഹൂദർ ജറുസലേമിനെ നോക്കിയാണു പ്രാർഥിച്ചിരുന്നത്. താൽമുദ് (ബറക്കോത് 30) പറയുന്നു: പരദേശത്തായിരിക്കുന്ന യഹൂദർ ഇസ്രായേലിലേക്കു തിരിഞ്ഞും ഇസ്രായേലിലായിരിക്കുന്നവർ ജറുസലേമിലേക്കു തിരിഞ്ഞും ജറുസലേമിലായിരിക്കുന്നവർ ദൈവാലയത്തിലേക്കു തിരിഞ്ഞും ദൈവാലയത്തിലായിരിക്കുന്നവർ അതിവിശുദ്ധസ്ഥലത്തേക്കു തിരിഞ്ഞും പ്രാർഥിക്കുന്നു.

2. കർത്താവിന്റെ ദ്വിതീയാഗമനം പാർത്തിരിക്കുന്നതുകൊണ്ടാണ്, നാം കിഴക്കോട്ട് അഭിമുഖമായി നിന്നു പ്രാർഥിക്കുന്നത്. തീർഥാടകസമൂഹമായ സഭ യുഗാന്തത്തിൽ ആഗതനാകുന്ന മിശിഹായെ പ്രതീക്ഷിച്ചിരിക്കുന്നതിനാൽ പ്രാർഥനകളെല്ലാം കിഴക്കോട്ടു തിരിഞ്ഞാണു ചൊല്ലിയിരുന്നത്. യഥാർഥ ആരാധനയ്ക്കുള്ള നമ്മുടെ ഒരുക്കത്തിന്റെ അടയാളമായി കിഴക്കോട്ടു തിരിയുന്നതിനെ നാം മനസ്സിലാക്കണം. തങ്ങൾ ഒരുമിച്ച് കർത്താവിലേക്കുള്ള യാത്രയിലാണെന്ന ചിന്തയോടെ ജനവും കാർമികനും കിഴക്കോട്ടുനോക്കി പ്രാർഥിക്കണമെന്ന ജെ. എ. യുങ്മാന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനംവരെ (മത്താ. 24:27) തീർഥാടകസമൂഹത്തെ പ്രാർഥനയിലൂടെയും ആരാധനയിലൂടെയും നയിക്കുകയെന്നതാണ് കാർമികന്റെ കടമ.

3. പിതാവായ ദൈവത്തിനു പുത്രനായ മിശിഹാ ബലിയർപ്പിക്കുന്ന സമയമാണ് അനാഫൊറ. മിശിഹായുടെ സ്ഥാനത്തുനിന്നുകൊണ്ട് (in persona Christi capitis) പുരോഹിതൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പിതാവായ ദൈവത്തിനു രക്തരഹിതമായ ബലിയർപ്പിക്കുന്നു. ഈ സമയത്ത് കാർമികനും ജനങ്ങളും കേവലം പരസ്പരം മുഖാഭിമുഖമായി അടഞ്ഞ വൃത്താകൃതിയിൽ നില്ക്കുന്നതിലുപരി എല്ലാവരും സ്വർഗോന്മുഖമായി ആയിരിക്കുന്നതാണ് കൂടുതൽ അർഥപൂർണമെന്നു ബനഡിക്റ്റ് പാപ്പാ ചൂണ്ടിക്കാണിക്കുന്നു.

4. അന്ത്യത്താഴവേളയിൽ ദിവ്യകാരുണ്യത്തിന്റെ വിശ്വാസ ഉള്ളടക്കം (dogmatic content) രൂപപ്പെട്ടുവെങ്കിലും ആരാധനക്രമരൂപം വികസിച്ചിരുന്നില്ല. മറ്റൊരുവാക്കിൽ, കുർബാനയെന്നത്, അന്ത്യത്താഴത്തിന്റെ പുനരാവിഷ്കരണമെന്നതിലുപരി, കുരിശിലെ ബലിയുടെ അനുസ്മരണമാണ്.

> **കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർഥിക്കുകയെന്നത് എല്ലാ ക്രിസ്തീയദൈവാരാധനയുടെയും പാരമ്പര്യവും സവിശേഷതയുമാണ്. തങ്ങൾ ഒരുമിച്ച് കർത്താവിലേക്കുള്ള യാത്രയിലാണെന്ന ചിന്തയോടെ ജനവും കാർമികനും കിഴക്കോട്ടുനോക്കി പ്രാർഥിക്കണമെന്ന ജെ. എ. യുങ്മാന്റെ വാക്കുകൾ പ്രസക്തമാണ്. ബലിയർപ്പണസമയത്ത് കാർമികനും ജനങ്ങളും കേവലം പരസ്പരം മുഖാഭിമുഖമായി അടഞ്ഞ വൃത്താകൃതിയിൽ നില്ക്കുന്നതിലുപരി എല്ലാവരും സ്വർഗോന്മുഖമായി ആയിരിക്കുന്നതാണ് കൂടുതൽ അർഥപൂർണമെന്നു ബനഡിക്റ്റ് പാപ്പാ ചൂണ്ടിക്കാണിക്കുന്നു.**

അന്ത്യത്താഴമെന്നത് കുരിശിലെ ബലിയുടെ കൗദാശിക അടയാളങ്ങളിലൂടെയുള്ള ഒരു മുൻരൂപമാണ്. ഈ ദൈവശാസ്ത്രചിന്തയിലൂടെ കുർബാനയുടെ ബലിപരമായ മാനം ഉയർത്തിക്കാണിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. തന്മൂലം, കിഴക്കോട്ടുതിരിഞ്ഞു ബലിയർപ്പിക്കുന്നത് കൂടുതൽ അർഥപൂർണവുമാണെന്ന് ബെനഡിക്റ്റ് പാപ്പാ വിലയിരുത്തുന്നു.

(തുടരും)

## ആഴ്ചമൊഴി



കുട്ടികൾ കവിത മനഃപാഠം പഠിച്ചാൽ ഒരു തെറ്റുമില്ല. എഴുപതുവർഷം മുമ്പു പഠിച്ച കവിതകൾ എനിക്കിന്നും ഓർമയുണ്ട്. ഭാരതിയാരുടെ നാലുവരി അറിയാത്ത ഒരു കുട്ടി തമിഴ്നാട്ടിലുണ്ടാകുമോ? ടാഗോറിന്റെ നാലുവരി അറിയാത്ത കുട്ടി ബംഗാളിലുണ്ടാകുമോ? എന്നാൽ, ആശാന്റെയും ഉള്ളൂരിന്റെയും വള്ളത്തോളിന്റെയുമൊക്കെ കവിതകൾ നമ്മുടെ കുട്ടികൾക്ക് അറിയില്ല.

**– എം. ടി. വാസുദേവൻനായർ**



തൃശൂർപൂരത്തിനു നടുവിൽ നിൽക്കുമ്പോൾ ചുറ്റും ആൾക്കാരാണ്. പക്ഷേ, അവനവന്റേതെന്നു പറയാൻ എത്ര പേരുണ്ടാവും! സമൂഹമാധ്യമങ്ങളിലെ സൗഹൃദം ഇത്തരത്തിലുള്ളതാണെന്നു തോന്നിയിട്ടുണ്ട്. ഫോളോവേഴ്സ് കൂടുന്നതു ശരിക്കും ഭാരമാണ്. അവർക്കിഷ്ടപ്പെട്ട രീതിയിൽ നമ്മളെ മാറ്റുകയാണു ചെയ്യുന്നത്. അല്ലാതെ നമ്മൾ നമ്മളായിത്തന്നെ നിൽക്കുകയും അവർ ഇഷ്ടപ്പെടുകയും ചെയ്യുകയല്ല. നേരിട്ടുള്ള സുഹൃദ്ബന്ധത്തിന് ആ ബാധ്യതയില്ല. അവന് നമ്മുടെ നല്ലതും ചീത്തയും അറിയാം. എന്നിട്ടും കൂടെ നിൽക്കാൻ തീരുമാനിക്കുന്നു. യാഥാർഥ്യത്തിന്റെ മനോഹാരിത അതിനുണ്ടെന്നു തന്നെയാണു വിശ്വാസം.

**– സി. രാധാകൃഷ്ണൻ**

# യുക്രെയ്ൻ യുദ്ധം രണ്ടാം വർഷത്തിലേക്ക്

## മൂന്നാം ലോകമഹായുദ്ധത്തിലേക്ക് വഴിതുറക്കുമോ?



തോമസ് കുഴിഞ്ഞാലിൽ



"ഈ യുദ്ധം ഇവിടംകൊണ്ട് അവസാനിക്കുന്നില്ല, ഇത് ജയിക്കാൻവേണ്ടിയുള്ള യുദ്ധമാണ്. യുക്രെയ്നിൽ നമ്മൾ ജയിക്കുക തന്നെ ചെയ്യും. ഇവിടെ ജയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ലോകവും നശിപ്പിച്ചേ അടങ്ങൂ.'' റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇപ്രകാരം തന്നോടു പറഞ്ഞതായി പ്രമുഖ റഷ്യൻ തത്ത്വശാസ്ത്രജ്ഞനും 'പുടിന്റെ തലച്ചോർ' എന്നു വിശേഷിപ്പിക്കപ്പെടുന്ന വ്യക്തിയുമായ അലക്സാണ്ടർ ഡുഗിൻ.

'പ്രത്യേക സൈനികനടപടി'യുമായി കഴിഞ്ഞ വർഷം ഫെബ്രുവരി 24 ന് യുക്രെയ്നിലേക്കു പട്ടാളത്തെ അയയ്ക്കും മുമ്പ് അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ബോറിസ് ജോൺസനെ പുടിൻ ഭീഷണിപ്പെടുത്തിയിരുന്നതായി ബി ബി സി പുറത്തിറക്കിയ പുതിയ ഡോക്യുമെന്ററിയിലൂടെ വെളിപ്പെടുത്തിയതും ഡുഗിന്റെ പ്രസ്താവനയോടു ചേർത്തു വായിക്കണം: "നിങ്ങളെ ഉപദ്രവിക്കണമെന്ന് എനിക്ക് ഒട്ടും ആഗ്രഹമില്ല. എന്നാൽ, മിസൈൽ അയച്ച് എല്ലാം നശിപ്പിക്കാൻ ഒരു മിനിറ്റു മാത്രം മതിയെന്നറിയാമല്ലോ?"

"ഞങ്ങൾ സത്യത്തോടൊപ്പം നില്ക്കുന്നവരും സ്വാതന്ത്ര്യം കാംക്ഷിക്കുന്നവരുമാണ്. ആ സ്വാതന്ത്ര്യത്തിലേക്കു പറന്നുയരാൻ ഞങ്ങൾക്കു ചിറകുകൾ വേണം. ഞങ്ങൾക്കുള്ള യുദ്ധവിമാനങ്ങളുടെ ദൗർലഭ്യം നിങ്ങൾ പരിഹരിക്കണം. യുദ്ധം ജയിക്കണമെങ്കിൽ ധാർമികതയും ഇച്ഛാശക്തിയുംമാത്രം മതിയാകില്ല. ശത്രുവിനെ കീഴടക്കാൻ ആയുധങ്ങളും കൂടിയേ തീരൂ." യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുടെ കണ്ണീരോടെയുള്ള അഭ്യർഥനയാണിത്.

സൈനികർക്കു ധൈര്യവും ആത്മവിശ്വാസവും പകർന്നുനല്കാൻ ഇടയ്ക്കിടെ യുദ്ധമുഖത്തു പ്രത്യക്ഷപ്പെടാറുള്ള സെലെൻസ്കി, യുദ്ധം തുടങ്ങിയശേഷവും പോളണ്ടിലും ന്യൂയോർക്കിലും വാഷിംഗ്ടണിലും ലണ്ടനിലും ഏറ്റവുമൊടുവിൽ യൂറോപ്യൻ യൂണിയൻ ആസ്ഥാനമായ ബ്രസ്സൽസിലും സന്ദർശനത്തിനെത്തി ഓരോ രാഷ്ട്രത്തലവന്മാരോടും ആയുധങ്ങൾക്കുവേണ്ടി സഹായം അഭ്യർഥിക്കുകയായിരുന്നു. യുക്രെയ്ൻ അധിനിവേശത്തിന്റെ ഒന്നാം വാർഷികം അടുത്തെത്തുമ്പോൾ പതിന്മടങ്ങു ശക്തിയോടെയുള്ള ഒരാക്രമണത്തിന് റഷ്യ ഒരുങ്ങുന്നുവെന്ന രഹസ്യാന്വേഷണറിപ്പോർട്ടുകളാണ് കൂടുതൽ ആയുധങ്ങൾ സംഭരിക്കാൻ സെലെൻസ്കിയെ പ്രേരിപ്പിക്കുന്നത്. ഏതാണ്ട് 50 ഓളം രാജ്യങ്ങൾ ആയുധങ്ങളും യുദ്ധവിമാനങ്ങളും ടാങ്കറുകളും മിസൈലുകളും വെടിക്കോപ്പുകളും വാഗ്ദാനം ചെയ്തുകഴിഞ്ഞുവെന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

ഒന്നാം ലോകമഹായുദ്ധത്തിൽപ്പോലും 30 രാജ്യങ്ങളേ യുദ്ധരംഗത്തുണ്ടായിരുന്നുള്ളൂവെന്നറിയുമ്പോൾ ഇപ്പോഴത്തെ സാഹചര്യങ്ങൾ വലിയ ഉത്കണ്ഠയോടെയേ വീക്ഷിക്കാനാകൂ. കീവിൽനിന്നും ഖെർസനിൽനിന്നും ഒഡേസയിൽനിന്നും ഖാർക്കീവിൽനിന്നുമെല്ലാം നാണംകെട്ടു പിന്മാറിയതിന്റെ ജാള്യം മറയ്ക്കാൻ പുടിൻ ശ്രമിച്ചേക്കുമെന്നും സെലെൻസ്കി ആശങ്കപ്പെടുന്നുണ്ട്.

### ആയുധക്കച്ചവടം തകൃതി

റഷ്യ-യുക്രെയ്ൻ യുദ്ധം മറ്റൊരു മഹായുദ്ധത്തിന്റെ പടിവാതില്ക്കലെത്തിയെന്നു തിരിച്ചറിഞ്ഞിട്ടും രണ്ടു രാജ്യങ്ങളും തമ്മിലുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനുള്ള നയതന്ത്രനീക്കങ്ങൾ ഒരിടത്തുനിന്നും





ഉണ്ടാകുന്നില്ലെന്നതു ഖേദകരമാണ്. സമാധാനപരിശ്രമങ്ങൾക്ക് ഒരു നേതാവോ ഏതെങ്കിലും ഭരണനേതൃത്വമോ മുൻപോട്ടു വരുന്നില്ലെന്നു മാത്രമല്ല, വില്ക്കാവുന്നത്ര ആയുധങ്ങൾ യുക്രെയ്നു നൽകിക്കൊണ്ട് കൂടുതൽ സംഘർഷങ്ങളിലേക്കു നയിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ആയുധങ്ങളുൾപ്പെടെ 220 ദശലക്ഷം ഡോളറിന്റെ (ഏകദേശം 17,600 കോടി രൂപ) സഹായമാണ് യു എസിന്റെ വാഗ്ദാനം. നേരത്തേ നൽകിയ 2720 ദശലക്ഷം ഡോളർ (ഏകദേശം 2,17,600 കോടി രൂപ) സഹായത്തിനു പുറമേയാണിത്. യുദ്ധോപകരണങ്ങളും 31 അബ്രാംസ് ടാങ്കുകളും, എഫ് 16 യുദ്ധവിമാനങ്ങളും, പേട്രിയറ്റ് മിസൈൽ സംവിധാനങ്ങളും യുക്രെയ്നിലേക്ക് അയച്ചുകഴിഞ്ഞതായി റിപ്പോർട്ടുകളുണ്ട്. 14 മിസൈൽവേധ 'ചലഞ്ചർ 2' ടാങ്കുകളാണ് ബ്രിട്ടനിൽനിന്ന് യുക്രെയ്നിലെത്തിച്ചത്. കഴിഞ്ഞ ആറു മാസത്തിനിടെ 10,000 യുക്രെയ്ൻ സൈനികർക്ക് ആധുനികയുദ്ധോപകരണങ്ങളിൽ പരിശീലനം നൽകിയതായും യു കെ യുടെ വിദേശകാര്യമന്ത്രാലയം അറിയിച്ചു. പോളണ്ട്, ഫ്രാൻസ്, ഇറ്റലി, സ്പെയ്ൻ തുടങ്ങിയ നാറ്റോ അംഗരാജ്യങ്ങളും യുദ്ധമേഖലയിലേക്ക് ആയുധങ്ങൾ എത്തിച്ചുകൊണ്ടിരിക്കുന്നു. യുക്രെയ്നിലേക്ക് ആയുധങ്ങൾ കൊണ്ടുവരുന്ന കപ്പലുകളും ചരക്കുവിമാനങ്ങളും മാത്രമല്ല, വിമാനത്താവളങ്ങളും തുറമുഖങ്ങളും സൈനികത്താവളങ്ങളും പരിശീലനകേന്ദ്രങ്ങളുമെല്ലാം ബോംബുകളിട്ടു തകർക്കുമെന്ന പുടിന്റെ ഭീഷണി നിലനില്ക്കുമ്പോഴാണ് ഇത്രയും വലിയ സൈനികസന്നാഹം നടക്കുന്നത്. യുക്രെയ്ന് ആയുധങ്ങൾ നല്കുന്ന സഖ്യരാജ്യങ്ങളിലേക്ക് ന്യൂക്ലിയർ മിസൈലുകളയയ്ക്കാൻപോലും മടിച്ചേക്കില്ലെന്ന് പുടിൻ ബോറിസ് ജോൺസണു നല്കിയ മുന്നറിയിപ്പും ഭയം ജനിപ്പിക്കുന്നുണ്ട്.

### 'പുള്ളിപ്പുലികൾ' എത്തുമ്പോൾ തീപാറും

റഷ്യയുടെമേലുള്ള യുക്രെയ്ന്റെ ജയം ഉറപ്പാക്കുമെന്നു കരുതപ്പെടുന്ന ജർമൻ നിർമിത 'Leopard 2' ടാങ്കുകൾ യുദ്ധമുഖത്തേക്കെത്തുന്നതോടെ സംഘർഷം പുതിയൊരു ഘട്ടത്തിലേക്കു പ്രവേശിക്കും. അപ്രതിരോധ്യം എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഇത്തരം ടാങ്കുകൾ സഖ്യകക്ഷികളിൽ പലർക്കും നൽകിയിട്ടുണ്ടെങ്കിലും യുക്രെയ്നിലേക്കയയ്ക്കുന്നതിൽ ജർമൻ ഭരണാധികാരികൾ വിമുഖരായിരുന്നു. തങ്ങളുടെ അനുവാദമില്ലാതെ മറ്റൊരു രാജ്യത്തിന് ഇവ കൈമാററരുതെന്ന നിബന്ധനയുമുണ്ട്. എന്നാൽ, യു എസിന്റെയും മറ്റു നാറ്റോ അംഗരാജ്യങ്ങളുടെയും സമ്മർദത്തിനു വഴങ്ങിയ ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് കഴിഞ്ഞ മാസം 25-ാം തീയതി Leopard 2 ന്റെ കൈമാറ്റത്തിന് ഉത്തരവിടുകയായിരുന്നു. ജർമനിയുടെ ഈ തീരുമാനത്തോടെ സഖ്യകക്ഷികളുടെ കൈവശമിരിക്കുന്ന ടാങ്കുകളും യുക്രെയ്നിലേക്കു കയറ്റിയയ്ക്കാനുള്ള അനുമതിയും നൽകി. ജർമനിയിൽനിന്ന് 14 ഉം സ്പെയിനിൽനിന്നും പോളണ്ടിൽനിന്നുമുള്ള ഏതാനും ടാങ്കുകളും യുക്രെയ്നിലെത്തും. പോളണ്ടിന്റെ കൈവശം 300 ഉം നാറ്റോയിലെ മറ്റൊരംഗരാജ്യമായ തുർക്കിയിൽ 290 ഉം ലെപർഡ് 2 ടാങ്കുകളുണ്ട്. നാറ്റോ അംഗത്വത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്ന ഫിൻലൻഡിന്റെ കൈവശം 200 എണ്ണവുമുണ്ട്.


യൂറോപ്പിലെ ഏറ്റവും സമ്പന്നവും സൈനികശക്തിയിൽ ഒന്നാംസ്ഥാനക്കാരുമായ ജർമനി 1970 കളിലാണ് ലെപർഡ് 2 ന് രൂപം നല്കുന്നത്. യുക്രെയ്ൻ ഇപ്പോൾ ഉപയോഗിക്കുന്ന റഷ്യൻ നിർമിത ടി 72, ടി 90 ടാങ്കുകളേക്കാൾ വേഗത്തിൽ സഞ്ചരിക്കാനും ശത്രുമിസൈലുകളെ കൃത്യതയോടെ തകർത്തുകളയാനും ലെപർഡ് 2-ൽനിന്നയയ്ക്കുന്ന മിസൈലുകൾക്കു കഴിയും. മണിക്കൂറിൽ 70 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്ന ഒരു ടാങ്കിൽനിന്നു വിക്ഷേപിക്കുന്ന മിസൈലുകൾക്ക് 500 കിലോമീറ്റർ ദൂരംവരെ സഞ്ചരിക്കാനാകും. അർധരാത്രിയിൽപ്പോലും എത്ര വിദൂരതയിലുള്ള ശത്രുമിസൈലുകളെയും ലേസർ റേഞ്ച് ഫൈൻഡർവഴി കണ്ടെത്താനും ആകാശത്തുവച്ചുതന്നെ നശിപ്പിക്കാനും കഴിവുണ്ട്. യുക്രെയ്ൻ സൈനികർക്ക് പരിചിതമല്ലാത്ത Leopard 2 ടാങ്കുകളുടെ പരിശീലനത്തിന് മാസങ്ങൾ വേണ്ടിവരുമെന്നത് റഷ്യയ്ക്ക് അനുകൂലമായ ഘടകമാണ്. 1,000 ടി 90 ടാങ്കുകളുള്ള റഷ്യയ്ക്ക് ഈ ഇടവേളയ്ക്കിടയിൽ കൂടുതൽ പ്രദേശങ്ങൾ പിടിച്ചെടുക്കാൻ അവസരം ഒരുങ്ങുമെന്ന് നിരീക്ഷിക്കുന്നവരുണ്ട്. ഒരു Leopard 2 ടാങ്കിന് 11 ദശലക്ഷം യു എസ് ഡോളറാണ് വില (ഏകദേശം 8.80 കോടി രൂപ).

ഇതിനിടെ, യുക്രെയ്ൻ അധിനിവേശത്തിന്റെ ഒന്നാം വാർഷികം 'ആഘോഷ'മാക്കി മാറ്റാൻ റഷ്യ തുടക്കമിട്ടതായി വാർത്തയുണ്ട്. യുക്രെയ്ൻ ആസ്ഥാനമായ കീവിലും ഡോൺബാസ് മേഖലയിലെ ഡോണറ്റ്സ്ക്, ലുഹാൻസ്ക് പ്രവിശ്യകളിലുള്ള വ്യവസായശാലകൾക്കുനേരെയും ശക്തമായ ബോംബാക്രമണങ്ങളാണ് ഇക്കഴിഞ്ഞ വെള്ളിയാഴ്ച പുലർച്ചെ നടത്തിയത്. യുദ്ധവിമാനങ്ങളിലും ഡ്രോണുകളിലും നിന്നുള്ള റോക്കറ്റുകൾ വ്യാപകനാശം വിതച്ചപ്പോൾ സ്ത്രീകളും കുട്ടികളും അടക്കമുള്ള ജനങ്ങൾ ഭൂഗർഭറെയിൽവേയുടെ സ്റ്റേഷനുകളിലും ടണലുകളിലും അഭയം തേടുന്ന ചിത്രങ്ങളും പുറത്തുവരുന്നുണ്ട്. അതോടൊപ്പം, അയൽരാജ്യമായ മൊൾഡോവയ്ക്കു കുറുകെ ഒരു മിസൈൽ അമിതവേഗത്തിൽ കടന്നുപോകുന്നതായി കണ്ടുവെന്ന് മൊൾഡോവയുടെ വിദേശകാര്യമന്ത്രാലയം സ്ഥിരീകരിച്ചു. ഈ നടപടിയിൽ പ്രകോപിതരായ മൊൾഡോവ, അവിടേക്കുള്ള റഷ്യൻ അംബാസിഡറെ വിളിച്ചുവരുത്തി വിശദീകരണം ആവശ്യപ്പെട്ടതായും അറിയുന്നു. മറ്റൊരു അയൽരാജ്യവും നാറ്റോ അംഗവുമായ റൊമേനിയയുടെ ആകാശാതിർത്തിയിലൂടെ ഒരു മിസൈൽ കടന്നുപോയി എന്ന് റൊമേനിയൻ പ്രതിരോധമന്ത്രാലയം വെളിപ്പെടുത്തിയതും യുദ്ധം യുക്രെയ്ൻ അതിർത്തി കടക്കുന്നുവെന്നതിന്റെ സൂചനയാണ്.

രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ശക്തമായി ഇടപെടേണ്ട ഐക്യരാഷ്ട്രസംഘടന നിഷ്ക്രിയമായി തുടരുന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്. ഏതാനും മാസങ്ങൾക്കുമുമ്പ് യുക്രെയ്ൻ സന്ദർശിച്ചുമടങ്ങിയ യു എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസും മൗനവ്രതത്തിലാണ്. അടിയന്തരസാഹചര്യങ്ങളിൽ ഒത്തുചേരേണ്ട ഐക്യരാഷ്ട്രസഭാസുരക്ഷാ കൗൺസിലും വിളിച്ചുചേർക്കുന്നില്ല. ചൈന, ഫ്രാൻസ്, റഷ്യ, യു കെ, യു എസ്, തുടങ്ങിയ സെക്യൂരിറ്റികൗൺസിലെ 5 അംഗങ്ങൾക്കും വീറ്റോ പവർ ഉള്ളതാണ് പ്രധാന തടസ്സം. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം 1920 ൽ രൂപീകരിച്ച ലീഗ് ഓഫ് നേഷൻസും രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 1945 ൽ ജന്മംകൊണ്ട ഐക്യരാഷ്ട്രസഭയും വൻശക്തിരാഷ്ട്രങ്ങളുടെ കിടമത്സരങ്ങളിൽ നിഷ്പ്രഭമാകുന്നതും ചരിത്രനിയോഗമാകാം.

■

# അവസാനത്തെ മോഷണം



സി.എൽ. ജോസ്

**ര**ണ്ടു ദിവസം സ്ഥലത്തുണ്ടായിരുന്നില്ല ആ വീട്ടുകാർ. കുടുംബസമേതം ഒരു വിനോദയാത്രയ്ക്കു പോയിരിക്കുകയായിരുന്നു. തങ്കച്ചനും ഭാര്യയും അവരുടെ വിവാഹത്തിന്റെ പത്താംവാർഷികം ആഘോഷിച്ചത് അങ്ങനെയാണ്. ഓമനകളായ രണ്ടു മക്കളോടൊത്ത് ആ ദമ്പതികൾ ചെലവഴിച്ച രണ്ടു ദിവസം ആഹ്ലാദഭരിതവും സന്തോഷസമൃദ്ധവുമായിരുന്നു.

ഉത്തമമാതൃകയായി മറ്റുള്ളവർ ചൂണ്ടിക്കാണിക്കുക തങ്കച്ചന്റെ കുടുംബത്തെയാണ്. ശാന്തിയും സമാധാനവും കൂടുകെട്ടി വസിക്കുന്ന കുടുംബം. സ്നേഹവും വിശ്വാസവും പൂത്തുവിരിയുന്ന അന്തരീക്ഷം. ഭക്തിയും പ്രാർഥനയും അവിടെ സുഗന്ധം പരത്തുന്നു.

ദശവാർഷികാഘോഷം അവിസ്മരണീയമാക്കി തങ്കച്ചനും കുടുംബവും തിരിച്ചുവന്നു. വീടിന്റെ മുറ്റത്തെത്തിയപ്പോൾ തങ്കച്ചൻ നടുങ്ങിപ്പോയി.

വാതിലുകളും ജനാലകളും ഭദ്രമായി അടച്ചുപൂട്ടി പോയതാണ്. ജനാല ആരോ തുറന്നിരിക്കുന്നു. ബലം പ്രയോഗിച്ചു കുത്തിത്തുറന്നിരിക്കുകയാണ്. കമ്പികൾ നന്നായി വളച്ച് ഒരാൾക്കു കടക്കാനുള്ള പഴുതുണ്ടാക്കിയിട്ടുണ്ട്. ഭാര്യയും മക്കളും സ്തംഭിച്ചുനിന്നു. അവർ കരയാൻ തുടങ്ങി.

തങ്കച്ചൻ ഉടനെ വീടുതുറന്ന് പരിഭ്രാന്തിയോടെ പരിശോധന ആരംഭിച്ചു. ഭാര്യയും മക്കളും തീപിടിച്ച മനസ്സോടെ ഓരോ മുറിയിലേക്കോടി. തങ്കച്ചൻ പോയത് പണവും വിലപ്പെട്ട രേഖകളും സൂക്ഷിച്ചിരിക്കുന്ന മുറിയിലേക്ക്. ഭാര്യ ആഭരണങ്ങളുള്ള അലമാരിയുടെ അടുത്തേക്ക്. മക്കൾ അവരുടെ ഇഷ്ടവസ്തുക്കളും സമ്മാനങ്ങളും വച്ചിരിക്കുന്ന സ്ഥലത്തേക്ക്.

നോക്കിയപ്പോൾ സേഫ് തുറന്നിട്ടില്ല. കള്ളനു തുറക്കാൻ കഴിഞ്ഞിട്ടില്ല. ഓ! ദൈവം രക്ഷിച്ചു. തങ്കച്ചന് ആശ്വാസത്തിന്റെ നെടുവീർപ്പ്. ഉടനെ തങ്കച്ചൻ മറ്റൊരു മുറിയിലേക്കു കടന്നു. അപ്പോൾ അതാ മേശപ്പുറത്ത് ഒരു എഴുത്തിരിക്കുന്നു. തങ്കച്ചന്റെ നെഞ്ചിടിപ്പു വർദ്ധിച്ചു. പിടയ്ക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന കൈകളോടുംകൂടി അതെടുത്തുനോക്കി. അതിലിങ്ങനെ കുറിച്ചിരിക്കുന്നു:

"പ്രിയ സാർ,

നിങ്ങളുടെ വീടിനുള്ളിൽ കയറാൻ ഞാൻ ഒരുപാടു ശ്രമം നടത്തി. എല്ലാം പരാജയപ്പെട്ടു. ഒടുവിൽ വളരെ ക്ലേശിച്ചാണ് ജനാല തുറക്കാൻ കഴിഞ്ഞത്. അതു കേടുവരുത്തിയിട്ടാണെങ്കിലും എനിക്കു കടക്കാനുള്ള പഴുതുണ്ടാക്കി. ജീവിക്കാൻവേണ്ടി തെറ്റായ മാർഗത്തിലൂടെ സഞ്ചരിക്കുന്നവനാണു ഞാൻ. എനിക്കു പണമാണാവശ്യം. സേഫ് കിടക്കുന്ന മുറിയെന്നു കരുതി ഞാൻ പ്രവേശിച്ചത് നിങ്ങളുടെ പ്രാർഥനാമുറിയിലേക്കാണ്.

"പെട്ടെന്ന് എന്റെ കണ്ണുകൾ ആ ചുമരിലെ ഒരു ചിത്രത്തിൽ പതിഞ്ഞു. ഉണ്ണിയെയും പിടിച്ചുനിൽക്കുന്ന അമ്മയുടെ മനോഹരചിത്രം. സുന്ദരിയായ അമ്മ. സ്നേഹം വഴിഞ്ഞൊഴുകുന്ന പുഞ്ചിരിക്കുന്ന മുഖം. ഓമനത്തമുള്ള ഉണ്ണി.



"ഞാൻ കുഞ്ഞായിരിക്കുമ്പോൾ ഇതേമാതിരി ഒരു ചിത്രമാണ് എന്റെ അമ്മയുടെ മുറിയിലുണ്ടായിരുന്നത്. അമ്മ അതു നോക്കി പ്രാർഥിക്കുമായിരുന്നു. അമ്മ എന്നും എന്നോടു പറയാറുണ്ടായിരുന്നു. "നന്മ ചെയ്യണം. നല്ല മാർഗത്തിൽ ജീവിക്കണം..."

"എനിക്കു മൂന്നു വയസ്സുള്ളപ്പോൾ എന്റെ പിതാവ് മരിച്ചു. പിന്നെ അമ്മ ജീവിച്ചതും കഷ്ടപ്പെട്ടതും എനിക്കുവേണ്ടിയാണ്. ആറാംക്ലാസിൽ പഠിക്കുന്ന ഞാൻ ഒരു ദിവസം സ്കൂൾ വിട്ടുവരുമ്പോൾ, എന്റെ വീടിന് തീ പിടിച്ചിരിക്കുന്നുവെന്ന് ആരോ പറഞ്ഞു. കേട്ടപാടെ വ്യസനംപൂണ്ട് ഓടിപ്പാഞ്ഞെത്തിയപ്പോൾ എല്ലാം കത്തിച്ചാമ്പലായിരിക്കുന്നു. എന്റെ പ്രിയപ്പെട്ട അമ്മയും അമ്മയുടെ പ്രിയപ്പെട്ട ആ ചിത്രവും എല്ലാം പോയി. വാവിട്ടു കരയാനേ എനിക്കു കഴിഞ്ഞുള്ളൂ.

"ഞാൻ അനാഥനായി. ആരും സ്നേഹം തന്നില്ല. ആർക്കും എന്നെ വേണ്ട. തെറ്റിലൂടെ ഞാൻ വളർന്നു. കടത്തിണ്ണകളിൽ കഴിഞ്ഞുകൂടി. മോഷണം തൊഴിലായി സ്വീകരിച്ചു. എങ്ങനെയൊക്കെയോ ഇതുവരെ ജീവിച്ചു.

"സാർ, എന്റെ അമ്മയുടെ കിടപ്പുമുറിയിലെ അതേ ചിത്രം - ഞാനതിനെ വീണ്ടും വീണ്ടും നോക്കി. ആ അമ്മയും എന്റെ അമ്മയും എന്നോട് എന്തൊക്കെയോ പറയുന്നതുപോലെ തോന്നി. കുറച്ചുനേരം ആ ചിത്രത്തിൽത്തന്നെ ഉറ്റുനോക്കിയിരുന്നു. അതിൽനിന്ന് ഒരു പ്രകാശം വരുന്നതുപോലെ. അത് എന്റെ ആത്മാവിലേക്കു കടക്കുന്നുവോ? അതെന്നെ കീഴ്പ്പെടുത്തിയോ? ഞാൻ... ഞാനല്ലാതായോ? അറിഞ്ഞുകൂടാ.

"ഞാനീ നിമിഷത്തിൽ, നിങ്ങളുടെ പ്രാർഥനാമുറയിലിരുന്നുകൊണ്ട് ഒരു തീരുമാനമെടുക്കുന്നു. ഇനിയുള്ള എന്റെ യാത്ര നേരായ മാർഗത്തിലൂടെയാണ്. മോഷ്ടിക്കാൻ കയറിയ ഞാൻ ഈ നിമിഷംമുതൽ മോഷ്ടാവല്ലാതായിത്തീരുകയാണ്. നിങ്ങൾ പരിഭ്രമിക്കേണ്ടാ. നിങ്ങളുടെ വീട്ടിൽ നിന്നു യാതൊരു സാധനവും ഞാൻ മോഷ്ടിച്ചിട്ടില്ല.

"തെറ്റാണെങ്കിലും ഒരു സംഗതി ഞാൻ ചെയ്യുന്നുണ്ട്. ചുമരിലെ ആ ചിത്രം ഞാൻ കൊണ്ടുപോകുന്നു. അതുമാത്രം. ഈ മോഷ്ടാവിന്റെ അവസാനത്തെ മോഷണം. എന്നോടു ക്ഷമിക്കുക.

ഒരു സുഹൃത്ത്."

■

# ഈശോ FROM THE BIBLE 42



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## നഗ്നത

**ദാ**സന്റെ വേഷം ധരിച്ചു വിവസ്ത്രരെ ഉടുപ്പിക്കാൻ വന്നവന്റെ ദിവ്യവസ്ത്രം പകയുടെ ദാഹം പൂണ്ട വൈരികൾ നിർദയം ഉരിഞ്ഞെടുത്തു. മനുഷ്യനു ചെയ്യാവുന്ന മ്ലേച്ഛതയുടെ മൂർധന്യഭാവം! ഭിക്ഷുവിന്റെപോലും ഭാണ്ഡത്തിൽ ഒന്നിലധികം ഉടുപ്പുകളുണ്ടായിരുന്ന ഭൂമിയിൽ സർവതിന്റെയും ഉടയോനായവനു താൻ തറയ്ക്കപ്പെടാൻ പോകുന്ന തടിക്കുരിശിനു ചാരെ ഒരു വേള ഉടുവസ്ത്രമില്ലാതെ നില്ക്കേണ്ടിവന്നു. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നായ വസ്ത്രംപോലും ആ ദുഷ്ടഹൃദയർ അവനു നിഷേധിച്ചു. അവനെ ഉടുപ്പിക്കാൻ അവിടെ ആരുമില്ലായിരുന്നു. എന്നാൽ, ഉരിഞ്ഞുമാറ്റപ്പെട്ട അവന്റെ വസ്ത്രങ്ങൾ വീതംവയ്ക്കാനും പുറങ്കുപ്പായത്തിനുവേണ്ടി കുറിയിടാനും കൂടുതൽ പേരുണ്ടായിരുന്നു. അവൻ നഗ്നനാക്കപ്പെട്ടത് നമ്മെ ഉടുപ്പിക്കാൻവേണ്ടിയായിരുന്നു. അന്ത്യഭോജനമായി തന്റെ മെയ്നിണങ്ങൾ പകുത്തുകൊടുത്തവൻ അന്ത്യശ്വാസത്തിനുമുമ്പ് തന്റെ വസ്ത്രങ്ങളും ഭാഗിച്ചെടുക്കാനായി വിട്ടുനല്കി. തന്റെ നഗ്നതയാൽ അവൻ നരകുലത്തിന്റെ നാണം മറച്ചു. അതേ, ലൗകികമായ ഒന്നിനോടും അവന് ആർത്തിയും അഭിനിവേശവും ഇല്ലായിരുന്നു. നശ്വരമായ സകലതിൽനിന്നും വിരക്തിയുടെ ഒരു കല്ലേറകലം അവൻ കാത്തുസൂക്ഷിച്ചിരുന്നു. വാരിക്കൂട്ടുന്നതിലല്ല, വീതിച്ചുകൊടുക്കുന്നതിലായിരുന്നു അവന്റെ തൃപ്തി മുഴുവൻ.



വസ്ത്രം മനുഷ്യന്റെ അടിസ്ഥാനാവകാശങ്ങളിൽ ഒന്നാണ്. അത് ഒരു വ്യക്തിയുടെ അഭിമാനം, അധികാരം, അന്തസ്സ് എന്നിവയുടെ അടയാളംകൂടിയാണ്. ഒരാളുടെ വസ്ത്രം ഉരിഞ്ഞുമാറ്റുക എന്നു പറയുമ്പോൾ ഇവയ്ക്കൊക്കെ ഭംഗം വരുത്തുക എന്നുകൂടി വിവക്ഷിക്കപ്പെടുന്നുണ്ട്. അങ്ങനെയാകുമ്പോൾ ആർക്കെങ്കിലുമൊക്കെ അർഹമായ അവകാശങ്ങൾ നാം നിഷേധിച്ചപ്പോഴും, ആരുടെയെങ്കിലും അന്തസ്സിനും അഭിമാനത്തിനും കളങ്കമേല്പിച്ചപ്പോഴുമൊക്കെ അവരെ നാം വിവസ്ത്രരാക്കുകയാണു ചെയ്തത്. അത്തരം പ്രവൃത്തികൾ മേലിൽ നമുക്ക് അന്യമായിരിക്കട്ടെ. ആരുടെയും മാനക്ഷയത്തിനു ഹേതുവാകാതിരിക്കാം. നമ്മുടേതല്ലാത്തതിനുവേണ്ടി നറുക്കിടാതിരിക്കാം. അതൊക്കെ ദൗർഭാഗ്യങ്ങളേ സമ്മാനിക്കൂ. ഒപ്പം, അമിതമായ വസ്ത്രഭ്രമം ഉണ്ടെങ്കിൽ ഉപേക്ഷിക്കാൻ ധൈര്യപ്പെടുക. കാലിത്തൊഴുത്തുമുതൽ കല്ലറവരെ കേവലം കച്ചത്തുണ്ടുകൊണ്ടു തൃപ്തിപ്പെട്ടവനെയാണ് നാം അനുഗമിക്കുന്നതെന്നു മറക്കരുത്. വേഷഭൂഷാദികളിൽ ആസക്തിയുള്ളവർക്കു അല്പവസ്ത്രധാരിയായവന്റെ അനുയാത്രികരാകാൻ കഴിയില്ല. വസ്ത്രത്തോടുള്ള ആസക്തിയും അതിനായുള്ള അമിതച്ചെലവും നമുക്കു ചേർന്നതല്ല. ആവശ്യത്തിലധികം ഉണ്ടായിട്ടും മതിവരാതെ ജീവിക്കുമ്പോൾ ഉടുതുണിക്കു മറുതുണിയില്ലാത്തവരുടെയുംകൂടി ലോകമാണിതെന്നും, കൈവശമുള്ള രണ്ടാമത്തെ അങ്കി ഒന്നുമില്ലാത്ത ഒരാളുടെ അവകാശമാണെന്നും ഓർക്കുന്നതു നന്ന്. പാടവരമ്പത്തെ പുല്ലിനെയും, പുഴയോരത്തെ പൂമരത്തെയും, കുന്നിനെയും, കുരുവിയെയും വരെ പുതപ്പിക്കുന്നവനെ, കുപ്പായം ചോദിക്കുന്നവർക്കു മേലങ്കികൂടി കൊടുക്കാൻ പഠിപ്പിച്ചവനെ അല്പംകൂടി ആത്മാർഥതയോടെ അനുധാവനം ചെയ്യാൻ നമുക്കു കഴിയണം. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

ഞാൻ അവർക്കുവേണ്ടി പ്രാർഥിക്കുമ്പോൾപോലും എന്റെ സ്നേഹത്തിനു പകരമായി അവർ കുറ്റാരോപണം നടത്തുന്നു.

സങ്കീർത്തനങ്ങൾ 109:4

**എഡിറ്റോറിയൽ**

# ആവർത്തിക്കപ്പെടുന്ന ആൾക്കൂട്ടവിചാരണകൾ

വിശ്വനാഥന്റേത് ആത്മഹത്യയോ അതോ ആൾക്കൂട്ടക്കൊലപാതകമോ? ഈ ചോദ്യത്തിനുമുമ്പിൽ കേരള മനസ്സാക്ഷി ലജ്ജിച്ചു തല താഴ്ത്തുകയേ നിവൃത്തിയുള്ളൂ. മനുഷ്യന്റെ ധാർമിക ബോധത്തെ പിടിച്ചുലയ്ക്കുന്നത്ര പൈശാചികവും ബീഭത്സവുമായ കിരാതകൃത്യത്തിനാണ് നമ്മുടെ നാടു സാക്ഷിയാകേണ്ടിവന്നത്.

വയനാട് കല്പറ്റ അഡ്ലൈഡ് പാറവയൽ കോളനിയിലെ ആദിവാസിയുവാവ് വിശ്വനാഥന്റെ മരണം സംബന്ധിച്ചുള്ള ദുരൂഹതകൾ ചുരുളഴിയാനിരിക്കുന്നതേയുള്ളൂ. ഭാര്യയുടെ പ്രസവത്തിനു കൂട്ടിരിക്കാൻ കോഴിക്കോട് മെഡിക്കൽ കോളജിലെത്തിയതായിരുന്നു അയാൾ. ആദ്യത്തെ കൺമണിയെ കൺകുളിർക്കെ ക്കണ്ടു കൊതിതീരുംമുമ്പേ അരുതാത്തതെന്തൊക്കെയോ അവിടെ സംഭവിച്ചു. വിശ്വനാഥന്റെ മരണം ആത്മഹത്യയാണെന്ന പോസ്റ്റുമോർട്ടം റിപ്പോർട്ട് ഉയർത്തിപ്പിടിച്ച് പൊലീസ് തലയൂരാൻ ശ്രമിക്കുമ്പോഴും, അതു വെറുതെയങ്ങ് എഴുതിത്തള്ളാൻ കേരളത്തിന്റെ പൊതു ധാർമികബോധം അനുവദിക്കുന്നില്ല.

വിശ്വനാഥന്റേത് ആത്മഹത്യയല്ല, മർദിച്ചുകൊന്നതാണെന്നാണ് ബന്ധുക്കൾ ആരോപിക്കുന്നത്. മോഷ്ടാവെന്നു മുദ്രകുത്തി സുരക്ഷാജീവനക്കാരുൾപ്പെടെയുള്ള ആൾക്കൂട്ടം ആരവമുയർത്തി ആക്രമിച്ചുമർദിച്ചതിന്റെ മനോവിഷമത്താലാണ് വിശ്വനാഥൻ ആത്മഹത്യ ചെയ്തതെന്നാണ് ബന്ധുക്കളുടെ ആരോപണം. "വിവാഹം കഴിഞ്ഞ് എട്ടുവർഷം കാത്തിരുന്നു കിട്ടിയ കുഞ്ഞാണ്. പ്രസവിച്ചിട്ടു മൂന്നു ദിവസമായിട്ടേയുള്ളൂ. അവൻ കുഞ്ഞിനെ ശരിക്കൊന്നു കണ്ടിട്ടുപോലുമില്ല. വളരെ സന്തോഷവാനായിരുന്നു അവൻ. അങ്ങനെയൊരാൾ ആത്മഹത്യ ചെയ്യില്ലെന്നുറപ്പാണ്." വിശ്വനാഥന്റെ അമ്മയും സഹോദരനും ചങ്കുറപ്പോടെ വിളിച്ചുപറയുമ്പോൾ, അത് ഒരു പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെമാത്രം അടിസ്ഥാനത്തിൽ തള്ളിക്കളയാനുള്ള മനഃസാക്ഷിയേ കേരളത്തിനുള്ളോ എന്നത് ഉത്തരമില്ലാത്ത ചോദ്യമായി അവശേഷിക്കുന്നു. ഇത്രയും ഗൗരവമായ ഒരു വിഷയത്തെ നിസ്സാരവത്കരിച്ചതിന്റെ പേരിൽ പൊലീസിന് സംസ്ഥാന പട്ടിക-ഗോത്രവർഗകമ്മീഷന്റെ രൂക്ഷവിമർശനവുമുണ്ടായി. 'ഒരാൾ വെറുതെ പോയി ആത്മഹത്യ ചെയ്യില്ലല്ലോ' എന്നാണ് കമ്മീഷൻ ചെയർമാൻ പൊലീസിനോടു ചോദിച്ചത്. വിശദമായ റിപ്പോർട്ട് അടിയന്തരപ്രാധാന്യത്തോടെ കമ്മീഷൻ പൊലീസിനോടാവശ്യപ്പെട്ടിട്ടുമുണ്ട്.

മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ടം മർദിച്ചതിനെത്തുടർന്ന് അട്ടപ്പാടിയിലെ ആദിവാസിയുവാവ് മധു കൊല്ലപ്പെട്ടിട്ട് 2023 ഫെബ്രുവരി 22 ന് അഞ്ചു വർഷം തികഞ്ഞ വേളയിലാണ് സമാനമായ ഒരു ദാരുണസംഭവത്തിന് വീണ്ടും കേരളം കാതോർക്കേണ്ടിവന്നത്. മധുവിനുവേണ്ടി കണ്ണീരൊഴുക്കിയ കേരളം പിന്നീടു കണ്ടത്, കേസ് കോടതിയിലേക്കെത്തിയപ്പോൾ കാട്ടിക്കൂട്ടുന്ന നെറികേടുകളുടെ ഘോഷയാത്രയാണ്. അത്തരം നീതിനിഷേധങ്ങളുടെ തനിയാവർത്തനം വിശ്വനാഥന്റെ മരണവിചാരണയിലുമുണ്ടാവുമോ എന്നത് ആശങ്കയായി അവശേഷിക്കുന്നു. വിവാഹിതനായി വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു കുഞ്ഞിക്കാലു കാണാനാവാത്തതിന്റെ ദുഃഖവും പേറിയുള്ള കാത്തിരിപ്പിനൊടുവിൽ, അപ്പനായതിന്റെ അഭിമാനവും ആഹ്ലാദവും അലതല്ലുന്ന സമയത്താണ് ആ ജീവിതത്തിന് അല്പായുസ്സ് വിധിക്കപ്പെട്ടത്!

എസ്.സി. – എസ്. ടി. വിഭാഗങ്ങൾക്കുനേരേയുള്ള അതിക്രമങ്ങൾ സംസ്ഥാനത്തു വർഷംതോറും വർദ്ധിക്കുന്ന റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. 2022 ൽ 1257 കേസുകളാണ് രജിസ്റ്റർ ചെയ്തത്. 2016 ലാകട്ടെ 992 കേസുകളേ ഉണ്ടായിരുന്നുള്ളൂ.

അരികുവത്കരിക്കപ്പെട്ട ജീവിതങ്ങളുടെമേലുള്ള ആൾക്കൂട്ട അധികാരത്തിന്റെ വിചാരണക്കസർത്തുകൾ 'സാംസ്കാരിക'കേരളത്തിൽ ഇനിയും കെട്ടടങ്ങിയിട്ടില്ല എന്നതിന്റെ നേരുദാഹരണമാണിത്. നിയമം കൈയിലെടുത്ത് അക്രമത്തിന്റെ മാർഗത്തിലൂടെ അധികാരം കൈയാളുന്ന ആൾക്കൂട്ടഭീകരതയെ അമർച്ച ചെയ്യാൻ ജനാധിപത്യസർക്കാരിനു ബാധ്യതയില്ലേ? പുരോഗമനം പുലമ്പുന്ന നാട്ടിൽ സാമൂഹികവും ജാതീയവുമായ വിവേചനങ്ങൾ പുലരുന്നത് ഒട്ടും നീതീകരിക്കാനാവില്ല. വസ്ത്രംകൊണ്ടും നിറംകൊണ്ടും രൂപംകൊണ്ടും ഒരാളെ അടയാളപ്പെടുത്തുന്നതും മുൻവിധി തീർക്കുന്നതുമൊന്നും സമത്വസുന്ദരമായ കേരളത്തിനു താങ്ങാനാവുന്നതല്ല. നിഴലിനെപ്പോലും അയിത്തം കല്പിച്ച് അപമാനിച്ചിരുന്ന ഒരു പഴയകാലത്തിന്റെ ജീർണിച്ച അവശേഷിപ്പുകൾ ബുദ്ധിമാന്മാരെന്നു നടിക്കുന്നവർ ഇന്നും ചുമന്നുകൊണ്ടു നടക്കുന്നുണ്ടെങ്കിൽ, അതു കേരളത്തിന്റെ തീരാശാപംതന്നെയാണ്. അരികുജീവിതങ്ങളുടെ നേർക്ക് കൈയൂക്കു കാണിക്കുന്ന നെറികെട്ട പ്രാകൃതരീതികൾ എവിടെനിന്നുണ്ടായാലും അതിനെ ചെറുത്തുതോല്പിക്കാൻ പോന്ന സാംസ്കാരിക ഉണർവ് കേരളജനതയ്ക്കുണ്ടായേ തീരൂ.

# ദീപനാളം കാവ്യോത്സവം ആസ്വാദകർക്ക് നവ്യാനുഭവമായി

പാലാ: മഹാകവികളായ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, സിസ്റ്റർ മേരി ബനീഞ്ഞ, പ്രവിത്താനം പി.എം. ദേവസ്യാ എന്നിവരുടെ സ്മരണ നിലനിറുത്തുന്നതിനും അവരെക്കുറിച്ചു പുതുതലമുറയിൽ അവബോധം ജനിപ്പിക്കുന്നതിനുമായി ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കാവ്യോത്സവം ആസ്വാദകർക്ക് നവ്യാനുഭവമായി മാറി. ഫെബ്രുവരി 11 ന് പാലാ ദീപനാളം ഓഡിറ്റോറിയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ മത്സരാർഥികളുടെയും കാവ്യാസ്വാദകരുടെയും മഹാകവികളുടെ കുടുംബാംഗങ്ങളുടെയും മഹനീയസാന്നിധ്യം കൊണ്ടു ശ്രദ്ധേയമായി.

അനുസ്മരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട മഹാവ്യക്തിത്വങ്ങളാണ് മഹാകവികളായ കട്ടക്കയവും പ്രവിത്താനവും ബനീഞ്ഞാമ്മയുമെന്ന് കാവ്യോത്സവം ഉദ്ഘാടനം ചെയ്ത ചിക്കാഗോ രൂപത മുൻ അധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്ത് പറഞ്ഞു.

പ്രശസ്ത നിരൂപകനും എഴുത്തുകാരനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി മഹാകവികളുടെ സാഹിത്യസംഭാവനകളെ സമഗ്രമായി വിലയിരുത്തി സംസാരിച്ചു.

സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പലും ഭാഷാധ്യാപകനുമായ ഡോ. ഡേവിസ് സേവ്യർ, ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ചു.

മൂന്നു മഹാകവികളുടെയും കൃതികളിൽനിന്നു തിരഞ്ഞെടുത്ത കാവ്യഭാഗങ്ങളാണ് മത്സരാർഥികൾ അവതരിപ്പിച്ചത്. അഞ്ചുമണിക്കൂറോളം നീണ്ടുനിന്ന മത്സരത്തിന് വൈകുന്നേരത്തോടെ തിരശ്ശീല വീണു.

ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ യഥാക്രമം ജോ ബാസ്റ്റിൻ, നവീൻ റ്റി. ഇടശേരി, ശ്രേയ സുരേഷ് എന്നിവർ കരസ്ഥമാക്കി. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയംഗങ്ങളും പാലാ സെന്റ് തോമസ് എച്ച്.എസ്.എസ്. വിദ്യാർത്ഥികളുമാണ്. കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് എൽ.പി.സ്കൂൾ വിദ്യാർഥിനിയാണ് മൂന്നാംസ്ഥാനം നേടിയ ശ്രേയ സുരേഷ്.

സമ്മേളനത്തിൽവച്ച് ദീപനാളം അഖിലകേരളാടിസ്ഥാനത്തിൽ നടത്തിയ ചെറുകഥ, കവിത, ഉപന്യാസം, ചിത്രരചന എന്നീ മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും മാർ ജേക്കബ് അങ്ങാടിയത്ത് വിതരണം ചെയ്തു.



*ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കാവ്യോത്സവം ചിക്കാഗോ രൂപത മുൻ അധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്ത് ഉദ്ഘാടനം ചെയ്യുന്നു. ഫാ. കുര്യൻ തടത്തിൽ, ഡോ. ഡേവിസ് സേവ്യർ, ഡോ. കുര്യാസ് കുമ്പളക്കുഴി, ജോയി മുത്തോലി എന്നിവർ സമീപം.*



ജോ ബാസ്റ്റിൻ പുരയിടത്തിൽ



നവീൻ റ്റി. ഇടശേരി



ശ്രേയ സുരേഷ്

ബാലകഥ

# കുഞ്ഞായനും പുളിമരവും

**പീറ്റർ കുരിശിങ്കൽ**

പണ്ടുപണ്ടൊരു നാട്ടിൽ കുഞ്ഞായൻ എന്നൊരു ഇരുമ്പുപണിക്കാരൻ ഉണ്ടായിരുന്നു. ഇരുമ്പ്, ഉലയിൽ ഊതിക്കാച്ചി. തല്ലിയൊരുക്കി പലതരം പണിയായുധങ്ങൾ ഉണ്ടാക്കിവിറ്റാണ് അയാൾ കഴിഞ്ഞുകൂടിയിരുന്നത്.

ദിവസവും കുഞ്ഞായൻ ആലയിലെത്തും പണിയാരംഭിക്കും. നിത്യവും അതാണു പതിവ്. അന്നും രാവിലെ കുഞ്ഞായൻ ആലയിലെത്തി. ഇന്നെന്താണു നിർമിക്കേണ്ടത്? കുഞ്ഞായൻ ഒരു നിമിഷം ചിന്തിച്ചു. അതേ, ഇന്നൊരു കോടാലി നിർമിക്കാം, അയാൾ മനസ്സിലുറച്ചു. ആലയിൽ സൂക്ഷിച്ചിരുന്ന ഒരു ഇരുമ്പിൻകഷണം എടുത്ത് തിരിച്ചും മറിച്ചും നോക്കി. കൊള്ളാം; കോടാലിക്കു പറ്റിയ കഷണം തന്നെ!

ഉലയിൽവച്ച് ഊതിയൂതി അയാൾ ആ ഇരുമ്പിനെ തീക്കട്ട പോലെ പഴുപ്പിച്ചു. അതിനെ എടുത്ത് വലിയ കൂടംകൊണ്ട് അടിച്ചൊതുക്കി കോടാലിയാക്കി. അയാൾ കോടാലിത്തലയിൽ വിരലുകൾ ഓടിച്ച് അതിന്റെ മൂർച്ച പരീക്ഷിച്ചു. കൊള്ളാം, നല്ലൊരു കോടാലി! അയാൾ മനസ്സിൽ പറഞ്ഞു. തീർന്നില്ല. ഇനിയുമുണ്ടല്ലോ പണി; കോടാലിക്കു പിടിയിടേണ്ടേ? കോടാലിക്കൈ തീർക്കാൻ നീളത്തിലൊരു കഷണം തടി വേണം. അയാൾ ആലയിൽ മുക്കുംമൂലയുമൊക്കെ പരിശോധിച്ചു. എവിടെയും കണ്ടില്ല ഒരു കഷണം തടി.

കുഞ്ഞായൻ ആലയ്ക്കു പുറത്തേക്കിറങ്ങി. പറമ്പിലാകെ പരതി. അപ്പോഴതാ ആലയുടെ മുറ്റത്തുതന്നെ നില്ക്കുന്നു ഒരു പുളിമരം. നല്ല നീളവും മുഴുപ്പുമുള്ള കമ്പുകൾ നിറയെ. ഒരു കമ്പുതന്നാൽ മരത്തിനെന്തു പറ്റാനാ. ഒന്നും പറ്റില്ല. കുഞ്ഞായൻ പുളിമരത്തോടു ചോദിച്ചു:

"മുറ്റത്തു നില്ക്കുന്ന
പുളിമരമേ
വളയാത്ത കൊമ്പൊന്നു
തന്നീടണേ
പൊളിയാത്ത നല്ലൊരു
കമ്പുതന്നെ
കോടാലിക്കൈയൊന്നു
തീർത്തിടാം ഞാൻ."

ഇതുകേട്ട പുളിമരം കീഴ്പ്പോട്ടു നോക്കി. തന്റെ കമ്പുകൾക്കു താഴെ മേലോട്ടു കണ്ണും നട്ടു നില്ക്കുന്ന കുഞ്ഞായനെ കണ്ടു. പാവം കുഞ്ഞായൻ. പുളിമരത്തിനു ദയതോന്നി.

"പാവം കുഞ്ഞായൻ. ഈ കോടാലിക്കു കൈ ഉറപ്പിച്ച് വിറ്റിട്ടുവേണം അയാൾക്കു ജീവിക്കാൻ. ഒരു കൊമ്പല്ലേ ചോദിച്ചുള്ളൂ. കൊടുക്കാം." ഇങ്ങനെ വിചാരിച്ച് പുളിമരം കുഞ്ഞായനോടു പറഞ്ഞു:

"കൊമ്പു നീ വെട്ടിയെടുക്കും
നേരം
ചാഞ്ഞു ഞാൻ നിന്നിടാം
തെല്ലുനേരം."

പിന്നെ താമസിച്ചില്ല. കുഞ്ഞായൻ വളവും പൊളവുമൊന്നുമില്ലാത്ത നല്ലൊരു കൊമ്പ് വെട്ടിയെടുത്തു. എന്നിട്ട് കമ്പു ചെത്തി ഉരുമ്മി നല്ലൊരു കൈ ഉണ്ടാക്കി; കോടാലി അതിൽ ഉറപ്പിച്ചു.

ഏതാനും നാളുകൾ കഴിഞ്ഞൊരു ദിവസം കുഞ്ഞായൻ രാവിലെ ആലയിലെത്തി. ഉലയിൽ തീ പെരുക്കാൻ നോക്കുമ്പോൾ കരിയില്ല. കരിയില്ലെങ്കിൽ തന്റെ പണി നടക്കില്ല. മരക്കരി തന്നെ വേണം!



അയാൾ മുറ്റത്തേക്കിറങ്ങി. മുറ്റത്തുനിൽക്കുന്ന പുളിമരത്തെ അയാൾ അടിമുടിയൊന്നു നോക്കി. നല്ല ഉയരവും വണ്ണവുമുള്ള തടി, ധാരാളം ചില്ലകളും! ഈ പുളിമരം തന്നെ വെട്ടിക്കത്തിച്ച് കരിയാക്കാം. പിന്നെ കുറേക്കാലത്തേക്ക് കരി അന്വേഷിക്കേണ്ട. അങ്ങനെയുറച്ച് കുഞ്ഞായൻ ആലയുടെ മുറ്റത്തുനിന്ന പുളിമരം വെട്ടാൻ തുടങ്ങി.

ണ്ടേ, ഇതെന്ത്? തന്റെ കടയ്ക്ക് ആരാ കൊത്തുന്നേ? പുളിമരം കീഴോട്ടു നോക്കി. മരത്തിന് അദ്ഭുതമായി. ഇതെന്ത്, കുഞ്ഞായനാണല്ലോ തന്റെ കടയ്ക്ക് കോടാലി വയ്ക്കുന്നത്! ഇവനല്ലേ താൻ ഏറെനാൾമുമ്പ് കമ്പുകൊടുത്തു സഹായിച്ചത്! എന്നിട്ടിപ്പോ തനിക്കു കോടാലി വയ്ക്കുന്നോ? പുളിമരം ഉറക്കെയുറക്കെ പറഞ്ഞു കരച്ചിലായി.

"എന്താണെന്താ കുഞ്ഞായാ
എന്നെക്കൊത്തിമറിക്കുന്നോ
താരും തണലും തന്നീടും
എന്നെക്കൊത്താൻ
തോന്നീലോ."

പുളിമരത്തിന്റെ കരച്ചിലൊന്നും കുഞ്ഞായന്റെ ചെവിയിൽ പതിഞ്ഞില്ല. എന്നു മാത്രമല്ല,

"നിന്നെ കൊത്തി മറിക്കും
ഞാൻ
കൊത്തിക്കീറി കരിയാക്കും"

എന്നു പറഞ്ഞുകൊണ്ട് കുഞ്ഞായൻ ആഞ്ഞാഞ്ഞുവെട്ടാൻ തുടങ്ങി.

വെട്ടുനിറുത്താൻ ഭാവമില്ലെന്നറിഞ്ഞ പുളിമരം കരച്ചിലോടു കരച്ചിൽ. മരം പറഞ്ഞു:

"കൊത്തല്ലേ വെട്ടല്ലേ
കുഞ്ഞായാ
കൊത്തിമറിക്കല്ലേ
കുഞ്ഞായാ
ചൂടേറും നേരത്തു
തണലേകിടാം
പകരം നീ വെട്ടാതെ
പോയീടേണം.'

കുഞ്ഞായൻ പുളിമരത്തിന്റെ കരച്ചിൽ കേട്ട ഭാവം നടിച്ചില്ല. അയാൾ പുളിമരത്തിന്റെ കടയ്ക്കൽ ആഞ്ഞാഞ്ഞു വെട്ടി. ഒടുവിൽ പുളിമരം മറിഞ്ഞുവീണു. വീണതോ? കുഞ്ഞായന്റെ ആലയുടെ മുകളിൽ!

മരംവീണതും ആല പൊളിഞ്ഞു തകർന്നു!

തകർന്നടിഞ്ഞ ആലയ്ക്കരുകിലിരുന്ന് കുഞ്ഞായൻ കണ്ണീരൊഴുക്കി.

"കഷ്ടം...! സഹായിച്ചവനെ ഉപദ്രവിച്ചാൽ ഇതാണു ഫലം!

# മരിയൻ മെഡിക്കൽ സെന്ററിന്റെ പ്രവർത്തനം മാതൃകാപരം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി



*പാലാ മരിയൻ മെഡിക്കൽ സെന്ററിന്റെ സുവർണജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ഗ്രേയ്സ് മുണ്ടപ്ലാക്കൽ, അസി. മദർ ജനറാൾ സി. ഡോ. റോസ് അനിത, ജോസ് കെ. മാണി എം.പി., മന്ത്രി റോഷി അഗസ്റ്റിൻ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മാണി സി. കാപ്പൻ എം.എൽ.എ., അഡ്മിനിസ്ട്രേറ്റർ സി. ഷേർളി ജോസ്, പത്മശ്രീ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, മുനിസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോ തുടങ്ങിയവർ സമീപം.*

പാലാ: ആതുരശുശ്രൂഷാരംഗത്ത് മരിയൻ മെഡിക്കൽ സെന്ററിന്റെ പ്രവർത്തനം മാതൃകാപരമാണെന്നും ക്രൈസ്തവ സ്ഥാപനങ്ങൾ വളരുന്നത് പൊതുസമൂഹത്തിനു സാഹോദര്യത്തിലൂന്നിയ ശുശ്രൂഷ ചെയ്താണെന്നും സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. പാലാ മരിയൻ മെഡിക്കൽ സെന്ററിന്റെ സുവർണജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ ജോർജ് ആലഞ്ചേരി.

ക്രിസ്തു നൽകിയ സ്നേഹസന്ദേശമാണ് സഭയുടെ പ്രവർത്തനങ്ങളിലും ശുശ്രൂഷകളിലുമുള്ളതെന്നും ക്രൈസ്തവർ ആർക്കും ഭീഷണിയല്ലെന്നും കർദിനാൾ തുടർന്നുപറഞ്ഞു.

പാലാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. മരിയൻ മെഡിക്കൽ സെന്ററിന്റെ സ്ഥാനം പൊതുജനങ്ങളുടെ ഹൃദയത്തിലാണെന്ന് മാർ കല്ലറങ്ങാട്ട് പറഞ്ഞു. നാച്യുറോപ്പതി പ്രോജക്ട് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. പത്മശ്രീ ഡോ. ജോസ് ചാക്കോ പെരിയപ്പുറം മുഖ്യാതിഥിയായിരുന്നു. ജോസ് കെ. മാണി എം.പി., മാണി സി. കാപ്പൻ എം.എൽ.എ, പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോ, കൗൺസിലർ ജിമ്മി ജോസഫ് താഴത്തേൽ, എഫ്.സി.സി. അസിസ്റ്റന്റ് മദർ ജനറാൾ സിസ്റ്റർ ഡോ. റോസ് അനിത, റവ. ഡോ. ജോർജ് ഞാറക്കുന്നേൽ, ഡോ. മാത്യു തോമസ്, ഡോ. സണ്ണി വി. സക്കറിയ, പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സിസ്റ്റർ ഗ്രേയ്സ് മുണ്ടപ്ലാക്കൽ, അഡ്മിനിട്രേറ്റർ സിസ്റ്റർ ഷേർളി ജോസ് എന്നിവർ പ്രസംഗിച്ചു. മരിയൻ സെന്ററിന്റെ വളർച്ചയിൽ വലിയ സംഭാവന നൽകിയ എം. യേശുദാസ്, ഡോ. റെയ്നോൾഡ്, സിസ്റ്റർ ആനി ട്രീസ, സിസ്റ്റർ പൗളിനോസ് മരിയ, സിസ്റ്റർ ലിസാ മാർട്ടിൻ, സിസ്റ്റർ ആൻ ഫെലിക്സ്, ഡോ. സിസ്റ്റർ ആൻമരിയ, സിസ്റ്റർ ബെൻസി എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു.

കാർഷികം

**ജോഷി മുഞ്ഞനാട്ട്**

# അന്യമാകുന്ന അടതാപ്പ്

**കാ**ച്ചിൽ വർഗത്തിൽപ്പെട്ട ഒരു കിഴങ്ങുവിളയാണ് അടതാപ്പ്. ഇതിനെ ഇറച്ചിക്കാച്ചിൽ എന്നും വിളിക്കാറുണ്ട്. 'ഡെയോസ്ക്രോറിയേസി' എന്ന സസ്യകുടുംബത്തിലെ അംഗമായ അടതാപ്പിന്റെ ശാസ്ത്രീയനാമം 'ഡയോസ്കോറി ബൾബിഫെറ' എന്നാണ്. ആഫ്രിക്ക, ഏഷ്യൻ രാജ്യങ്ങളാണ് ഇവയുടെ ജന്മദേശം.

കാൽസ്യം തുടങ്ങിയവയെല്ലാം തന്നെ നല്ല തോതിൽ ഇതിൽ അടങ്ങിയിട്ടുണ്ട്. വിവിധതരം കാൻസറുകൾ, മുട്ടുവേദന, ത്വഗ്രോഗങ്ങൾ എന്നീ അസുഖങ്ങൾക്ക് അടതാപ്പ് ഫലപ്രദമായി ഉപയോഗിക്കാമെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

വളരെവേഗത്തിലും ഏകദേശം 60 അടിയധികം നീളത്തിലും വളരുന്ന ഒരു ചെടിയാണ് അടതാപ്പ്. ഇലയുടെ കക്ഷങ്ങളിലുണ്ടാകുന്ന മൂപ്പെത്തിയ കായ്കൾ വള്ളിയിൽനിന്നു വേർപെട്ട് നിലത്തുവീഴുമ്പോഴാണ് ഇതു പാകമായതായി കരുതുന്നത്. നവംബർ - ഡിസംബർ മാസങ്ങളിൽ ഇവയുടെ മൂപ്പെത്തിയ കായ്കൾ ലഭ്യമാകും. നടാനുപയോഗിക്കേണ്ട കിഴങ്ങുകൾ തണലത്തു സൂക്ഷിച്ചാൽ മാർച്ച് - ഏപ്രിൽ മാസത്തിൽ നടാം. സാധാരണ കിഴങ്ങുവിളകളായ കാച്ചിൽ, നനക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുവിളകൾ കൃഷി ചെയ്യുന്നതുപോലെയാണ് ഇതിന്റെയും കൃഷിരീതി.

ഒരു അടതാപ്പിന് 100 ഗ്രാം മുതൽ ഒരു കിലോഗ്രാം വരെ തൂക്കമുണ്ടാകും. ഒരു ചെടിയിൽ നിന്ന് ഏകദേശം 20 കി.ഗ്രാം വരെ വിളവു ലഭിക്കും. ഗോളാകൃതിയാണ് കായ്കൾക്ക്. പുഴുക്ക് ഉണ്ടാക്കാനും ഇത് ഉപയോഗിച്ചിരുന്നു. ഇന്ന് അപൂർവമായിക്കൊണ്ടിരിക്കുന്ന ഒരു വിളകൂടിയാണ് അടതാപ്പ്.

അടതാപ്പിനെ ഇറച്ചിക്കറികളിൽ സ്വാദ് കൂട്ടാനായി ഉപയോഗിക്കുന്നതുകൊണ്ടാണ് ഇതിനെ ഇറച്ചിക്കാച്ചിലെന്നും ഇറച്ചിക്കിഴങ്ങെന്നും വിളിക്കാൻ കാരണം.

കേരളത്തിൽ ഉരുളൻകിഴങ്ങിന്റെ സ്ഥാനമാണ് വർഷങ്ങൾക്കുമുമ്പ് അടതാപ്പിനുണ്ടായിരുന്നത് ഉരുളൻകിഴങ്ങിന്റെ ഒട്ടുമിക്ക സവിശേഷതകളും അടതാപ്പിനുണ്ട്. എന്നാൽ, ഉരുളൻ കിഴങ്ങ് മണ്ണിനടിയിലും അടതാപ്പ് മണ്ണിനു മുകളിലെ വള്ളിയിലുമാണ് ഉണ്ടാകുന്നത്. മണ്ണിനു മുകളിൽ വള്ളിയിൽ ഉരുളക്കിഴങ്ങുപോലെ ഉണ്ടാകുന്നതുകൊണ്ടാണ് അടതാപ്പിനെ എയർപൊട്ടറ്റോ എന്നും വിളിക്കുന്നത്.

ഉരുളക്കിഴങ്ങുപയോഗിച്ചുണ്ടാക്കുന്ന എല്ലാ വിഭവങ്ങളും അടതാപ്പ് ഉപയോഗിച്ചും ഉണ്ടാക്കാം. അന്നജം, മാംസ്യം,




**ഫെബ്രുവരി 26**
**നോമ്പുകാലം**
**രണ്ടാം ഞായർ**

**ഉത്പ 5:19 – 31**
**ജോഷ്വ 4:15 – 24**
**റോമ 6:15 – 23**
**മത്താ 7:21 – 27**



# സ്വർഗമഹത്ത്വത്തിൽ പ്രവേശിക്കുന്നവർ



**ഡോ. ജോസഫ് കരികുളം**

**വ്യ**ക്തിപരമായ ആത്മശോധനയ്ക്കും അതിന്റെ ഫലമായുള്ള മാനസാന്തരത്തിനും ശ്രദ്ധ നൽകേണ്ട കാലമാണ് നോമ്പുകാലം. കർത്താവിനോടുകൂടെയുള്ള വാസത്തിന്റെ (ഉപവാസത്തിന്റെ) ഈ കാലമാണ് ഒരു കണ്ണാടിയിലെന്നപോലെ നമ്മുടെ ജീവിതത്തെ നോക്കാനും വിലയിരുത്താനും നമ്മെ സഹായിക്കുന്നത്. നോമ്പുകാലത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ നന്നായി ഉപയോഗിക്കുന്നവർ ദൈവപിതാവിന്റെ ഇഷ്ടക്കാരനാകുമെന്നും അവൻ പാറമേൽ ഭവനം പണിയുന്ന വിവേകമതിയായ മനുഷ്യനു തുല്യനാണെന്നും നോമ്പുകാലത്തിന്റെ രണ്ടാം ഞായറാഴ്ച നമ്മെ ഓർമിപ്പിക്കുന്നു.

ദൈവത്തിൽനിന്നകലുന്ന മനുഷ്യന്റെ അവസ്ഥ മരുഭൂമിയനുഭവത്തിനു തുല്യമാണെന്ന് പഴയനിയമവായനകൾ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന് ആയുസ്സു കൂടുതലുള്ള അവസ്ഥ ഉണ്ടായിരുന്നെങ്കിലും (ഉത്പ. 5: 19–31) ഭൂമിയിലെ അവന്റെ ക്ലേശകരമായ അധ്വാനവും (5:29) മരണവും (5:20) ഒഴിവാക്കാൻ അവനു കഴിഞ്ഞിരുന്നില്ല. ഇന്നത്തെ ഒന്നാം വായനയുടെ 22 വാക്യങ്ങളിൽ നാലു പ്രാവശ്യമാണ് 'അവനും മരിച്ചു' എന്ന പ്രയോഗം നാം കാണുന്നത്. ആയുസ്സ് കൂടുതലുണ്ടെങ്കിലും മരണം അനിവാര്യമായിത്തീരുന്ന മനുഷ്യന്റെ ദൈന്യം ഈ വാക്കുകളിൽ പ്രകടമാണ്.

ഇസ്രായേൽജനം കടന്നുപോകേണ്ടിവന്ന മരുഭൂമിയനുഭവത്തിന്റെ കാമ്പും കാതലും രണ്ടാം വായന (ജോഷ്വാ 4:15–24) ചൂണ്ടിക്കാണിക്കുന്നു. കടന്നുപോകലിന്റെ അനുഭവമാണത്. ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് കാനാന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുപോകൽ. ഇല്ലായ്മയിൽനിന്ന് ധാരാളിത്തത്തിലേക്കുള്ള കടന്നുപോകൽ. "ഇസ്രായേൽ ഉണങ്ങിയ നിലത്തുകൂടെ ജോർദാൻ കടന്നു" (4:22). ഈ കടന്നുപോകലിന് ഇസ്രായേൽജനം കൊടുക്കേണ്ടിവന്ന നീണ്ട വർഷങ്ങളിലെ അലച്ചിലിന്റെ വിലയുണ്ട്. അതൊരു നോമ്പിന്റെ അനുഭവമാണ്. ഇല്ലായ്മകളിലൂടെയും വല്ലായ്മകളിലൂടെയും കടന്നുപോകേണ്ടിവന്ന നൊമ്പരങ്ങളുടെ നോമ്പായിരുന്നു അത്.

പക്ഷേ, ദൈവം, നോമ്പിന്റെ, സഹനങ്ങളുടെ കാലത്തും ഇസ്രായേൽജനത്തിന്റെകൂടെ യുണ്ടായിരുന്നു, ഗത്സെമനിയിൽ തിരസ്കരണത്തിന്റെ അവസരമാണെന്നു കരുതുമ്പോളും പിതാവ് പുത്രനൊപ്പമുണ്ടായിരുന്നു. ഉപവാസകാലത്ത് ഈശോയും പിതാവിനൊപ്പമായിരുന്നു. അതുകൊണ്ടാണ് ഉപവാസകാലം കഴിഞ്ഞപ്പോൾ മാത്രം പിശാചിന് ഈശോയെ പരീക്ഷിക്കാൻ കഴിഞ്ഞത്. പിതാവ് കൂടെയുള്ളപ്പോൾ പിശാചിന് അവനെ പ്രലോഭിപ്പിക്കാൻ കഴിയില്ല. നോമ്പിന്റെ കാലത്തും നാം ദൈവത്തോടൊപ്പമാണ് എന്നു സാരം.

ഉപവാസത്തിന്റെ ഉണങ്ങിയ നിലം കടന്നു നാം കയറുന്നത് അനുഗ്രഹത്തിന്റെ കാനാനിലേക്കാണ്. അത് അത്ര എളുപ്പമാണ് എന്നു വിചാരിക്കരുത്. ഈശോയുടെ വചനങ്ങൾ ശ്രവിച്ച്, അവ അനുസരിക്കുന്നവർ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ്. അവർ മാത്രം മഹത്ത്വത്തിന്റെ ദൈവസാന്നിധ്യത്തിലേക്കു പ്രവേശിക്കും എന്ന് സുവിശേഷം (മത്താ. 7:21–27) ഓർമിപ്പിക്കുന്നു.

ആരാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയെന്ന ചോദ്യത്തിന് രണ്ടു രീതിയിൽ നൽകപ്പെടുന്ന ഉത്തരമാണ് ഇവിടെ കാണാൻ കഴിയുന്നത്. സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവർ സ്വർഗരാജ്യത്തിൽ പ്രവേശിക്കും (7:21) എന്നതാണ് ഈശോയുടെ ആദ്യത്തെ പരാമർശം. തന്റെ നാമത്തിൽ ചെയ്ത കാര്യങ്ങളുടെ എണ്ണം ചൂണ്ടിക്കാണിച്ച് (7:22) എളുപ്പത്തിൽ സ്വർഗത്തിൽ പ്രവേശിക്കാമെന്നു വിശ്വസിച്ചിരിക്കുന്ന ചിലരെ തള്ളിപ്പറയുന്ന (7:23) കർത്താവിനെയും ഇവിടെ കാണാം. ഇപ്രകാരം അവകാശപ്പെടുന്നവർ കർത്താവിന്റെ നാമത്തിൽ മറ്റു പലർക്കും പലതും ചെയ്തുകൊടുത്തു എന്നത് ശ്രദ്ധാർഹമാണെങ്കിലും, സ്വന്തം ആത്മരക്ഷയ്ക്കായി അവരെന്തു ചെയ്തു, കർത്താവ് അറിയുന്ന വിധത്തിൽ തങ്ങളുടെതന്നെ ജീവിതത്തിൽ അവർ എന്തു ചെയ്തുവെന്നാണ് അവിടുന്ന് ചോദിക്കുന്നത്.

പാറമേൽ ഭവനം പണിയുന്ന വിവേകമതിയായ മനുഷ്യനും സ്വർഗരാജ്യത്തിൽ പ്രവേശിക്കും ((7:24). പാറമേൽ ഭവനം പണിയുക എന്നു വച്ചാൽ ജീവിതത്തെ ദൈവവചനമാകുന്ന അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കുകയും അവയനുസരിച്ചു ജീവിക്കുകയും ചെയ്യുക എന്നതാണ്. തൊട്ടുമുമ്പ് നാം കണ്ട സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതുതന്നെ മറ്റൊരുരീതിയിൽ അവതരിപ്പിച്ചിരിക്കുന്നു എന്നുമാത്രം. ദൈവവചനത്തെ ജീവിതത്തിൽ സ്വീകരിക്കുകയും അതനുസരിച്ചു ജീവിതത്തെ കരുപ്പിടിപ്പിക്കുകയും ചെയ്യുന്നവർ ദൈവത്തോടൊത്തുള്ള സ്വർഗമഹത്ത്വത്തിൽ പ്രവേശിക്കാൻ യോഗ്യരാണ്.

ദൈവവചനത്തെ സ്വീകരിക്കുക എന്നു പറഞ്ഞാൽ വചനമായ ഈശോയെ സ്വീകരിക്കുക എന്നതാണല്ലോ അർഥം. വചനമായിരുന്നവൻ മാംസമായി മനുഷ്യന് ഉൾക്കൊള്ളാൻ തക്ക വിധത്തിൽ അവതരിച്ചു. 'എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ' (ലൂക്കാ 22:19), കർത്താവിന്റെ ഇഷ്ടത്തിന്റെ ഒന്നാമത്തെ ഭാഗം ഇതാണ്. ഈശോയെ കർത്താവായി സ്വീകരിച്ചുകൊണ്ട് അവൻ നമുക്കുവേണ്ടി ഒരുക്കിയ അവന്റെ ശരീരവും രക്തവുമായ വിരുന്നിനെ സ്വീകരിച്ചു സമ്പുഷ്ടരാകുക.

ഈശോയുടെ ശരീരരക്തത്താൽ ഊർജം സ്വീകരിക്കുന്നവർ മാത്രമാകാതെ അതനുസരിച്ചു സമൂഹത്തിൽ ജീവിക്കുന്നവർകൂടിയാകണം. 'നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല' (മത്താ. 7:23) എന്ന ഈശോയുടെ വചനം അവനായി വിട്ടുകൊടുക്കാത്ത നമ്മുടെ നിലപാടുകളോടുള്ള വിമർശനമാണ്. അത് ദൈവത്തിന്റെ കാഴ്ചപ്പാടിൽ അനീതിയാണ്. ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ സ്വീകരിക്കുകയും തിരിച്ച് അവിടുത്തേക്ക് ഒന്നും കൊടുക്കാതിരിക്കുകയും ചെയ്യുന്നതു ശരിയല്ലല്ലോ. നമ്മെത്തന്നെ ദൈവത്തിന്റെ പ്രവർത്തനത്തിനായി വിട്ടുകൊടുക്കുമ്പോൾ മാത്രമാണ് ദൈവത്തിനു നമ്മെ അറിയാനാകുക. ആ അറിവിന്റെ നിറവാണ് സ്വർഗരാജ്യം.

'ദൈവികനീതിയുടെ അടിമകളാണ് ക്രിസ്തുവിശ്വാസം സ്വീകരിച്ചവർ' എന്ന ആശയത്തിൽ, ഇക്കാര്യം കുറച്ചുകൂടി വ്യക്തമായി റോമാക്കാർക്കുള്ള ലേഖനത്തിൽ (റോമാ 6:15–23) പൗലോസ്ശ്ലീഹാ സൂചിപ്പിക്കുന്നു. ഈശോമിശിഹായുടെ കൃപയിലേക്കു നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ 'നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകളായി' (6:16) നാം മാറുന്നു. അശുദ്ധിയും അനീതിയുമടങ്ങുന്ന പാപങ്ങളുടെ അടിമകളായിരിക്കുന്നതിലും നല്ലത് ദൈവികനീതിയുടെ അടിമകളായിരിക്കുന്നതല്ലേ എന്ന ചോദ്യം പൗലോസ് മുന്നോട്ടുവയ്ക്കുന്നു. പാപത്തിന് അടിമകളായിരിക്കുമ്പോൾ ലഭിക്കുന്നത് നാശവും മരണവുമാണ് (6:21). എന്നാൽ, "ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നത് വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്" (6:21).

പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതും ദൈവത്തിന് അടിമകളായിരിക്കുക എന്നു പറയുന്നതും ഒരേ കാര്യം തന്നെയാണ്. ആരും മറ്റൊരാൾക്ക് അടിമയല്ല, ഓരോരുത്തരും സ്വതന്ത്രരാണ് എന്ന അമിതസ്വാതന്ത്ര്യബോധത്തിൽ ക്രമേണ പിശാചിന്റെ അടിമത്തത്തിലേക്കുപോകുന്ന മനുഷ്യൻ നാശത്തിലേക്കുതന്നെയല്ലേ നീങ്ങുന്നത്? നന്മയും സ്നേഹവും കരുണയുമൊക്കെയടങ്ങുന്ന നല്ല പുണ്യങ്ങൾ പഠിപ്പിക്കുകയും നൽകുകയും ചെയ്യുന്ന ദൈവത്തിന്റെ അടിമയെന്നു പറയാനും അങ്ങനെ ജീവിക്കാനും നാം മടിക്കുന്നതെന്തിന്? ദൈവികനന്മകളെയും ദൈവികനീതിയിൽ അടിസ്ഥാനമിട്ട പുണ്യങ്ങളെയും പ്രാവർത്തികമാക്കി, ദൈവപിതാവിന്റെ അടിമകളാണ് എന്ന് പൂർണബോധ്യത്തോടെ നമുക്ക് ഈ നോമ്പുകാലത്തു പ്രഖ്യാപിക്കാം.

■

## വായന

## Once in a life time


**ഗ്രന്ഥകർത്താ:** ജിൻസൺ മുകളേൽ സിഎംഎഫ്
**പ്രസാധനം** : വിമല പബ്ലിക്കേഷൻസ്, കാഞ്ഞിരപ്പള്ളി
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : ₹ 180




വായനക്കാരന്റെ ഉള്ളിന്റെയുള്ളിനെ തൊട്ടുണർത്തുന്ന കഥകളിലൂടെ ഒരു യാത്ര. ഓരോ വാക്കിലും ജീവിക്കാൻ കൊതിപ്പിക്കുന്ന മാസ്മരികതയുള്ള കഥകളുടെ ദൃശ്യവിരുന്നാണ് ഈ ഗ്രന്ഥം.

## ഇടനാഴി

**ഗ്രന്ഥകർത്താ:** ഫാ. ലിജോ തൂക്കനാൽ
**പ്രസാധനം** : ജീവൻ ബുക്സ്, ഭരണങ്ങാനം
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : ₹ 210




എന്റെ സങ്കുചിതത്വങ്ങളിൽനിന്നിറങ്ങി അപരനിലേക്കും പിന്നെ അതീതത്തിലേക്കുമുള്ള ഒരു മഹായാനം. ഈ ഗ്രന്ഥം മുന്നോട്ടുവയ്ക്കുന്നതും അത്തരമൊരു പ്രചോദനത്തെയാണ്.

# സ്വർണക്കുരിശ്

**പുതിയ ബാലനോവൽ ആരംഭിക്കുന്നു** **രാമപുരം മണി**

മഴ പെയ്യുന്ന ഒരു പകൽ.

ആകാശം ഇരുണ്ടുമൂടിക്കിടന്നു. കറുത്ത മഴമേഘങ്ങൾ ആകാശത്തു കൂട്ടംകൂടുന്നു.

തണുത്ത കാറ്റുവീശുന്നു. മഴ കോരിച്ചൊരിഞ്ഞു പെയ്യുകയാണ്.

മുറിക്കകത്തിരുന്ന് ഷിബിൻ ജാലകത്തിലൂടെ പുറത്തേക്കു നോക്കി. ഭാഗ്യം, ഇടിമിന്നലില്ല. എന്നാൽ, നല്ല കാറ്റുണ്ട്. മരച്ചില്ലകൾ ഉലഞ്ഞാടുന്നു. ഒന്നും ഒടിഞ്ഞുവീഴാതിരുന്നാൽ മതിയായിരുന്നു ഈ കൊച്ചുവീടിന്റെ പുറത്തേക്കെങ്ങാനും വലിയ ശിഖരങ്ങൾ ഒടിഞ്ഞുവീണാൽ ആകെ പണിയാകും. കർത്താവേ, കാത്തോളണേ... അവൻ മനസ്സിൽ പ്രാർഥിച്ചു. അയൽക്കാരുടെ മരങ്ങളുടെ ശിഖരങ്ങൾ പലതും തങ്ങളുടെ പുരപ്പുറത്തേക്കാണു ചാഞ്ഞുകിടക്കുന്നത്. അപ്പച്ചനെ ഇതുവരെ കണ്ടില്ലല്ലോ. എന്താവും വൈകുന്നത്? അഞ്ചുമണിക്കു പറമ്പിലെ പണി നിർത്തും. പിന്നെ ടൗണിൽപ്പോയി ഒരു ചായകുടിയൊക്കെക്കഴിഞ്ഞ് അപ്പച്ചൻ ഇങ്ങെത്തും. മിക്കവാറും കൈയിലൊരു പൊതികാണും. രണ്ടുമൂന്നു പഴംപൊരിയോ ബോണ്ടയോ സുഖിയനോ എന്തെങ്കിലും. ഒരെണ്ണം തനിക്കു കിട്ടും. ഒരെണ്ണം അമ്മച്ചിക്ക്. ബാക്കി ഒന്ന് അപ്പച്ചൻതന്നെ തിന്നും. നാടൻപലഹാരങ്ങൾ വലിയ ഇഷ്ടമാണപ്പച്ചന്.

കൂലിപ്പണിക്കാരനാണെങ്കിലും അപ്പച്ചൻ മദ്യപിക്കുമോ എന്നു ചോദിച്ചാൽ തീരെ ഇല്ലെന്നു പറയാൻ വയ്യ. ചില ദിവസങ്ങളിൽമാത്രം മദ്യപിക്കും. അന്നു കൈയിൽ കിട്ടുന്ന കൂലിക്കാശു മുഴുവൻ തീരും. ബാക്കി എന്തെങ്കിലുമുണ്ടെങ്കിൽ അമ്മച്ചിയുടെ കൈയിൽ കൊണ്ടുവന്നുകൊടുക്കും. അമ്മ മുഖം കറുപ്പിച്ചാണെങ്കിലും ഉള്ളതു വാങ്ങും.

"പത്തറുനൂറു രൂപാ കൈയിൽ കിട്ടുന്നതാ. ബാക്കി വന്നതു മുന്നൂറ് ഉലുവ..." അമ്മ അപ്പച്ചനെ കളിയാക്കും. പക്ഷേ, അപ്പച്ചനൊന്നും പറയില്ല.

"ഈ മദ്യപാനം നിങ്ങൾക്കു നിർത്തിക്കൂടേ ചേട്ടാ." അമ്മച്ചി ചിലപ്പോൾ ചോദിക്കാറുണ്ട്.

"ഗ്രേസീ, ഞാനൊരു സ്ഥിരം കുടിയനൊന്നുമല്ല. കുടുംബത്തെ മറന്നു ഞാനൊന്നും ചെയ്യുന്നുമില്ല. ഒരു ഞായറാഴ്ചയോ ശനിയാഴ്ചയോ കുറച്ചു മദ്യപിക്കും. എന്റെ ചില കൂട്ടുകാരും കൂടെക്കാണും. അവരൊന്നും ചീത്തയാൾക്കാരല്ല. നല്ല മനുഷ്യരാ. സുകുമാരൻ, സോമൻ, മത്തായിച്ചൻ, ഭാർഗവൻ. എല്ലാവരും ഒരേ മനസ്സുള്ളവർ. എന്തെങ്കിലും പണി ചെയ്തു ജീവിക്കുന്നവർ." ജോസഫ്ചേട്ടന്റെ സംസാരം കേൾക്കുമ്പോൾ ചിലപ്പോൾ ഗ്രേസിക്കു കഷ്ടം തോന്നും.

ഒരു പാവം മനുഷ്യൻ.

ജോലി ചെയ്യാൻ മടിയില്ലാത്തയാൾ. ഭാര്യയെയും മകനെയും ജീവനായി സ്നേഹിക്കുന്നവൻ. താനെന്തു വഴക്കു പറഞ്ഞാലും എതിരു പറയാറില്ല.

ഓർത്തുനോക്കിയാൽ വളരെ രസകരമാണ് മദ്യപിച്ചുവരുന്ന ദിവസങ്ങളിലെ അപ്പച്ചന്റെയും അമ്മയുടെയും സംസാരം. സംസാരത്തിനിടയ്ക്ക് അമ്മയുടെ ചുണ്ടുകളിൽ ചിലപ്പോൾ



പുഞ്ചിരി മിന്നിമറയുന്നതു കാണാം. സത്യത്തിൽ എതിരുപറയണമെന്നു വിചാരിച്ചല്ല അമ്മച്ചി സംസാരിക്കുന്നത്. ഭർത്താവിനെ ഒന്നു വിരട്ടാൻവേണ്ടിയാണ്. സ്നേഹത്തിന്റെ നിറകുടമാണ് അമ്മച്ചിയുടെ ഭർത്താവ് ജോസഫ്. അതായത്, തന്റെ അപ്പച്ചൻ.

"നിങ്ങളു വല്ലതും കഴിച്ചോ. ഈ ഒരു പഴംപൊരി തിന്നതേ ഉള്ളോ..." അമ്മച്ചി ലോഹ്യം ചോദിച്ചുതുടങ്ങും.

"പൗലോസിന്റെ ചായക്കടേന്നൊരു ചായ കുടിച്ചു. ഒരു പരിപ്പുവട തിന്നു..."

"വിശപ്പുമാറിയോ?"

"ചങ്കിൽക്കുത്തുന്ന വർത്തമാനം പറയാതെന്റെ ഗ്രേസീ... ഒരു പരിപ്പുവടേം ചായേം എന്നാ ഒണ്ടെടീ..."

"പിന്നീ വയറ്റീക്കെടക്കുന്ന മറ്റേ സാധനമോ?"

"വെറും വെള്ളമല്ല്യോ. രണ്ടു പ്രാവശ്യം മൂത്രമൊഴിക്കുമ്പംശൂ... വയറിപ്പം കാലിയാ."

"നല്ല പച്ചക്കപ്പ പുഴുങ്ങിയതുണ്ടു തിന്നോ, വെശപ്പുമാറട്ടെ, മോനും വാ."

ഗ്രേസി പുഴുക്കു വിളമ്പി.

"എന്നാടീ ഇതിനു കൂട്ടാൻ."

"മീങ്കറി. അയല മാങ്ങയിട്ടു വെച്ചത്."

"ഓ, പഷ് ക്ലാസ് കോമ്പിനേഷൻ. കട്ടൻകാപ്പിയൊണ്ടോ ഗ്രേസീ."

"പിന്നില്ലാണ്ട്."

കപ്പപ്പുഴുക്ക്. അയല മാങ്ങയിട്ടു വെച്ച മീങ്കറി. കട്ടൻകാപ്പി.

ഷിബിനും അപ്പച്ചനും ഇരുന്നു കാപ്പികുടിക്കാൻ തുടങ്ങി.

''നീകൂടെ ഇരിക്കെടീ ഗ്രേസീ."

ഗ്രേസിയും അവരുടെ കൂടെയിരുന്നു കാപ്പി കുടിക്കും. ഇതാണു ഷിബിന്റെ വീട്ടിലെ ചിത്രം.

വീടൊരു സ്വർഗമാകുന്നത് അവിടെ താമസിക്കുന്നവർ ഇതുപോലെ സ്നേഹത്തോടെ ഒത്തുചേരുമ്പോഴാണ്.

ആ ഇളംതണുപ്പിലിരുന്ന് ഷിബിൻ എല്ലാം ഓർക്കുകയായിരുന്നു.

മഴ തത്കാലം ഒന്നു തുള്ളിയെടുത്തു.

ഇലച്ചാർത്തുകളിൽ കാറ്റടിക്കുമ്പോൾ മഴവെള്ളം ഇറ്റു വീഴുന്നുണ്ടായിരുന്നു.

(തുടരും)

## കനിവിൻ കൈത്താങ്ങ്

**കവിത** **പാപ്പച്ചൻ കടമക്കുടി**

കാറ്റത്തു ഞാങ്ങണപോലാടുന്ന വിശ്വാസം ഞാൻ
ഏറ്റവുമിറക്കവും തിളയ്ക്കും നൂൽപ്പാലത്തിൽ
വേപഥുപൂണ്ടുനില്ക്കെ നിന്നിളം നിശ്വാസവും
വേർക്കുമെന്നാത്മാവിനെ തഴുകിക്കടന്നുപോയ്!

ലോകവുമൈശ്വര്യവും കൺകളിലാ നേരത്ത്
ആയിരം കാന്താരിപോൽ പൂത്തുലഞ്ഞാടിയല്ലോ
നീറുന്ന മനസ്സോടെ കാരുണ്യവചസ്സായ് നീ
സാന്ത്വനം പൊഴിഞ്ഞതും കേൾക്കുവാനായീലല്ലോ.

കുതിച്ചും കൂലംകുത്തി മറിഞ്ഞുമോളം തല്ലി-
പ്പതയ്ക്കും നദിപോലെ ഒഴുകിയൊഴിഞ്ഞു ഞാൻ.
വർഷകാലമാം മോഹജീവിതമുഴക്കങ്ങൾ
ഹർഷങ്ങളൊക്കെ വേനൽച്ചൂടേറ്റു വരണ്ടുപോയ്.

പൊട്ടിയ കണ്ണാടിപോലിത്തിരി വട്ടങ്ങളിൽ
വെട്ടമില്ലാതെ മങ്ങി ചത്തുപോയാത്മാവിൽ ഞാൻ!
പിൻവിളി വിളിച്ചെന്റെ മനസ്സിൽ സ്നേഹത്തിന്റെ
പൊൻനിലാവൊളികൊണ്ടു നീ വിളിക്കുന്ന നേരം

തുളുമ്പും നിൻമാനസം മൊഴിയും തേനലതൻ
വിളുമ്പിൽ തൊടാൻപോലും വന്നതില്ലെന്നഹന്ത!
ഇഷ്ടികപോലെ വരണ്ടുണങ്ങിപ്പോയൊരന്റെ
കഷ്ടതമാറ്റും ദാഹനീരായി നീയെൻ താതാ.

കൈവിട്ട നാണ്യംപോലെ ഞാനിന്നു നിറം മങ്ങി-
യെങ്കിലും നെഞ്ചിൽച്ചേർത്തു വച്ചീലേ കാരുണ്യമേ!
നൂറിൽനിന്നൊറ്റപ്പെട്ടോരജമെങ്കിലും എന്നെ
മാറിലേറ്റുവാനോടിയെത്തീലേ വാത്സല്യമേ,

കീറിയ ചേലത്തുമ്പിൽ നിൻവിരൽ തൊടുംനേരം
നേരിനൂഷ്മളസ്നേഹമായി നീ തലോടവേ
ക്ഷണമെൻ ശരീരവും മനസ്സും കുളിർന്നുപോയ്,
വീണതൻ കമ്പിപോലെ പിടഞ്ഞു പാടിപ്പോയി.

വരവേറ്റെന്നെ ക്ഷമിച്ചാത്മസൂനുവായ് വീണ്ടും
വരദാനമായെനിക്കേകി നിൻ സൗഭാഗ്യങ്ങൾ...!
എങ്ങനെ നിൻ കരങ്ങൾ കാരുണ്യമൊഴുക്കുന്ന
മംഗളസ്പർശമേറ്റു വാങ്ങിടും പാപിയാം ഞാൻ....!

എങ്ങനെ നിന്മാറിലെ സ്പന്ദനച്ചൂടോടൊട്ടി
എന്നെ വിസ്മരിച്ചങ്ങേയാത്മാവിലലിഞ്ഞീടും?
ഇനി ഞാനിതാ നിന്റെ കനിവിൻ കൈത്താങ്ങിന്മേൽ
തനിയേ വീണുറങ്ങും പൈതലായ് ചാഞ്ഞീടുന്നു.

## ദളിത് ക്രൈസ്തവർക്കും മുസ്ലിംകൾക്കുംകൂടി പട്ടികജാതിപദവി നൽകുന്നതു പരിഗണനയിലെന്ന് കേന്ദ്രസർക്കാർ

ന്യൂഡൽഹി: ദളിത് ക്രൈസ്തവർക്കും മുസ്ലിംകൾക്കും കൂടി പട്ടികജാതിപദവി നൽകുന്നതു പരിഗണനയിലെന്ന് കേന്ദ്ര സർക്കാർ പാർലമെന്റിൽ അറിയിച്ചു. ക്രൈസ്തവ, മുസ്ലിം ദളിതർക്കും പട്ടികജാതിപദവി അനുസരിച്ചുള്ള സാധ്യതകൾ പരിശോധിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടെന്നു കേന്ദ്ര സാമൂഹികനീതി ശക്തീകരണവകുപ്പു മന്ത്രി ഡോ. വീരേന്ദ്രകുമാർ ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ ചൂണ്ടിക്കാട്ടി. കഴിഞ്ഞ ഒക്ടോബറിൽ നിയമിച്ച കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ എല്ലാ സെക്രട്ടേറിയറ്റ് സഹായവും നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

എന്നാൽ, ജസ്റ്റീസ് രംഗനാഥ് മിശ്ര കമ്മീഷന്റെ 2007 ലെ റിപ്പോർട്ട് അംഗീകരിക്കാതെ പുതിയ കമ്മീഷനായി മുൻ ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണനെ നിയമിച്ചതായി ലോക്സഭയിലെ സർക്കാരിന്റെ മറുപടിയിലില്ല. ദളിത് ക്രൈസ്തവർക്കും മുസ്ലിംകൾക്കും പട്ടികജാതി പദവി നൽകി വിദ്യാഭ്യാസ, തൊഴിൽസംവരണ ആനുകൂല്യങ്ങൾ നൽകണമെന്ന ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിനെ സുപ്രീംകോടതിയിൽ കഴിഞ്ഞമാസവും കേന്ദ്രസർക്കാർ എതിർത്തിരുന്നു. ചില ആന്തരികവും സൂക്ഷ്മവുമായ പ്രശ്നങ്ങൾ ശ്രദ്ധിക്കുന്നതിൽ രംഗനാഥമിശ്ര കമ്മീഷൻ പരാജയപ്പെട്ടുവെന്നാണ് കേന്ദ്രം കോടതിയിൽ പറഞ്ഞത്.

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

# ഓജോബോർഡിന്റെ രോമാഞ്ചങ്ങൾ

മലയാളികളുടെ പൊതുബോധത്തിലേക്ക് വീണ്ടുമിതാ ഓജോബോർഡ് കടന്നുവന്നിരിക്കുന്നു. മാത്രമല്ല, അതൊരു ട്രെൻഡായി മാറുകയും ചെയ്തിരിക്കുന്നു. കാരണം മറ്റൊന്നുമല്ല, ഇപ്പോൾ തീയറ്ററുകളിൽ നിറഞ്ഞോടുന്ന രോമാഞ്ചം എന്ന സിനിമതന്നെ.

മലയാളസിനിമയ്ക്ക് ഇതുവരെ അന്യമായിരുന്ന വിഷയമൊന്നുമല്ല ഓജോബോർഡിന്റേത്. 2004 ൽ പുറത്തിറങ്ങിയ സഞ്ജീവ് ശിവന്റെ ആദ്യസംവിധാനസംരംഭമായ അപരിചിതൻ എന്ന സിനിമയാണ് മലയാളികൾക്ക് ഓജോബോർഡിനെ ആദ്യമായി പരിചയപ്പെടുത്തിയത്. മമ്മൂട്ടി കേന്ദ്രകഥാപാത്രമായ സിനിമയായിരുന്നു അത്. എന്നാൽ, സിനിമയ്ക്ക് അത്രത്തോളം കൊമേഴ്സ്യൽ വിജയം അവകാശപ്പെടാൻ കഴിയാതെപോയതുകൊണ്ട് കൂടുതൽ ആളുകളിലേക്ക് ഓജോബോർഡും അതിന്റെ പിന്നിലെ കളികളും എത്തിപ്പെട്ടില്ല. (സർവത്രസ്വീകാര്യത ഉണ്ടായില്ലെന്നേയുള്ളൂ, എങ്കിലും ചിത്രത്തിന്റെ സ്വാധീനത്തിൽ ഒരുപാടു ചെറുപ്പക്കാർ ഓജോബോർഡ് കളിക്കുകയും പലവിധ ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുകയും ചെയ്തുവെന്നത് അനുബന്ധം.)

പിന്നീട് 2015 ൽ പുറത്തിറങ്ങിയ 'അടി കപ്യാരേ കൂട്ടമണി' എന്ന ചിത്രം മുന്നോട്ടുപോയതും ഓജോബോർഡിനെ കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു. ഹോസ്റ്റൽമുറിയിൽ ഒരു പ്രത്യേകസാഹചര്യത്തിൽ അകപ്പെട്ടുപോയ പെൺകുട്ടിയെ ആരുമറിയാതെ പുറത്തെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കളിക്കുന്ന നാടകം എന്ന മട്ടിലുള്ള ഓജോബോർഡുകളി അവസാനം കാര്യമായി മാറുന്നിടത്താണ് പ്രസ്തുത ചിത്രം അവസാനിക്കുന്നത്. പ്രേതം ഇല്ലെന്ന് അവകാശപ്പെട്ടിടത്ത് പ്രേതമുണ്ടെന്നു സ്ഥാപിക്കുകയാണ് ഈ ചിത്രം ചെയ്തത്. ഒരു രണ്ടാം ഭാഗത്തിന്റെ പാതിവാതിൽ അവിടെ തുറന്നിടുന്നുമുണ്ട്.

ഇപ്പോഴിതാ 2023 ന്റെ തുടക്കത്തിലെ ആദ്യഹിറ്റ് എന്ന പ്രശംസ നേടിയെടുത്തുകൊണ്ട് പ്രദർശനം തുടരുന്ന രോമാഞ്ചം എന്ന സിനിമയുടെ കേന്ദ്രവിഷയവും ഓജോബോർഡാണ്. ബംഗളൂരു നഗരത്തിലെ ഒരു വീട്ടിൽ താമസിക്കുന്ന ഏഴു ചെറുപ്പക്കാരുടെ ഓജോബോർഡുകളിയുടെ കഥയാണ് കഥയില്ലായ്മയുടെ ഈ സിനിമാക്കഥ പറയുന്നത്. ദോഷം പറയരുതല്ലോ, ഒട്ടും മടുപ്പില്ലാതെ കണ്ടിരിക്കാവുന്ന, ചിരിപ്പിക്കുന്ന ഒരു സിനിമതന്നെയാണ് രോമാഞ്ചം. പക്ഷേ, ചിരിപ്പിക്കുന്നതും കൊതിപ്പിക്കുന്നതുമായതുകൊണ്ട് അവ പൂർണമായും നല്ലതായിരിക്കണമെന്നില്ലല്ലോ? അധികമായാൽ അമൃതും വിഷമെന്നാണല്ലോ പറയുന്നത്. അതുകൊണ്ടുതന്നെ രോമാഞ്ചം എങ്ങനെയാണ് സമൂഹത്തിനു ദോഷം ചെയ്യുന്നത് എന്നു മനസ്സിലാക്കുന്നതു നല്ലതായിരിക്കും.

അതിനാദ്യം ഓജോബോർഡ് എന്താണെന്ന് അറിയണം. ഫ്രഞ്ച്, ജർമൻ ഭാഷയിൽനിന്നാണ് ഓജോ എന്ന വാക്ക് കടന്നുവന്നതെന്നാണു പൊതുനിഗമനം. ഇതിലെ കളിപോലെതന്നെ നിഗൂഢമായിട്ടാണ് ഈ കളി എങ്ങനെ രൂപപ്പെട്ടുവെന്ന കാര്യവും. അതെന്തായാലും, മരിച്ചുപോയവർക്കു ജീവിച്ചിരിക്കുന്നവരുമായി ബന്ധപ്പെടാൻ കഴിയുമെന്ന വിശ്വാസത്തിൽനിന്നാണ് ഓജോബോർഡ് രൂപപ്പെട്ടത്. അമേരിക്കയിൽ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ ഇങ്ങനെ ചില വിശ്വാസങ്ങൾ പ്രബലമായിരുന്നു. 1990 കൾ മുതൽ ഇതേക്കുറിച്ചുള്ള പഠനങ്ങൾ ആരംഭിച്ചു.



സ്പിരിറ്റ് ബോർഡ്, ടോക്കിങ് ബോർഡ് എന്നൊക്കെക്കൂടി ഇതിനു പേരുകളുമുണ്ട്. ലാറ്റിൻ അക്ഷരമാലയിലെ അക്ഷരങ്ങൾ, അക്കങ്ങൾ, 0-9 വാക്കുകൾ എന്നിവയൊക്കെയാണ് ഈ ബോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കാരംസ് ബോർഡുപോലെ സമചതുരമാണ് ഈ ബോർഡ്. യെസ്, നോ എന്നിങ്ങനെ പ്രത്യേകം രേഖപ്പെടുത്തിയ കളങ്ങളും ഇതിലുണ്ട്. നടുക്കുള്ള പോയിന്റിൽ നാണയംവച്ച് ഗുഡ് സ്പിരിറ്റ് പ്ലീസ് കം എന്നു വിളിക്കുകയും ആത്മാവ് കടന്നുവരുന്നതോടെ നാണയം ഇളകിത്തുടങ്ങുകയും ചെയ്യുന്നുവെന്നാണ് ഇവരുടെ അവകാശവാദം.

പിശാചിന്റെ ഒരു ഉപകരണമായിട്ടാണ് ഓജോബോർഡ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ഇതൊരു അന്ധവിശ്വാസമാണെന്നു വാദിച്ചും കൂട്ടുകാർക്കിടയിൽ ധൈര്യശാലിയാണെന്നു ഭാവിച്ചും തമാശയ്ക്കാണെന്ന മട്ടിലുമൊക്കെയായിരിക്കും പലരും ഓജോബോർഡ് കളി ആരംഭിക്കുന്നത്. പക്ഷേ, പതുക്കെപ്പതുക്കെ കളി കാര്യമാവുന്നു. രോമാഞ്ചം സിനിമയിൽ കഥാപാത്രങ്ങൾ ഈ ക്രമാനുഗതമായ മാറ്റത്തിലൂടെ കടന്നുപോകുന്നുണ്ട്. കളി കളിയല്ലാതായി മാറുമ്പോഴേക്കും പലർക്കും ജീവിതം നഷ്ടപ്പെട്ടിട്ടുമുണ്ടാവും. ഇവിടെയാണ് ഓജോബോർഡ് ഭീതികരമാകുന്നത്.



ക്രിസ്തീയ വിശ്വാസികൾ ഒരിക്കൽപോലും പരീക്ഷിക്കേണ്ട കളിയല്ല ഓജോബോർഡ്. കാരണം, ക്രിസ്തീയവിശ്വാസത്തിനു നിരക്കുന്ന രീതികളല്ല ഇതിന്റേത് എന്നതുതന്നെ. മരിച്ചുപോയ പ്രിയപ്പെട്ടവരുടെ ആത്മാക്കളെ വിളിച്ചുവരുത്തുന്നതും ഭാവികാര്യങ്ങൾ ചോദിക്കുന്നതുമായ രീതികൾ ക്രിസ്തീയവിശ്വാസത്തിനു വിരുദ്ധമാണ്. സ്പിരിറ്റ് ഇൻ ജീസസ് എന്ന കൾട്ട് കത്തോലിക്കാസഭയുടെ ഭാഗമാകാത്തതും അത് അപവദിക്കപ്പെടുന്നതും ഇതുകൊണ്ടുതന്നെ. പാതാളത്തിലിറങ്ങി ഒരാളെയും സുവിശേഷം പ്രഘോഷിച്ചു മാനസാന്തരപ്പെടുത്താനാവില്ലല്ലോ. സാത്താനുമായുള്ള സഹവാസം കൊണ്ടും പിശാചു ബാധയിലേക്കു നയിക്കുന്നു എന്നതു കൊണ്ടുമാണ് സഭ ഓജോബോർഡിനെ എതിർക്കുന്നത്.

എന്നാൽ, ആത്മീയമായ ഇത്തരം കാരണങ്ങൾ കൊണ്ടു മാത്രമല്ല ഓജോബോർഡ് സാമൂഹികതലത്തിൽ കൂടി എതിർക്കപ്പെടേണ്ടത്. ഓജോബോർഡ്പരീക്ഷണങ്ങൾ കൈവിട്ടുപോയപ്പോൾ പലരുടെയും മാനസികനില അവതാളത്തിലാകുന്നു എന്നതാണ് ഇതിന്റെ ഒരു ദുരന്തം. സാധാരണമനുഷ്യരുടെ യുക്തിയെയും മനോനിലയെയും ഈ കളി തകരാറിലാക്കുന്നു, അനേകം പേർ മാനസികവിഭ്രാന്തിക്ക് അടിമകളാകുന്നു, മനുഷ്യരുടെ ഉള്ളിലുള്ള ഭീതിക്കാണ് പലപ്പോഴും ഓജോബോർഡ് വിലയിടുന്നത്. ഭീതി ഉള്ളിൽ നിറഞ്ഞുകഴിയുമ്പോൾ കാറ്റിൽ ചലിക്കുന്ന വാഴയിലപോലും ഭീകരരൂപിയായി മാറുമെന്നതാണല്ലോ അനുഭവം. മനസ്സിലേക്കു വികലമായ ചിന്തകൾകടന്നുകൂടുകയും അവ പിന്നീട് വിഷാദത്തിലേക്കും മാനസികരോഗങ്ങളിലേക്കും ഏറ്റവും ഒടുവിൽ ആത്മഹത്യയിലേക്കുംവരെ എത്തുകയും ചെയ്യുന്നു. ചിലരെങ്കിലും സ്വാഭാവികമായ ജീവിതരീതിക്കു പുറത്തുപോയെന്നും വരാം.

ഓജോബോർഡിനെക്കുറിച്ചുള്ള വിവരങ്ങളും സിനിമകളും പുറത്തിറങ്ങിയ കാലത്തായിരുന്നു ഇത്തരം പരീക്ഷണങ്ങൾ ഏറെ നടന്നിരുന്നത്. പല ഹോസ്റ്റൽമുറികളും സമാനമായ അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്, അത്തരമൊരു കാലംതന്നെയാണ് രോമാഞ്ചത്തിലുമുള്ളത്. 2007 കാലത്ത് നടക്കുന്നു എന്ന മട്ടിലാണ് ചിത്രീകരണം. അനക്കമുണ്ടാക്കാതെ പോയ 'അപരിചിതൻ' പോലെയല്ല രോമാഞ്ചം എന്നതാണ് ഈ ചിത്രത്തെ ആശങ്കയോടെ നോക്കിക്കാണാൻ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകം.

കാരണം, 'അപരിചിതൻ' ഒരു ഹൊറർമൂവിയായിട്ടുതന്നെയായിരുന്നു അവതരിപ്പിക്കപ്പെട്ടിരുന്നത്. പ്രതികാരത്തിന്റെ എലിമെന്റുമുണ്ടായിരുന്നു. പക്ഷേ, രോമാഞ്ചം അങ്ങനെയല്ല. ഹൊറർ കോമഡി എന്നതാണ് ചിത്രത്തിന്റെ വിശേഷണം. അതുകൊണ്ടുതന്നെ ഈ ചിത്രം യുവതലമുറയെ കൂടുതലായി ആകർഷിക്കുന്നുണ്ട്. കൂട്ടുകാരെ കളിപ്പിക്കാൻവേണ്ടി തങ്ങൾതന്നെയാണോ ഗ്ലാസ് ചലിപ്പിച്ചത് എന്ന മട്ടിലുള്ള ആശയക്കുഴപ്പങ്ങളിലേക്കുപോലും ഇതിലെ കഥാപാത്രങ്ങൾ എത്തുന്നുണ്ട്. അവയൊക്കെ പ്രേക്ഷകനെ പൊട്ടിച്ചിരിപ്പിക്കുന്നുമുണ്ട്. അതുകൊണ്ടുതന്നെ ഒരു രസത്തിന്, കളി എങ്ങനെയുണ്ടെന്ന കൗതുകത്തിനൊക്കെ ഓജോബോർഡ് കളിച്ചുതുടങ്ങാനുള്ള സാധ്യത യുവജനങ്ങൾക്കിടയിൽ ഏറെയാണ്. സിനിമയിലെ കഥാപാത്രം പറയുന്നതുപോലെ രോമാഞ്ചിഫിക്കേഷനുവേണ്ടി രോമാഞ്ചത്തിൽ പ്രചോദിതരായി നമ്മുടെ കുട്ടികളും ചെറുപ്പക്കാരും ഇനി ഓജോ ബോർഡിന്റെ ആലസ്യത്തിലേക്കു ചേക്കേറുമോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

മാത്രവുമല്ല, ഒരു രണ്ടാംഭാഗം ബാക്കിനില്ക്കുന്നുണ്ടെന്ന സൂചന നല്കിക്കൊണ്ടുകൂടിയാണ് ചിത്രം അവസാനിക്കുന്നതും. അതായത്, ഓജോബോർഡ് ഒരു തുടർക്കഥയാകുന്നുവെന്ന്. എന്നോ നിലച്ചുപോയ ഓജോതരംഗം വീണ്ടും നമുക്കിടയിലേക്കു കടന്നുവരുന്നു. ആശങ്കപ്പെടേണ്ട വിഷയംതന്നെയാണിത്.

അതുകൊണ്ടുതന്നെ യുവജനങ്ങൾക്ക് അബദ്ധധാരണ നല്കുകയും അവരുടെ മാനസികനില തകരാറിലാക്കുകയും ചെയ്യുന്ന ഇത്തരം ചിത്രങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. മാത്രവുമല്ല, മാതാപിതാക്കൾ ഇത്തരം സിനിമകളെക്കുറിച്ച് ജാഗരൂകരായിരിക്കേണ്ടതുമാണ്. സിനിമയിലെ ശരിയും തെറ്റും കലയും കളയും വേർതിരിച്ചറിയാൻ നമുക്കു കഴിവുണ്ടാകണം. ■

# പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനങ്ങൾ



അഡ്വ. സി. ലിനറ്റ് SKD

നിയമവീഥി

പ്രത്യേകാവകാശപ്രകാരമുള്ള മരണശാസനം(Privileged Will) എന്നാൽ എന്താണ്?

1925 ലെ പിന്തുടർച്ചാനിയമം 65-ാം വകുപ്പുപ്രകാരം താഴെ പറയുന്നവർ ഉണ്ടാക്കുന്ന മരണശാസനങ്ങളാണ് ഈ വിഭാഗത്തിൽ വരുന്നത്.

- ഒരു യുദ്ധസംരംഭത്തിൽ നിയോഗിക്കപ്പെട്ടതോ യഥാർഥ യുദ്ധനടപടിയിൽ ഏർപ്പെട്ടിരിക്കുന്നതോ ആയ സൈനികൻ.
- അപ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ളവനോ ഏർപ്പെട്ടിരിക്കുന്നവനോ ആയ വൈമാനികൻ.
- കടലിൽ ആയിരിക്കുന്ന നാവികൻ.

*വകുപ്പ് 65 അനുസരിച്ച് പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനങ്ങളെക്കുറിച്ച്:*

ഒരു യുദ്ധസംരംഭത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ളവനോ യഥാർഥ യുദ്ധ നടപടിയിൽ ഏർപ്പെട്ടിരിക്കുന്നവനോ ആയ ഏതെങ്കിലും സൈനികനോ അല്ലെങ്കിൽ അപ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ളവനോ ഏർപ്പെട്ടിരിക്കുന്നവനോ ആയ വൈമാനികനോ കടലിൽ ആയിരിക്കുന്ന നാവികനോ തനിക്ക് 18 വയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ തന്റെ വസ്തു അറുപത്തിയാറാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ ഉണ്ടാക്കുന്ന മരണശാസനംവഴി വിനിയോഗം ചെയ്യാവുന്നതാണ്. അങ്ങനെയുള്ള മരണശാസനങ്ങളെ പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനങ്ങൾ എന്നു വിളിക്കുന്നു.

**ദൃഷ്ടാന്തങ്ങൾ**

- ഒരു റെജിമെന്റിനോടു ചേർന്ന് ഒരു മെഡിക്കൽ ഓഫീസർ ഒരു യുദ്ധസംരംഭത്തിൽ യഥാർഥത്തിൽ നിയോഗിക്കപ്പെട്ടിരിക്കുന്നു. അയാൾ ഒരു യുദ്ധസംരംഭത്തിൽ യഥാർഥത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള സൈനികനാണ്. അയാൾക്കു പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതാണ്.
- ഒരു കപ്പലിൽ സേവനമനുഷ്ഠിക്കുന്ന നാവികന് പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയും.
- കലാപകാരികൾക്കിടയിൽ യുദ്ധരംഗത്തു സേവനമനുഷ്ഠിക്കുന്ന സൈനികന് ഒരു വ്യക്തി, അയാൾ യഥാർഥയുദ്ധനടപടിയിൽ ഏർപ്പെട്ടിരിക്കുന്ന ആ നിലയ്ക്ക് പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതാണ്.
- ഒരു കപ്പലിലെ നാവികനായ വ്യക്തി, അയാൾ ഒരു യാത്രയ്ക്കിടയിൽ കപ്പൽ തുറമുഖത്തു കിടക്കുമ്പോൾ താത്കാലികമായി കടൽത്തീരത്താണ്. ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് അയാൾ കടലിൽ ആയിരിക്കുന്ന നാവികനാണ്. അയാൾക്ക് പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതാണ്.
- ഒരു നാവികസേനയെ നയിക്കുന്ന അഡ്മിറലും എന്നാൽ കടൽത്തീരത്തു താമസിക്കുകയും കപ്പലിലേക്ക് ഇടയ്ക്കു മാത്രം പോകുന്നവനുമായ ഒരു വ്യക്തി കടലിൽ ആയിരിക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും അയാൾക്ക് പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതല്ലാത്തതുമാകുന്നു.
- ഒരു സൈനികയുദ്ധസംരംഭത്തിൽ സേവനമനുഷ്ഠിക്കുന്ന നാവികനും എന്നാൽ, കടലിൽ അല്ലാതിരിക്കുന്നവനുമായ ഒരു വ്യക്തി സൈനികനായി കരുതപ്പെടുന്നതും അയാൾക്കു പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനം ഉണ്ടാക്കാൻ കഴിയുന്നതുമാകുന്നു.

*പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനങ്ങൾ ഉണ്ടാക്കുന്ന സമ്പ്രദായവും ഒപ്പിട്ടു പൂർത്തീകരിക്കാനുള്ള ചട്ടങ്ങളും സംബന്ധിച്ച്:*

പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനങ്ങൾ ലിഖിതമായിരിക്കാവുന്ന വാക്കാൽ ഉണ്ടാക്കാവുന്നതോ ആകുന്നു.

പ്രത്യേക അവകാശപ്രകാരമുള്ള മരണശാസനങ്ങളുടെ ഒപ്പിട്ടു പൂർത്തീകരിക്കൽ താഴെ പറയുന്ന ചട്ടങ്ങളെ അനുശാസിതമായിരിക്കുന്നതാകുന്നു.

- മരണശാസനം മുഴുവനും മരണശാസനാകർത്താവിന് സ്വന്തം കൈകൊണ്ട് എഴുതാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ അത് ഒപ്പിടുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യേണ്ടതില്ല.
- അത് മുഴുവനായോ ഭാഗികമായോ മറ്റൊരാൾ എഴുതിയതും മരണശാസനാകർത്താവ് ഒപ്പിട്ടതും ആകാവുന്നതാണ്. അങ്ങനെയുള്ള സംഗതിയിൽ അത് സാക്ഷ്യപ്പെടുത്തേണ്ടതില്ല.
- മരണശാസനമായി കരുതപ്പെടുന്ന പ്രമാണം മുഴുവനായോ ഭാഗികമായോ മറ്റൊരാൾ എഴുതുകയും മരണശാസനാകർത്താവ് അത് ഒപ്പിടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അത് മരണശാസനാകർത്താവിന്റെ നിർദേശപ്രകാരം എഴുതിയതാണെന്നോ അല്ലെങ്കിൽ അതു തന്റെ മരണശാസനമായി അയാൾ അംഗീകരിച്ചുവെന്നോ കണക്കാക്കപ്പെടുന്നതെങ്കിൽ അത് അയാളുടെ മരണശാസനമായി കരുതപ്പെടാവുന്നതാകുന്നു.
- മരണശാസനാകർത്താവ് ഉദ്ദേശിച്ച രീതിയിൽ പ്രമാണത്തിന്റെ പൂർത്തീകരിക്കൽ മുഴുമിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും അതിൽ നിന്നു പ്രത്യക്ഷത്തിൽ ത്തന്നെ കാണപ്പെടുന്നുവെങ്കിൽ പ്രമാണം ആ കാരണത്താൽ അസാധുവായിരിക്കുന്നതല്ല. എന്നാൽ, അതിന് അയാൾ അത് ഒപ്പിട്ടു പൂർത്തീകരിക്കാതിരുന്നത് പ്രമാണത്തിൽ പ്രകടമാക്കിയിട്ടുള്ള മരണശാസനോദ്ദേശ്യങ്ങൾ ഉപേക്ഷിച്ചിരിക്കുന്നുവെന്നുള്ളതല്ലാത്ത മറ്റു വല്ല കാരണത്താലുമാണെന്നു ന്യായമായി കല്പിക്കപ്പെടാവുന്നതായിരിക്കണം.
- സൈനികനോ വൈമാനികനോ നാവികനോ തന്റെ മരണപത്രം തയ്യാറാക്കുന്നതിനുള്ള ആദേശങ്ങൾ എഴുതിയിരിക്കുകയും, എന്നാൽ അത് തയ്യാറാക്കുകയും ഒപ്പിട്ടു പൂർത്തീകരിക്കുകയും ചെയ്യുന്നതിനുമുമ്പ് മരണപ്പെടുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ആദേശങ്ങൾ അയാളുടെ മരണശാസനം ആകുന്നതായി പരിഗണിക്കാവുന്നതാണ്.
- സൈനികനോ വൈമാനികനോ നാവികനോ തന്റെ മരണശാസനം തയ്യാറാക്കുന്നതിന് രണ്ടു സാക്ഷികളുടെ സാന്നിധ്യത്തിൽ വാക്കാൽ ആദേശങ്ങൾ നൽകിയിരിക്കുകയും അവ അയാളുടെ ജീവിതകാലത്ത് ലിഖിതമാക്കിയിരിക്കുകയും എന്നാൽ, അയാൾ പ്രമാണം തയ്യാറാക്കുകയും ഒപ്പിട്ടു പൂർത്തീകരിക്കുകയും ചെയ്യാൻ കഴിയുന്നതിനുമുമ്പ് മരിച്ചുപോയിരിക്കുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ആശയങ്ങൾ അവ അയാളുടെ സാന്നിധ്യത്തിൽ ലിഖിതമാക്കുകയോ അത് അയാളെ വായിച്ചുകേൾപ്പിക്കുകയോ ചെയ്തിട്ടില്ലാതിരിക്കാമെങ്കിലും അയാളുടെ മരണശാസനം ആകുന്നതായി പരിഗണിക്കപ്പെടുന്നതാണ്.
- സൈനികനോ വൈമാനികനോ നാവികനോ, ഒരേസമയത്ത് സന്നിഹിതരായിരിക്കുന്ന രണ്ടു സാക്ഷികളുടെ മുമ്പാകെ തന്റെ ഉദ്ദേശ്യം പ്രഖ്യാപിച്ചുകൊണ്ട് വാക്കാൽ മരണശാസനം ഉണ്ടാക്കാവുന്നതാണ്.




*വാക്കാലുള്ള മരണശാസനങ്ങൾ ദുർബലപ്പെടുന്നതു സംബന്ധിച്ച്:*

വാക്കാൽ ഉണ്ടാകുന്ന മരണശാസനം മരണശാസനാകർത്താവ് ജീവിച്ചിരിക്കെത്തന്നെ അയാൾക്ക് പ്രത്യേക അവകാശമുള്ള മരണശാസനം ഉണ്ടാക്കാനുള്ള അവകാശം ഇല്ലാതായിത്തീർന്നതിനുശേഷം ഒരു മാസം കഴിയുന്നതോടെ അസാധുവാകുന്നതാണ്.

*വാക്കാലുള്ള മരണശാസനങ്ങൾ സംശയാതീതമായി തെളിയിക്കപ്പെടണം എന്നതു സംബന്ധിച്ച്:*

വാക്കാലുള്ള മരണശാസനങ്ങൾ പ്രത്യേകാവകാശപ്രകാരം അംഗീകരിക്കപ്പെടണമെങ്കിൽ പ്രത്യേകാവകാശം നഷ്ടപ്പെടുന്നതിനുമുമ്പ് അല്ലെങ്കിൽ അന്നുമുതൽ ഒരു മാസത്തിനകം മരിച്ചിരിക്കണം.

വാക്കാലുള്ള മരണശാസനങ്ങൾ ശക്തവും അഖണ്ഡനീയവുമായ തെളിവുകൾ നൽകി സംശയാതീതമായി തെളിയിക്കപ്പെടണം എന്ന പൊതുതത്ത്വം ഇവിടെയും പ്രസക്തമാണ്.

■

ശ്രേഷ്ഠമലയാളം

ഡേവിസ് സേവ്യർ

# കാരി

## മലയാളത്തിലും സംസ്കൃതത്തിലും



പാൽക്കാരി, വേലക്കാരി മുതലായ പദങ്ങളിൽ കാണുന്ന 'കാരി' മലയാളത്തിലെ സ്ത്രീലിംഗപ്രത്യയമാണ്. 'കാരി'ക്കു പകരം 'ത്തി' ചേർത്തും സ്ത്രീലിംഗരൂപങ്ങളെ സൃഷ്ടിക്കാം; പാൽക്കാരത്തി, വേലക്കാരത്തി എന്നിങ്ങനെ. ഇതല്ലാതെ ചില സംസ്കൃതപദങ്ങളോടു ചേരുന്ന ഒരു 'കാരി' ഉണ്ട്. അതിന് മലയാളത്തിലെ 'കാരി'യുമായി ബന്ധമില്ല. അത് സംസ്കൃതത്തിലെ ഒരു പ്രത്യയമാണ്. സ്ത്രീലിംഗവിവക്ഷയില്ലാത്ത പുല്ലിംഗനാമം എന്നു പറയാം.

പൂജാകാരിയിലെ 'കാരി' എടുക്കാം. പൂജാദികർമങ്ങൾ ചെയ്യുന്ന പുരോഹിതനെ സൂചിപ്പിക്കുന്ന പദമാണ് പൂജാകാരി. അവിടെ കാരി (കാരിൻ – ചെയ്യുന്നവൻ) പുല്ലിംഗരൂപമാണ്. വിശേഷിച്ചും പദാന്ത്യത്തിൽ നിൽക്കുമ്പോൾ. പൂജാകാരി എന്നതിലെ കകാരം ലോപിച്ചാണ് പൂജാരി എന്ന പദം നിഷ്പന്നമായത്. പദങ്ങളുടെ മധ്യത്തിൽ വരുന്ന കകാരം ലോപിക്കുന്ന പ്രവണത മലയാളത്തിലുണ്ട്. മകൻ – മോൻ; മകൾ – മോൾ; പകുതി – പാതി എന്നെല്ലാമാകുന്നത് മധ്യസ്ഥമായ കകാരലോപംമൂലമാണല്ലോ. അതുപോലെ പൂജാകാരി, പൂജാരിയായി ചുരുങ്ങി എന്നു കരുതാം. സംസ്കൃതത്തിലാകുമ്പോൾ സ്ത്രീലിംഗരൂപത്തിനും മാറ്റമുണ്ട്. അങ്ങനെയെങ്കിൽ പൂജാരി പുല്ലിംഗവും പൂജാരിണി സ്ത്രീലിംഗവും ആകുന്നു.

ഇവിടെ ഇതൊരു വിഷയമായി പരിഗണിച്ചത്, പാൽക്കാരി, വേലക്കാരി എന്നിവയിലെ കാരിയും സഹകാരി, അഹങ്കാരി എന്നിവയിലെ കാരിയും ഭിന്നങ്ങൾ ആണെന്നു കാണിക്കാനാണ്. പാൽക്കാരി, വേലക്കാരി എന്നീ ശബ്ദങ്ങളിൽ 'ഇ' ആണ് സ്ത്രീലിംഗമെന്നു മനസ്സിലാക്കണം.* ജോലിക്കാരി, പോലീസുകാരി, ജീവനക്കാരി, പാലാക്കാരി മുതലായവയെ ഇ ചേർന്ന സ്ത്രീലിംഗപദങ്ങളായി പരിഗണിക്കാം. എന്നാൽ, ഉപദ്രവകാരി, പരോപകാരി തുടങ്ങിയ സംസ്കൃതശബ്ദങ്ങളിലെ കാരി 'കാരിൻ' എന്ന ധാതുവിൽനിന്ന് ഉണ്ടായതാണെന്നു ധരിക്കണം. അതായത്, സംസ്കൃതത്തിലെ കാരി പുല്ലിംഗവും മലയാളത്തിലെ കാരി സ്ത്രീലിംഗവുമാണെന്നു മനസ്സിലാക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു കുറിപ്പ് തയ്യാറാക്കിയത്.

*ഗോപി, ആദിനാട്, മലയാളം: ഭാഷ, വ്യാകരണം, പ്രയോഗം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 198.




കഥാസാരം: ഒരു നിർധന കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. അവൾക്ക് ദൂരെ ഒരു സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി ഇന്ദു സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. കോപാകുലനായ മാനേജർ ഇന്ദുവിനെ പിരിച്ചുവിട്ടു. ജോലിയും കൊടുത്ത പണവും നഷ്ടമായി എന്നറിഞ്ഞപ്പോൾ പക്ഷാഘാതം വന്നു കിടപ്പിലായിരുന്ന ഇന്ദുവിന്റെ അച്ഛൻ നാരായണൻ നമ്പൂതിരി ഹൃദയാഘാതം വന്നു മരിച്ചു. ഇന്ദുവിനോടുള്ള പക അടങ്ങാതെ ആനന്ദൻ അവളെ സഹായിക്കാമെന്ന വ്യാജേന തന്റെ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ നല്ല ശമ്പളത്തിൽ റിസപ്ഷനിസ്റ്റായി ജോലിക്കുവച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യ ഇൻസ്ട്രക്ടർ രാജേഷുമായി ആനന്ദൻ ഗൂഢാലോചന നടത്തി, ഇന്ദുവിനെ തെറ്റിദ്ധരിപ്പിച്ച് ഹോട്ടൽ മുറിയിലെത്തിച്ചു. ആനന്ദൻ പോലീസിനെ സ്വാധീനിച്ച് ഇവരുടെ മുറിയിലേക്കു പറഞ്ഞുവിട്ടു. (തുടർന്നു വായിക്കുക)

സർക്കിൾ ഇൻസ്പെക്ടർ രാമനാഥനായിരുന്നു മുറിയിലേക്കു കയറിവന്നത്. അയാൾ ഇന്ദുവിന്റെ അടുത്തേക്കു വന്നിട്ടു ഗൗരവത്തോടെ ചോദിച്ചു:

"എന്താ ഇവിടെ പരിപാടി?"

''ഒരു മീറ്റിങ് ഉണ്ടെന്നു പറഞ്ഞു വിളിച്ചോണ്ടു വന്നതാ." രാജേഷിനെ ചൂണ്ടി ഇന്ദു പറഞ്ഞു. രാമനാഥൻ രാജേഷിന്റെ നേരേ തിരിഞ്ഞു.

"എന്തു മീറ്റിങ്ങാടാ?"

''സാർ, ഒരു ഒഫീഷ്യൽ മീറ്റിങ്ങാ. ആനന്ദൻസാർ പറഞ്ഞിട്ടാ വന്നത്."

"ഏത് ആനന്ദൻസാർ?"

രാജേഷ് ആനന്ദൻ ആരാണെന്നു വെളിപ്പെടുത്തി.

''ആനന്ദന്റെ നമ്പരിങ്ങു തന്നേ."

രാജേഷ് ആനന്ദന്റെ ഫോൺ നമ്പർ കൊടുത്തു. രാമനാഥൻ ആ നമ്പരിൽ വിളിച്ചു സംസാരിച്ചിട്ട് രാജേഷിന്റെ നേരേ തിരിഞ്ഞു.

"ഇങ്ങനൊരു മീറ്റിങ് ഇല്ലെന്നാണല്ലോ ആനന്ദൻ പറഞ്ഞത്. മീറ്റിങ്ങിന്റെ പേരും പറഞ്ഞ് ഇവിടെന്തായിരുന്നു പണി? മയക്കുമരുന്നുകച്ചവടമുണ്ടോ?"

"ഇല്ല സാർ."

"പിന്നെന്തിനാ ഈ പകൽ ഇവിടെ റൂം എടുത്ത് രണ്ടുപേരും ഇവിടെ വന്നത്?"

"സാർ, പ്രായപൂർത്തിയായ ഒരാണും പെണ്ണും ഒരു ഹോട്ടൽ മുറിയിൽ നിൽക്കുന്നത് ഏതു വകുപ്പുപ്രകാരമാണ് കുറ്റകരം?"

"നീയെന്നെ വകുപ്പും ചട്ടോം പഠിപ്പിക്കുവാണോ? നിന്റെ ഭാര്യയാണോ ഇവള്?"

''ഞാൻ സ്നേഹിക്കുന്ന പെണ്ണാ."

"ആണോ?" രാമനാഥൻ ഇന്ദുവിന്റെ നേരേ തിരിഞ്ഞു. എന്തു പറയണമെന്നറിയാതെ ഇന്ദു രാജേഷിനെ നോക്കി. അതേ എന്നു പറയാൻ രാജേഷ് കണ്ണുകൊണ്ട് ആംഗ്യം കാണിച്ചു. അല്ല എന്നു പറഞ്ഞാൽ കുടുങ്ങുമെന്നുറപ്പായപ്പോൾ ഇന്ദു മൂളി.

"ഉം."

''ഇവൻ നിന്നെ കല്യാണം കഴിക്കാന്നു പറഞ്ഞിട്ടുണ്ടോ?"

ഇന്ദു വീണ്ടും രാജേഷിനെ നോക്കി. ഉണ്ടെന്നു പറയാൻ രാജേഷ് ആംഗ്യം കാണിച്ചു.

"ഉം."

"നിന്റെ വീടെവിടാ?"

ഇന്ദു സ്ഥലപ്പേരു പറഞ്ഞു.

"നിന്റെ വീട്ടിലറിയാമോ ഈ ചുറ്റിക്കളി?"

"ഇല്ല."

"ഒരു കാര്യം ചെയ്യ്. രണ്ടുപേരും സ്വന്തം ഇഷ്ടപ്രകാരം ഇവിടെ വന്നതാണെന്നും നിങ്ങൾ വിവാഹം കഴിക്കാൻ പോകുന്നവരാണെന്നും കാണിച്ച് ഒരു സത്യവാങ്മൂലം എഴുതിത്താ. വെറുതെ വിട്ടേക്കാം. ഇല്ലെങ്കിൽ രണ്ടുപേരും സ്റ്റേഷനിലേക്ക് പോരെ."

"എഴുതിത്തരാം സാർ." രാജേഷ് ഒരു കടലാസ് എടുത്ത് എഴുതാൻ തുടങ്ങി. ഇന്ദു നിന്നു വിയർക്കുകയായിരുന്നു.

''ലഹരിമരുന്നോ വല്ലോം ഉണ്ടോന്ന് ഒരു സെർച്ചു ചെയ്തേ അനിരുദ്ധാ."

രാമനാഥൻ കൂടെയുള്ള പോലീസുകാരനു നിർദേശം നൽകി.



അയാൾ രാജേഷിന്റെയും ഇന്ദുവിന്റെയും ബാഗും മുറിയിലെ കബോഡുമൊക്കെ തുറന്നു നോക്കി. ഒന്നും കണ്ടില്ല.

സത്യവാങ്മൂലം എഴുതി രാജേഷും ഇന്ദുവും ഒപ്പിട്ട് രാമനാഥനു കൈമാറി. അതു വായിച്ചു നോക്കിയിട്ട് രാമനാഥൻ ഇന്ദുവിനെ നോക്കി പറഞ്ഞു:

"ഇങ്ങനെ ഹോട്ടലിൽ റൂം എടുത്തു കാശുകളയാതെ എത്രയും വേഗം കല്യാണം കഴിച്ച് ഒരു വീടെടുത്തു താമസിക്കാൻ നോക്ക് കേട്ടോ."

തൊലി ഉരിഞ്ഞുപോകുന്നപോലെ തോന്നി ഇന്ദുവിന്.

"സാർ, ഇത് പുറത്താരോടും പറയരുത്." രാജേഷ് കെഞ്ചി.

"നിങ്ങളു കല്യാണം കഴിക്കാനിരിക്കുവല്ലേ. പിന്നെ പുറത്തറിഞ്ഞാലെന്താ?"

അതു പറഞ്ഞിട്ട് രാമനാഥൻ മുറിവിട്ടിറങ്ങി പോയി.

വാതിൽ അടച്ചിട്ട് രാജേഷ് ഇന്ദുവിന്റെ നേരേ തിരിഞ്ഞതും അവൾ ഒരു പൊട്ടിത്തെറി.

"താനെന്നെ ചതിക്കുവായിരുന്നു അല്ലേ?" ഇന്ദുവിന്റെ കണ്ണുകളിൽ തീ പാറി.

"ദുഷ്ടൻ"

''ഞാനല്ല ചതിച്ചത് ഇന്ദൂ. ആനന്ദൻസാറാണ്. മീറ്റിങ് ഉണ്ടെന്നു പറഞ്ഞ് ഇങ്ങോട്ടു വരാൻ പറഞ്ഞത് അയാളാണ്. അയാള് നമ്മളെ കുടുക്കിയതാ. രക്ഷപ്പെടാൻ വേണ്ടിയാ നമ്മളു പ്രണയിതാക്കളെന്നു ഞാൻ പറഞ്ഞത്."

''ഞാൻ ആനന്ദൻസാറിനെ ഒന്നു വിളിച്ചുനോക്കട്ടെ."

ഇന്ദു മൊബൈൽ എടുത്ത് ആനന്ദന്റെ നമ്പർ ഡയൽ ചെയ്തു.

"നിങ്ങളു രണ്ടുപേരുംകൂടി പ്ലാൻ ചെയ്ത് ഹോട്ടലിൽ മുറിയെടുത്ത് പോലീസ് പിടിച്ചപ്പം എന്റെ പേരു പറഞ്ഞ് രക്ഷപ്പെടാൻ നോക്കുന്നോ? പോലീസ് എന്നെ വിളിച്ചപ്പം ഞാൻ അന്തംവിട്ടുപോയി. നിന്നിൽനിന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല ഇങ്ങനെയൊരു സ്വഭാവദൂഷ്യം. നിങ്ങളു തമ്മിൽ പ്രണയമാണെങ്കിൽ കല്യാണം കഴിച്ചു ജീവിക്കരുതോ?'' ആനന്ദൻ പൊട്ടിത്തെറിച്ചു.

''സാർ, എന്നെ രാജേഷ് തെറ്റിദ്ധരിപ്പിച്ചു കൊണ്ടുവന്നതാണ്. പോലീസിൽനിന്നു രക്ഷപ്പെടാൻവേണ്ടി രാജേഷ് കള്ളം പറഞ്ഞതാണ്, പ്രേമമാണെന്ന്."

''ഇങ്ങനെയൊരു മീറ്റിങ് ഉണ്ടോന്ന് നിനക്കെന്നെ വിളിച്ചൊന്നു ചോദിക്കായിരുന്നല്ലോ. ഞാൻ നിന്നെ അങ്ങോട്ടു വിളിച്ചു ജോലി തന്നതല്ലേ?"

"ഞാൻ രാജേഷിനെ പൂർണമായി വിശ്വസിച്ചുപോയി സാർ. അതെന്റെ തെറ്റ്. ക്ഷമ ചോദിക്കുന്നു."

''കള്ളി വെളിച്ചത്തായപ്പം നിന്റെ ഒരു ക്ഷമാപണം. മുമ്പ് പുലിപോലെ ചീറിയതാണല്ലോ നീ എന്റെ മുമ്പിൽ? എവിടെപ്പോയി നിന്റെ ആ ശൗര്യം?"

ഇന്ദുവിനു മറുപടി ഉണ്ടായില്ല.

"ഇന്നത്തെ അന്തിപ്പത്രത്തിൽ ഈ വാർത്ത വരും. പത്രക്കാര് എന്നെ വിളിച്ചു. അവരെന്തൊക്കെ എഴുതിപ്പിടിപ്പിക്കുമെന്ന് ആർക്കറിയാം. എന്റെ സ്ഥാപനത്തിന്റെ റെപ്യൂട്ടേഷൻ പോയി. രണ്ടുപേരും ഇന്നുതന്നെ പിരിഞ്ഞുപൊക്കോ. വേറെവിടെങ്കിലും പോയി രജിസ്റ്റർ മാര്യേജ് ചെയ്ത് വല്ല കൂലിപ്പണീം ചെയ്തു ജീവിക്കാൻ നോക്ക്. ഈ നാട്ടിൽ നിന്നാൽ മുഖത്തു തുണിയിടാതെ നിനക്കു പുറത്തിറങ്ങി നടക്കാൻ പറ്റാതാകും."

"സാർ ഞാൻ..."

''നോ എസ്ക്യൂസ്. ഇനി എന്റെ സ്ഥാപനത്തിലേക്കു വരണ്ട." – കൂടുതലെന്തെങ്കിലും പറയാനവസരം കൊടുക്കാതെ ആനന്ദൻ ഫോൺ കട്ടു ചെയ്തു.

ഇന്ദുവിന്റെ മുഖവും ദേഹവും വിയർത്തിരുന്നു. അവൾ രാജേഷിനെ ക്രുദ്ധയായി നോക്കി.

"ഇന്ദു വിഷമിക്കണ്ട. ഇന്ദുവിനെ ഞാൻ കല്യാണം കഴിക്കാം. കല്യാണം കഴിച്ച് വേറേ ഏതെങ്കിലും നാട്ടിൽപോയി. നമുക്കു സന്തോഷമായി ജീവിക്കാം. ആനന്ദൻ സാറു നമ്മളെ ചതിച്ചതാ."

''ഷട്ട് അപ് യുവർ ബ്ലഡി മൗത്ത്. തന്റെ കൂടെ ജീവിക്കുന്നതിനെക്കാൾ നല്ലത് ആത്മഹത്യ ചെയ്യുന്നതാ. റാസ്കൽ."

അതു പറഞ്ഞിട്ട് ഇന്ദു ബാഗെടുത്ത് വേഗം മുറിവിട്ടിറങ്ങി. തിടുക്കത്തിൽ പടികളിറങ്ങി അവൾ റോഡിലേക്കു നടന്നു. നേരേ ഹോസ്റ്റലിലേക്കാണു പോയത്. മുറിയിൽ കയറി വാതിലടച്ചു കട്ടിലിലേക്കു വീണു. സങ്കടം ഒതുക്കാൻ കഴിയുന്നില്ല. രാജേഷ് ചതിച്ചുവല്ലോ. ആനന്ദനും രാജേഷുംകൂടിയുള്ള ഒത്തുകളിയാണോ? ഒരുപാടു സംശയങ്ങൾ മനസ്സിൽ പൊന്തി.

അന്നത്തെ സായാഹ്നപ്പത്രത്തിൽ വാർത്ത ഉണ്ടായിരുന്നു. കമിതാക്കളെ ലോഡ്ജിൽനിന്നു പൊക്കി പോലീസ് താക്കീതു ചെയ്തു വിട്ടയച്ചു എന്നായിരുന്നു ശീർഷകം. വാർത്ത ഇങ്ങനെ: നഗരത്തിലെ പ്രമുഖ ലോഡ്ജിൽനിന്ന് കമിതാക്കളായ യുവാവിനെയും യുവതിയെയും പോലീസ് പിടിച്ചു താക്കീതു ചെയ്തു പറഞ്ഞയച്ചു. ലഹരി മരുന്നുവേട്ടയ്ക്കിടെ അവിചാരിതമായി പോലീസിന്റെ കണ്ണിൽപ്പെടുകയായിരുന്നു കമിതാക്കൾ. നഗരത്തിലെ ഒരു കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരാണ് ഇരുവരും. തങ്ങൾ പ്രണയബദ്ധരാണെന്നും വിവാഹം കഴിക്കാനിരിക്കുകയാണെന്നും വ്യക്തമാക്കിയതിനെത്തുടർന്ന് പോലീസ് താക്കീതു ചെയ്തു വിട്ടയച്ചു. യുവതി നേരത്തേ ഒരു സ്കൂൾ അധ്യാപികയായിരുന്നു. സ്വഭാവദൂഷ്യത്തെത്തുടർന്ന് പിരിച്ചുവിടുകയായിരുന്നു. നഗരത്തിലെ ലോഡ്ജുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്നു കച്ചവടവും അനാശാസ്യപ്രവൃത്തികളും വർദ്ധിച്ചുവരുന്നതായി പോലീസ് പറഞ്ഞു.

വാർത്ത നാട്ടിലെങ്ങും പാട്ടാകാൻ ഏറെനേരം വേണ്ടി വന്നില്ല. കഥാപാത്രങ്ങൾ ഇന്ദുവും രാജേഷുമാണെന്നതും പരന്നു. മേട്രൻ ഇന്ദുവിന്റെ മുറിയിലേക്കു പാഞ്ഞു വന്നിട്ടു പറഞ്ഞു:

"നാളെത്തന്നെ റൂം വെക്കേറ്റ് ചെയ്തേക്കണം. ഇനി ഇവിടെ താമസിക്കാൻ പറ്റില്ല."

ഇന്ദു ഒന്നും മിണ്ടിയില്ല. എങ്ങോട്ടു പോകണമെന്നറിയാതെ അവൾ വിഷമിച്ചു. അശ്വതി റ്റീച്ചറെ ഒന്നു വിളിച്ചാലോ? അവരുടെ ചെവിയിലുമെത്തിയിട്ടുണ്ടാവില്ലേ വാർത്ത? തന്നെക്കുറിച്ചു തെറ്റായ ഒരു ചിത്രം അവരുടെ മനസ്സിലുണ്ടാവില്ലേ? ഇന്ദു അപ്പോൾത്തന്നെ അശ്വതിയുടെ മൊബൈലിൽ വിളിച്ചു കാര്യങ്ങൾ പറഞ്ഞു.

"എല്ലാ കാര്യങ്ങളും എന്നോടു പറയാറുണ്ടായിരുന്ന ഇന്ദു എന്തേ ഇങ്ങനെയൊരു മീറ്റിങ്ങിന്റെ കാര്യം എന്നോടു പറയാതിരുന്നത്?" ഇന്ദു പറഞ്ഞതൊന്നും അശ്വതിക്കു വിശ്വസിക്കാനായില്ല.

"ഇതിലൊരു ചതിയുണ്ടെന്ന് ഞാൻ സ്വപ്നത്തിൽപ്പോലും വിചാരിച്ചില്ല റ്റീച്ചറേ."

''എനിക്കിതങ്ങു വിശ്വസിക്കാൻ പറ്റുന്നില്ല. ഇന്ദുവിനെപ്പറ്റി ഇങ്ങനൊരു ചിത്രമല്ലായിരുന്നു എന്റെ മനസ്സിൽ. ആട്ടെ, ഞാനിപ്പം എന്തു ചെയ്യണം?"

"കുറച്ചുദിവസം അവിടെ താമസിക്കാൻ ഒരു സൗകര്യം തരാമോ?"

"സോറി. ചേട്ടനത് ഇഷ്ടാവില്ല. വേറെവിടെങ്കിലും നോക്ക്. ഞാനിത്തിരി തിരക്കിലാണേ. പിന്നെ വിളിക്കാം.'' കൂടുതൽ സംസാരിക്കാനവസരം കൊടുക്കാതെ അശ്വതി ഫോൺ കട്ട് ചെയ്തു.

പ്രിയപ്പെട്ടവർപോലും തെറ്റിദ്ധരിച്ചു എന്ന് ഇന്ദുവിനു മനസ്സിലായി. ഇനി ഈ നാട്ടിൽ ആരും സഹായത്തിനുണ്ടാവില്ല. വീട്ടിലേക്കു മടങ്ങാനും സാധിക്കില്ല. അമ്മയുടെയും അനിയത്തിമാരുടെയും കുത്തുവാക്കുകൾ. വഴിമുട്ടിയ ജീവിതത്തിൽ വഴികാട്ടാൻ ഇനി ആരുമില്ല. വെറുക്കപ്പെട്ടവളായി ഇനി എന്തിനു ജീവിക്കണം? ഒരുപക്ഷേ, സ്വർഗലോകത്തിൽ തനിക്കു സന്തോഷകരമായ ഒരു ജീവിതം ദൈവം ഒരുക്കിയിട്ടുണ്ടെങ്കിലോ? വേഗം അങ്ങോട്ടു ചെല്ലാനാണ് ഈശ്വരൻ ഈ ദുരിതങ്ങൾ തരുന്നതെങ്കിലോ? ആരും തുണയില്ലാതെ ഇവിടെ ജീവിക്കുന്നതിലെന്തർഥം? ഒരുപാട് ചിന്തകൾ അവളുടെ മനസ്സിൽ വട്ടമിട്ടു പറന്നു.

*(തുടരും)*

# ആത്മാർഥതയില്ലാത്ത അധരവ്യായാമങ്ങൾ

(1-ാം പേജ് തുടർച്ച)

**കേന്ദ്രത്തെ പഴിചാരി കേരളം ഒളിച്ചോടുന്നു**

രാജ്യത്തെ റബർകൃഷിയുടെ മുഖ്യകേന്ദ്രവും ആസ്ഥാനവും കേരളമാണ്. സ്വന്തം സംസ്ഥാനത്തെ റബർ കർഷകരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സംസ്ഥാനസർക്കാരിനുമുണ്ട്. സംസ്ഥാനമാകട്ടെ മുൻകാലങ്ങളിൽ പ്രഖ്യാപിച്ച 500 കോടിയുടെ വിലസ്ഥിരതാപദ്ധതി 600 കോടിയായി ഉയർത്തിയിരിക്കുന്നു. എന്നാൽ, വർഷംതോറും പ്രഖ്യാപിച്ച കോടികളുടെ ചെറിയ ശതമാനം മാത്രമേ ഓരോ വർഷവും കർഷകർക്കു ലഭിച്ചിട്ടുള്ളുവെന്നുള്ള യാഥാർഥ്യം മറച്ചുവയ്ക്കുന്നു. ഇപ്പോൾ പ്രഖ്യാപിച്ച 600 കോടി പ്രഖ്യാപനങ്ങൾക്കപ്പുറം കർഷകരുടെ കൈകളിലെത്തിച്ചേരില്ലെന്നുറപ്പാണ്.

2016 ൽ റബറിന്റെ ഉത്പാദനച്ചെലവ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത് 172 രൂപയാണ്. 2022 ലെത്തിയപ്പോൾ ഈ ഉത്പാദനച്ചെലവ് സ്വാഭാവികമായും 200 രൂപയ്ക്കു മുകളിലെത്തിയിട്ടുണ്ട്. 250 രൂപ ഒരു കിലോ റബറിന് അടിസ്ഥാനവില പ്രഖ്യാപിക്കുമെന്നുള്ള സംസ്ഥാനഭരണനേതൃത്വത്തിന്റെ പ്രകടനപത്രിക വാഗ്ദാനം കർഷകർ മറന്നിട്ടില്ല. ഘട്ടംഘട്ടമായുള്ള ഈ പ്രഖ്യാപനം അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് വോട്ടു ലക്ഷ്യമാക്കി പ്രഖ്യാപിക്കുമായിരിക്കും. പക്ഷേ, അതുവരെ റബർ മേഖലയിൽ പിടിച്ചുനിൽക്കാൻ ഇന്നത്തെ വിലത്തകർച്ചയുടെ സാഹചര്യത്തിൽ കർഷകർക്കാവുമോയെന്ന് കണ്ടറിയണം.

**കർഷകരോട് ആത്മാർത്ഥയുണ്ടോ?**

കർഷകർ സ്വന്തം ഭൂമിയിൽ കൃഷിചെയ്തുത്പാദിപ്പിക്കുന്ന പ്രകൃതിദത്തറബറിനെ വ്യാവസായിക അസംസ്കൃതവസ്തുവായി പ്രഖ്യാപിച്ച് ലോക വ്യാപാരക്കരാറിൽ 25 ശതമാനം ഇറക്കുമതിച്ചുങ്കം ബൗണ്ട് റേറ്റായി അംഗീകരിച്ച രാജ്യമെന്ന നിലയിൽ പ്രകൃതിദത്തറബറിന്റെ ഇറക്കുമതിച്ചുങ്കം ഉയർത്താൻ ഇന്ത്യയ്ക്ക് കടമ്പകളേറെയുണ്ട്. അതേസമയം, കരാറുകളുടെ പരിധിക്കുള്ളിൽനിന്ന് ഇറക്കുമതി നിയന്ത്രിക്കാനും നിരോധിക്കാനുമുള്ള ഒട്ടേറെ വഴികളുണ്ട്.

2000-ാമാണ്ടിൽ വാജ്പേയ് സർക്കാർ റബറിന്റെ വിലത്തകർച്ചയിൽനിന്ന് ആഭ്യന്തരവിപണിയെ കരകയറ്റാൻ വിലസ്ഥിരതാപദ്ധതിയും തുറമുഖ നിയന്ത്രണവുമേർപ്പെടുത്തിയിരുന്നു. വിശാഖപട്ടണം, കൽക്കട്ട തുറമുഖങ്ങളിലൂടെമാത്രം റബർ ഇറക്കുമതിയെന്ന് ഉത്തരവിറക്കി. വൻകിട റബർ വ്യവസായശാലകളുള്ള തമിഴ്നാട്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലേക്ക് ഈ തുറമുഖങ്ങളിൽനിന്നുള്ള ചരക്കുയാത്ര കൂടുതൽ ചെലവ് സൃഷ്ടിക്കുന്നതുകൊണ്ട് ഇറക്കുമതി വ്യവസായികൾക്ക് ആദായകരമല്ലാതെ മാറുകയും സർക്കാർ സമ്മർദത്താൽ ആഭ്യന്തരവിപണിവില ഉയർത്താൻ വ്യവസായികൾ നിർബന്ധിതരുമായി. മോദി സർക്കാരും തുറമുഖനിയന്ത്രണമുണ്ടാക്കിയിരുന്നു. പക്ഷേ, ചെന്നൈ, ബോംബെ തുറമുഖങ്ങളിലൂടെ ഇറക്കുമതി വന്നപ്പോൾ വ്യവസായികൾക്കാണു നേട്ടമുണ്ടായത്.

ലോകവ്യാപാരക്കരാറിൽ ആഭ്യന്തരകർഷകരെ സംരക്ഷിക്കുന്നതിനും അനിയന്ത്രിത ഇറക്കുമതി നിയന്ത്രിക്കുന്നതിനും ഒട്ടേറെ വ്യവസ്ഥകളുണ്ട്. ആന്റി ഡംപിങ് ഡ്യൂട്ടി, സെയ്ഫ് ഗാർഡ് ഡ്യൂട്ടി, കൗണ്ടർ വെയിലിങ് ഡ്യൂട്ടി എന്നിവ അവയിൽ ചിലതുമാത്രം. വ്യാപാരക്കരാർ ഉയർത്തിക്കാട്ടി ജനങ്ങളെ വിരട്ടുകയും ഒളിച്ചോടുകയുമല്ല, നിലവിലുള്ള കരാർവ്യവസ്ഥകൾ ആയുധമാക്കി ഇറക്കുമതി നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യാനുള്ള ആത്മാർഥസമീപനവും ആർജവവുമാണ് കേന്ദ്രസർക്കാരിനുവേണ്ടത്. ചൈനയിൽനിന്ന് ടയറുൾപ്പെടെയുള്ള റബറുത്പന്നങ്ങൾ ആഭ്യന്തര വിപണിയിലേക്ക് ഒഴുകിവന്നതിനെത്തുടർന്ന് ടയറുത്പന്നങ്ങളുടെ വിപണിവില കഴിഞ്ഞനാളുകളിൽ ഇടിയാനുള്ള സാഹചര്യമുണ്ടായിരുന്നു. എന്നാൽ, വ്യവസായികളെ സംരക്ഷിക്കാൻ ചൈനീസ് ഉത്പന്നങ്ങൾക്ക് ആന്റി ഡംപിങ് ഡ്യൂട്ടി ഏർപ്പെടുത്തിയ കേന്ദ്രസർക്കാർ അസംസ്കൃത പ്രകൃതിദത്ത റബറിന്റെ അനിയന്ത്രിത ഇറക്കുമതിക്ക് ആന്റി ഡംപിങ് ഡ്യൂട്ടിയും സെയ്ഫ് ഗാർഡ് ഡ്യൂട്ടിയും ഏർപ്പെടുത്തി കർഷകനെ സംരക്ഷിക്കാൻ തയ്യാറാകാത്തതെന്ത്?

സ്വതന്ത്രവ്യാപാരക്കരാറുകളുടെ അടിസ്ഥാനത്തിൽ ലാറ്റക്സ് ഉത്പന്നങ്ങളുടെ ഇറക്കുമതിക്ക് 0-5 ശതമാനം ഇറക്കുമതിച്ചുങ്കമാക്കിയതുമൂലം പ്രതിസന്ധിയിലായത് ഇന്ത്യയിലെ ലാറ്റക്സ് അധിഷ്ഠിത ചെറുകിടവ്യവസായങ്ങളാണ്. നൂറുകണക്കിനു ലാറ്റക്സ് ഫാക്ടറികളാണ് കഴിഞ്ഞനാളുകളിൽ പൂട്ടിപ്പോയത്. റബർ ഇറക്കുമതിക്ക് പൂജ്യമല്ല 25 ശതമാനമാണ് ചുങ്കമെന്ന് അടിസ്ഥാനം സൃഷ്ടിക്കുന്നതിനും വരുംനാളുകളിൽ ഇന്ത്യ ഏർപ്പെടാനിരിക്കുന്ന സ്വതന്ത്ര വ്യാപാരക്കരാറുകൾക്ക് 25 ശതമാനം ചുങ്കമെന്ന് വിളിച്ചറിയിക്കുന്നതിനും കേന്ദ്ര ബജറ്റ് നിർദേശം ഒരുപക്ഷേ, ഉപകരിച്ചേക്കാം. അണിയറയിലൊരുങ്ങുന്ന ഇന്ത്യ-പസഫിക് സ്വതന്ത്രവ്യാപാരക്കരാറിൽ അമേരിക്ക മുഖ്യപങ്കാളിയായിരിക്കുമ്പോൾ കൃത്രിമ റബറിന്റെ നികുതിരഹിത ഇറക്കുമതിക്ക് തടയിടാൻ 25 ശതമാനം അടിസ്ഥാന ഇറക്കുമതിച്ചുങ്കം ഒരു ആയുധമാക്കാവുന്നതാണ്.

**റബർ മേഖല നിയന്ത്രിക്കുന്നതാര്?**

റബർവ്യവസായം മാത്രമല്ല റബർ കൃഷിയും വ്യവസായികളുടെ കൈകളിലേക്ക് ഇന്നു മാറുകയാണ്. കോമ്പൗണ്ട് റബറിന് ഇറക്കുമതിച്ചുങ്കമുയർത്തുമ്പോൾ മറ്റെന്തെങ്കിലും നേട്ടം അതിന്റെ മറവിൽ സർക്കാരും റബർബോർഡും വ്യവസായികൾക്കു വച്ചുനീട്ടിയിട്ടു



ണ്ടെന്നുറപ്പാണ്. ഗുണനിലവാരം കുറഞ്ഞ ബ്ലോക്ക് റബറിന്റെ ഇറക്കുമതിയും കുതിച്ചുയരാനുള്ള സാധ്യതയേറെ. മാനദണ്ഡങ്ങൾ നിർണയിച്ച് ചിരട്ടപ്പാൽ കാലക്രമേണ ഇറക്കുമതി ചെയ്തെന്നിരിക്കാം. വിലക്കുറവും ഉത്പാദനച്ചെലവും കണക്കാക്കുമ്പോൾ 25 ശതമാനം ഇറക്കുമതിച്ചുങ്കത്തിലും കോമ്പൗണ്ട് റബർ ഇറക്കുമതി ലാഭകരമായി തുടരാനുള്ള സാധ്യതകളുണ്ട്. വടക്കുകിഴക്കൻ റബർകൃഷിവ്യാപനത്തിന് ചുക്കാൻ പിടിക്കുന്ന വ്യവസായികളുടെ താത്പര്യം മറന്ന് മുൻ വാണിജ്യമന്ത്രികൂടിയായ ഇന്നത്തെ കേന്ദ്രധനമന്ത്രി കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിച്ചുങ്കം ഉയർത്തുന്ന ഒരു പ്രഖ്യാപനം നടത്തില്ലെന്നുറപ്പ്. കോമ്പൗണ്ട് റബർ ഇറക്കുമതിയുടെ വ്യക്തമായ കണക്കുകളും വിശദാംശങ്ങളും ലഭ്യമാക്കാനുള്ള സംവിധാനത്തിന്റെ അഭാവവും കർഷകരെ വലയ്ക്കുന്നുണ്ട്.

**കണക്കുകളിലെ അട്ടിമറികൾ**

പ്രകൃതിദത്ത റബറിന്റെ ഇറക്കുമതി, ഉപഭോഗം, ഉത്പാദനം കണക്കുകൾ റബർ ബോർഡിൽനിന്നു ലഭ്യമാണ്. എന്നാൽ, മുൻവർഷങ്ങളിലെ വൻസ്റ്റോക്കിന്റെ വിശദാംശങ്ങൾ ഈ കണക്കുകളിൽ കൂട്ടിച്ചേർക്കുന്നില്ലെന്നുള്ള പരാതികൾ പല കോണുകളിൽനിന്നുയരുന്നുണ്ട്. റബർ ബോർഡ് പുറത്തിറക്കുന്ന ഇത്തരം കണക്കുകളുടെ വിശ്വാസ്യതയും ആധികാരികതയും കർഷകർതന്നെ ചോദ്യം ചെയ്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. വ്യവസായികളെ സംരക്ഷിക്കുവാനും വിപണിവില ഇടിക്കാനും മാത്രമായി ഉത്പാദനം കൂട്ടിയും കുറച്ചുമുള്ള ബോർഡിന്റെ ആധികാരികതയില്ലാത്ത കണക്കുകൾ ഇരുട്ടടിയാകുന്നത് കർഷകർക്കാണ്. കോമ്പൗണ്ട് റബറിന്റെ കാര്യത്തിലും റബർബോർഡ്, കണക്കുകൾ വ്യക്തമാക്കേണ്ടിയിരിക്കുന്നു.

കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിച്ചുങ്കമുയർത്തിയതുകൊണ്ട് ആഭ്യന്തര റബർവില ഉയരുമെന്ന് ചിലർ വാദിക്കുമ്പോഴും അഡ്വാൻസ് ലൈസൻസ് സ്കീമിലൂടെ ഒരു ചുങ്കവുമില്ലാതെ റബർ ഇറക്കുമതിക്കുള്ള വാതിൽ തുറന്നിട്ടിരിക്കുന്നത് കർഷകർ കാണാതെ പോകരുത്. അതിന് ഇറക്കുമതി ചെയ്യുന്ന അസംസ്കൃതറബറിന്റെ നിശ്ചിത ശതമാനം ഉത്പന്നമാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ കയറ്റുമതി ചെയ്താൽ മതിയാകും. രാജ്യാന്തരവിലയിൽനിന്ന് ആഭ്യന്തരവിലയിടിച്ച് ഇപ്പോൾ സംഭരണം നടക്കുമ്പോൾ കേന്ദ്രസർക്കാരും റബർബോർഡും എന്ത് ഇടപെടൽ നടത്തുന്നുവെന്നതും ചോദിക്കാതെ തരമില്ല. ഒരുകിലോഗ്രാം റബറിന് നിലവിലുള്ള 140 രൂപയിൽനിന്ന് ഏപ്രിൽ മെയ് മാസങ്ങളിൽ അല്പം വിലകൂടാം. അത് എല്ലാ വർഷവുമുള്ള സ്വാഭാവിക പ്രക്രിയയാണ്. മുഖ്യ റബർ ഉപഭോക്താക്കളായ ചൈനയുടെ വിപണിയിൽ വരുന്ന മാറ്റങ്ങളും ആഭ്യന്തര വിപണിയെ നിർണായകമാക്കും.

**കേന്ദ്രം കണ്ണു തുറക്കുമോ?**

തുറമുഖനിയന്ത്രണവും ഇറക്കുമതിച്ചുങ്കത്തിന്റെ ഒരു വിഹിതത്തിൽനിന്ന് കർഷകർക്കായി വിലസ്ഥിരതാപദ്ധതിയും അനിയന്ത്രിത ഇറക്കുമതിക്കെതിരേ ആന്റി ഡംപിങ് ഡ്യൂട്ടിയും, ആഭ്യന്തര വിലത്തകർച്ച പിടിച്ചുനിർത്താൻ സെയ്ഫ് ഗാർഡ് ഡ്യൂട്ടിയും ഏർപ്പെടുത്തി ആത്മാർഥതയുണ്ടെങ്കിൽ കേന്ദ്രസർക്കാരിന് കർഷകരെ സഹായിക്കാം. രാജ്യാന്തരവിപണിയിൽ റബർവില ഉയർന്നുനിൽക്കുമ്പോഴും ആഭ്യന്തര റബർവിപണിയിലെ തകർച്ച കാണാതെപോകരുത്. പരിസ്ഥിതിസംരക്ഷണത്തിനായി ലഭിക്കുന്ന കാർബൺ ഫണ്ടും റബർകർഷകനു ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാകണം. ആഭ്യന്തരവിപണിയിൽ വിറ്റഴിക്കുന്ന റബറുത്പന്നങ്ങൾക്കായി ഉപയോഗിക്കുന്ന അസംസ്കൃത റബറിന്റെ നിശ്ചിതശതമാനം ന്യായവില അഥവാ അടിസ്ഥാനവില പ്രഖ്യാപിച്ച് ഇന്ത്യയിലെ റബർകർഷകരിൽ നിന്നുമാത്രം വാങ്ങിക്കാൻ കേന്ദ്രസർക്കാർ ഉത്തരവിറക്കിയാൽ കർഷകർക്കതു രക്ഷയാകും. ആസിയാൻ രാജ്യങ്ങളിലേതുപോലെ അടിസ്ഥാനവില നിശ്ചയിച്ച് കർഷകരിൽനിന്ന് സർക്കാർ നേരിട്ട് റബർ സംഭരിക്കുന്ന പദ്ധതി എന്തുകൊണ്ട് ഇന്ത്യയിൽ നടപ്പാക്കിക്കൂടാ?

റബർകർഷകരിലൂടെ സാമ്പത്തികാഭിവൃദ്ധി വരിച്ച സംസ്ഥാനവും ഭരണനേതൃത്വങ്ങളും സ്വന്തം കർഷകരെ മറക്കുന്നു. റബറധിഷ്ഠിത വ്യവസായത്തിന്റെ ആസ്ഥാനമാകേണ്ട കേരളത്തിൽ കൈവിരലിലെണ്ണാൻ മാത്രം റബർ ഫാക്ടറികൾ. പലതും പൂട്ടപ്പെടുന്നു. കാലഹരണപ്പെട്ട ഭൂനിയമങ്ങൾ അടിച്ചേല്പിച്ച് കർഷകരെ ദ്രോഹിക്കുന്നു. വിളമാറ്റകൃഷിക്കും ഫലവർഗകൃഷിക്കും വിലക്കുകൾ സൃഷ്ടിക്കുന്നു. കർഷകരിപ്പോൾ റബർമാത്രമല്ല കൃഷിതന്നെ ഉപേക്ഷിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. ക്രിയാത്മകനടപടികൾക്കു മുന്നോട്ടുവരാതെ കേന്ദ്ര - സംസ്ഥാന ഭരണനേതൃത്വങ്ങളും റബർബോർഡും നിരന്തരം നടത്തുന്ന അധരവ്യായാമങ്ങളും പ്രഖ്യാപനങ്ങളും റബർകൃഷിയുടെ മാത്രമല്ല കാർഷിക മേഖലയുടെതന്നെ ഭാവി നശിപ്പിക്കും. ലക്ഷക്കണക്കിനു കർഷകരുടെ ജീവിതത്തിനുയർത്തുന്ന വെല്ലുവിളി ജീവനെടുക്കുന്ന ദയനീയാവസ്ഥയിലേക്കു മാറും.

■

## കെ.സി.ബി.സി. അധ്യാപക അവാർഡുകൾ



മാത്യു എം. കുര്യാക്കോസ് (എച്ച്.എസ്.എസ്. വിഭാഗം)



റോബിൻ ജോസഫ്. പി. (എച്ച്.എസ്. വിഭാഗം)



റോസമ്മ പി.ഡി. (യു.പി. വിഭാഗം)



ജോഷി വടക്കൻ (എൽ.പി. വിഭാഗം)

*കെ.സി.ബി.സി. അധ്യാപക അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടവർ: മാത്യു എം കുര്യാക്കോസ് - സെന്റ് തോമസ് എച്ച്.എസ്.എസ്. പാലാ (പാലാ രൂപത), റോബിൻ ജോസഫ്. പി. - സെന്റ് തോമസ് എച്ച്.എസ്.എസ്. മണിക്കടവ് (തലശേരി അതിരൂപത), റോസമ്മ പി.ഡി. - മഞ്ഞളാംപുറം യു.പി. സ്കൂൾ കേളകം (തലശേരി അതിരൂപത), ജോഷി വടക്കൻ - മിഷൻ ഹോം എൽ.പി. സ്കൂൾ, മരിയാപുരം (തൃശൂർ അതിരൂപത).*

# വൈകിപ്പോകുന്ന ക്രൈസ്തവവിവാഹങ്ങൾ



ഡോ. ഹിമ സുബിൻ മാത്യു

"പുതിയ കുടുംബത്തിൻ കതിരുകളുയരുന്നു... തിരുസ്സഭ വിജയത്തിൻ പൊൻതൊടുകുറിയണിയുന്നു." ഗാനത്തിലെപ്പോലെ അനുഗൃഹീതമായ പുതിയ കുടുംബങ്ങൾ സൃഷ്ടിക്കപ്പെടുമ്പോഴാണ് തിരുസ്സഭ വിജയിക്കുന്നത്. അതിനാൽത്തന്നെ സഭ വിവാഹമെന്ന കൂദാശയെ പാവനമായി കാണുന്നു.

വിവാഹം വ്യക്തിപരമായ കാര്യമാണ്. വിവാഹം ആഗ്രഹിക്കാതെ ഏകസ്ഥജീവിതം നയിക്കുന്നവരുമുണ്ട്. എന്നാൽ, ഇവിടെ പറഞ്ഞുവരുന്നത് വിവാഹം ആഗ്രഹിച്ചിട്ടും നടക്കാതെ വിവാഹതടസ്സം നേരിടുന്നതിനെക്കുറിച്ചാണ്. ആരാധനാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും പലപ്പോഴും വിവാഹതടസ്സം ഒരു പ്രധാന പ്രാർഥനാവിഷയമായി വരുന്നതു കാണാം.

**കണ്ണു തുറപ്പിക്കേണ്ട യാഥാർഥ്യങ്ങൾ**

കേരളക്രൈസ്തവരുടെ, പ്രത്യേകിച്ച് സീറോ മലബാർ നസ്രാണികളുടെ വിവാഹം കുറഞ്ഞുവരുന്നതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. 2019 ഒക്ടോബർ ആറിന് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം പുറപ്പെടുവിച്ച ഇടയലേഖനപ്രകാരം, സീറോ മലബാർ സഭയിൽ മുപ്പതു വയസ്സു കഴിഞ്ഞ ഒരു ലക്ഷത്തോളം പുരുഷന്മാർ ജീവിതപങ്കാളിയെ കണ്ടെത്തുന്നതിൽ തടസ്സം നേരിടുന്നതായി കാണിക്കുന്നു.

കൊറോണയെ ത്തുടർന്നുണ്ടായ സാമ്പത്തികമാന്ദ്യം, ജോലിനഷ്ടം, ഗൾഫ് പ്രവാസികളുടെ മടക്കം തുടങ്ങിയവ ഈ സംഖ്യ ഭീമമായി വർദ്ധിപ്പിച്ചിട്ടുണ്ടാകാം.

ഇവിടെ ശ്രദ്ധിക്കേണ്ടത് ഒരു ലക്ഷം പുരുഷന്മാർ വിവാഹജീവിതത്തിൽ പ്രവേശിച്ചിരുന്നെങ്കിൽ ഒരു ലക്ഷം കുടുംബങ്ങൾ സൃഷ്ടിക്കപ്പെട്ടേനെ എന്നതാണ്.

നിലവിലുള്ള രൂപതകളിലെ കുടുംബങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വലിയ സംഖ്യയാണ്.

പാലാ രൂപതയിൽ നിലവിലുള്ളത് അറുപത്തിയെണ്ണായിരം കുടുംബങ്ങളാണ് (കൃത്യമായി 68,388). ഇത്രയും ആളുകൾ വിവാഹതടസ്സം നേരിടുന്നതിലൂടെ സീറോ മലബാർ സഭയ്ക്കു നഷ്ടപ്പെടുന്നത് ഒന്നോ രണ്ടോ രൂപതയ്ക്കു തുല്യമായ കുടുംബങ്ങളാണ്.

**വിവാഹതടസ്സത്തിനുള്ള പ്രധാന കാരണങ്ങൾ**

ജനസംഖ്യാ സെൻസസ് പ്രകാരം, കേരളത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ അധികമാണ്. തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.) കെ.സി. സക്കറിയ നടത്തിയ പഠനപ്രകാരവും സുറിയാനി ക്രൈസ്തവരിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനെക്കാൾ അധികമാണ്. അങ്ങനെ വരുമ്പോൾ, ഒരു ലക്ഷത്തിലധികം പുരുഷന്മാർ വിവാഹതടസ്സം നേരിടുന്നെങ്കിൽ അതു ചില സാമൂഹികയാഥാർഥ്യങ്ങളിലേക്കു വിരൽ ചൂണ്ടുന്നു.

**സാമൂഹികസാമ്പത്തിക അവസ്ഥയിലുണ്ടായ മാറ്റം**

പരമ്പരാഗതമായി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ് സുറിയാനിക്രൈസ്തവരിൽ ഭൂരിഭാഗവും. കാർഷികസമൂഹത്തിൽ സാധാരണമായി ഭൂസ്വത്തും ആദായവും കൈകാര്യം ചെയ്തിരുന്നത് പുരുഷന്മാരാണ്. അത്തരം സമൂഹങ്ങളിൽ, വിവാഹാലോചനകളിൽ കുടുംബപാരമ്പര്യവും ഭൂസ്വത്തും നിർണായക ഘടകങ്ങളായിരുന്നു.

എന്നാൽ, 1990 കൾക്കുശേഷവും കാര്യങ്ങൾ മാറിമറിഞ്ഞു. കാർഷികമേഖല തകർന്നടിയാൻ തുടങ്ങി. വിളനാശം, വിലത്തകർച്ച, വന്യമൃഗശല്യം തുടങ്ങിയവമൂലം കൃഷി ആദായകയമല്ലാതായി. ഇതു സുറിയാനി



ക്രൈസ്തവകുടുംബങ്ങളെ സാമ്പത്തികപിന്നാക്കാവസ്ഥയിൽ എത്തിച്ചു. ഭൂസ്വത്ത് ഉണ്ടെങ്കിലും ജീവിക്കാൻ പറ്റാത്ത സ്ഥിതി. ഈ സന്ദർഭത്തിലാണ് പ്രതീക്ഷയുടെ പൊൻവെട്ടവുമായി വിദേശകുടിയേറ്റവും പ്രത്യേകിച്ച് നഴ്സിങ് കോഴ്സും വന്നുചേർന്നത്. ഉപരിപഠനത്തിനും വിദേശകുടിയേറ്റത്തിനും മുന്നിൽ നിന്നത് സുറിയാനിക്രൈസ്തവകുടുംബങ്ങളിലെ പെൺകുട്ടികളായിരുന്നു. അവർ കൊണ്ടുവന്ന സാമ്പത്തികം കാർഷികത്തകർച്ചയിലും സുറിയാനിസമൂഹത്തിനു പിടിവള്ളിയായി.

ചുരുക്കിപ്പറഞ്ഞാൽ, മികച്ച വിദ്യാഭ്യാസവും സാമ്പത്തികമെച്ചവും സുറിയാനിപെൺകുട്ടികൾ കൈവരിച്ചു. സുറിയാനി ആൺകുട്ടികൾ വിദ്യാഭ്യാസരംഗത്തും ജോലിമേഖലയിലും കഴിവു തെളിയിച്ചെങ്കിലും ഒരു വിഭാഗത്തിന് അതു സാധിച്ചില്ല.

ഇങ്ങനെ മാറിമറിഞ്ഞ സുറിയാനിസമൂഹത്തിൽ ആദ്യകാലത്തെപ്പോലെ വിവാഹാലോചനകൾ തുടർന്നാൽ തടസ്സം നേരിടും എന്നുറപ്പ്.

**അനന്തമായി നീളുന്ന അന്വേഷണം**

എല്ലാം തികഞ്ഞ ഒരു വ്യക്തിയെ ജീവിതപങ്കാളിയായി ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. പൂർണനായ വ്യക്തിക്കുവേണ്ടിയുള്ള അന്വേഷണം ചിലപ്പോൾ അനന്തമായി തുടരും.

വിവാഹാലോചനകളുടെ സമയത്ത് മാതാപിതാക്കൾ പലപ്പോഴും പെൺകുട്ടിയെക്കാൾ അധികം വിദ്യാഭ്യാസവും വരുമാനവുമുള്ള പുരുഷനായി ശ്രമിക്കും. മികച്ച വിദ്യാഭ്യാസവും ശമ്പളവും വാങ്ങുന്ന പെൺകുട്ടികളെക്കാൾ ഉയർന്ന പുരുഷന്മാരെ കണ്ടെത്താനുള്ള അന്വേഷണത്തിൽ വിവാഹം നീണ്ടുപോവുകയും ചെയ്യും. ഇതിനൊപ്പം കുടുംബപൊങ്ങച്ചങ്ങളും സ്ത്രീധനംപോലെയുള്ള സാമൂഹികതിന്മകളും ചേരുമ്പോൾ വിവാഹതടസ്സത്തിൽ അദ്ഭുതപ്പെടാനില്ല. 'എല്ലാം തികഞ്ഞ വ്യക്തിയെ കണ്ടെത്തിയിരുന്നെങ്കിൽ ഞാൻ അച്ചനാകുമായിരുന്നോടോ?' എന്ന ക്രിസോസ്റ്റം തിരുമേനിയുടെ ഹാസ്യം ഇവിടെ അർഥവത്താണ്.

**എല്ലാം കഴിഞ്ഞ് കഴിക്കുന്ന വിവാഹം**

വിദ്യാഭ്യാസം, ജോലി, കരിയർ തുടങ്ങി എല്ലാം സെറ്റായശേഷമായിരിക്കും മിക്കപ്പോഴും വിവാഹാലോചനകൾ തുടങ്ങുക. എല്ലാം കഴിഞ്ഞ് വിവാഹം കഴിക്കുമ്പോഴേക്കും കാലം കഴിഞ്ഞുപോയിരിക്കും. കേരളത്തിൽ വിവാഹപ്രായം കഴിഞ്ഞവർ ഏറ്റവും കൂടുതലുള്ള സമൂഹമാണ് സുറിയാനിക്രൈസ്തവരെന്ന് പഠനങ്ങൾ പറയുന്നു. കേരളക്രൈസ്തവരുടെ ഇടയിൽ വർധിക്കുന്ന വന്ധ്യതയ്ക്കു കാരണങ്ങളിലൊന്ന് വൈകിയുള്ള വിവാഹമാണ്.

**പാശ്ചാത്യ ലിബറൽ സംസ്കാരത്തിന്റെ കടന്നുകയറ്റം**

പാശ്ചാത്യ ലിബറൽ സംസ്കാരം വ്യക്തികേന്ദ്രീകൃതമാണ്. അതനുസരിച്ചു വിവാഹവും കുടുംബജീവിതവും ബാധ്യതയാണ്. അതിനാൽത്തന്നെ അവർ 'ലിവിങ് ടുഗതർ'പോലെയുള്ള ആശയങ്ങൾ പ്രചരിപ്പിക്കുന്നു. ഇത്തരം ഫ്രീ ലിവിങ് ആശയം ക്രൈസ്തവയുവജനങ്ങളെ വഴിതെറ്റിക്കാൻ സാധ്യതയുണ്ട്.

എന്നാൽ, ഭാരതീയസംസ്കാരം കുടുംബമൂല്യങ്ങൾക്കു പ്രാധാന്യം നൽകുന്നതും സാമൂഹികാധിഷ്ഠിതവുമാണ്. കെട്ടുറപ്പുള്ള കുടുംബങ്ങൾ ഉള്ളതാണ് ഭാരതീയസമൂഹങ്ങളുടെ വളർച്ചയ്ക്കു കാരണം. സീറോ മലബാർ സഭ ആഗോള കത്തോലിക്കാസഭയുടെ പ്രധാന ശക്തിസ്രോതസ്സുകളിൽ ഒന്നായി മാറാനുള്ള കാരണവും ഇതുതന്നെ.

ശക്തമായ കുടുംബബന്ധങ്ങൾ ഇല്ലാത്ത സമൂഹം അതിവേഗം നശിച്ചുപോകും. കാരണം, കുടുംബങ്ങളിലാണ് കുഞ്ഞുങ്ങളുടെ രൂപീകരണം നടക്കേണ്ടത്. അവരാണ് നാളെ രാജ്യത്തിന്റെ പൗരന്മാരും സഭയിലെ വിശ്വാസികളുമായി മാറുന്നത്. ഈ രൂപീകരണപ്രക്രിയ നടന്നില്ലെങ്കിൽ സമൂഹം ക്ഷയിച്ചുകൊണ്ടിരിക്കും. ഇതിന് പാശ്ചാത്യനാടുകളിലേക്കു കണ്ണോടിച്ചാൽ മതി. ഉദാഹരണത്തിന്, കാനഡയിലെ വെള്ളക്കാരുടെ സമൂഹം ഇത്തരം ലിബറൽ നയങ്ങൾ സ്വീകരിച്ച് ജീവിതം വെറും അടിപൊളി മാത്രമാക്കി മാറ്റി. ഫലമോ സാമ്പത്തികമായും രാഷ്ട്രീയമായും ഇല്ലതായിക്കൊണ്ടിരിക്കുകയാണ് ആ സമൂഹം. എന്നാൽ, ഭാരതീയകുടുംബദർശനങ്ങൾ ഉൾക്കൊണ്ട് അധ്വാനിച്ച കാനഡയിലെ സിക്ക് സമൂഹം പ്രബലമായി മാറി. നിലവിൽ, കാനഡയുടെ കേന്ദ്രകാബിനറ്റിൽ അഞ്ച് സിക്ക് മന്ത്രിമാരുണ്ട്. കാനഡയുടെ പ്രധാന പ്രതിപക്ഷ പാർട്ടിയുടെ നേതാവ് ജഗ്മീത് സിങ് എന്ന സിഖ് വംശജനാണ്. അതായത്, കാനഡയ്ക്ക് ഒരു സിക്ക് പ്രധാനമന്ത്രി ഉടനുണ്ടാകും. അതിനർഥം കാനഡ വെള്ളക്കാരിൽനിന്ന് സിക്ക് വംശജരിലേക്കു കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. യൂറോപ്പിലെ പല രാജ്യങ്ങളുടെയും ഗതി ഇതുതന്നെയാണ്. അമിതമായ ലിബറൽ നയങ്ങൾ സ്വീകരിക്കുകയും കുടുംബബന്ധങ്ങൾക്കു പ്രാധാന്യം കല്പിക്കുകയും ചെയ്യാത്ത സമൂഹങ്ങളിൽനിന്ന് രാജ്യങ്ങൾ തന്നെ കൈവിട്ടുപോകും.

***വിവാഹതടസ്സം നീക്കാനുള്ള മാർഗങ്ങൾ***

**ശരിയായ മനോഭാവത്തോടെയുള്ള വിവാഹാന്വേഷണം**

വിവാഹാലോചനകളുടെ സമയത്ത് മാതാപിതാക്കൾ അത്യാവശ്യ പൊങ്ങച്ചങ്ങളും കമ്പോളസംസ്കാരത്തിന്റെ കൊടുക്കൽവാങ്ങൽ ചിന്തയും ഉപേക്ഷിച്ച് സ്വാഭാവശുദ്ധിയുള്ളവരെ കണ്ടെത്താൻ ശ്രമിക്കണം. വിദ്യാഭ്യാസവും വരുമാനവും ജീവിതത്തിന് ആവശ്യമാണെങ്കിലും, അതുമാത്രം മതിയെന്നു ചിന്തിക്കുന്നത് ആത്യന്തികമായി അപകടത്തിൽ എത്തിക്കും.

**നേരത്തേയുള്ള വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കണം**

ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം, നേരത്തേ വിവാഹം കഴിക്കുന്ന കേരളത്തിലെ മറ്റു സമുദായങ്ങളിൽ അഭിവൃദ്ധിക്കു കുറവില്ല എന്നതാണ്. വിവാഹശേഷം ഉപരിപഠനമോ ജോലിയോ നടക്കില്ല എന്ന ചിന്ത മാറ്റണം. എന്റെ വ്യക്തിപരമായ അനുഭവം പറയുകയാണെങ്കിൽ വിവാഹത്തിനുശേഷമാണ് ഞാൻ എ.ആർ.എസ്. പരീക്ഷ എഴുതിയെടുക്കുന്നതും കേന്ദ്രസർക്കാർ ജോലി ലഭിക്കുന്നതും. ഞങ്ങളുടെ കുഞ്ഞിന്റെ ജനനശേഷമാണ് ഞാൻ പി.എച്ച്.ഡി. പൂർത്തിയാക്കുന്നത്.

അതിനാൽത്തന്നെ വിവാഹകാര്യത്തിൽ എന്റെ ചിന്ത 'ഒറ്റയ്ക്കു തുഴഞ്ഞ് അവശരാകുന്നതിനേക്കാൾ നല്ലത് രണ്ടുപേർ ചേർന്ന് ജീവിതത്തോണി ലക്ഷ്യത്തിലെത്തിക്കാൻ ശ്രമിക്കുന്നതാണ്.' എന്തുതന്നെയായാലും പഠനം, കരിയർ തുടങ്ങിയ ഒഴികഴിവുകൾ പറഞ്ഞ് വിവാഹം വൈകിപ്പിക്കുന്നതു തിരുത്തപ്പെടണം.

**സഭയുടെ നിലവിലുള്ള മാട്രിമോണിയൽ വെബ്സൈറ്റുകൾ നവീകരിക്കപ്പെടണം**

മുൻകാലങ്ങളിൽ വിവാഹാലോചനകൾ നടന്നിരുന്നത് ഇടനിലക്കാർവഴിയോ ബന്ധുജനങ്ങൾവഴിയോയാണ്. എന്നാൽ, ഇന്ന് ആ മേഖല കൈയടക്കിയിരിക്കുന്നത് ഓൺലൈൻ സ്ഥാപനങ്ങളാണ്. ഇതു കൂടുതൽ പ്രൊഫൈലുകൾ കണ്ടെത്താൻ സഹായിക്കും. എന്നാൽ, ഇതിൽ ചില സ്ഥാപനങ്ങൾ കനത്ത വരിസംഖ്യയാണു വാങ്ങുന്നത്. പ്രമുഖ ക്രൈസ്തവമാട്രിമോണിയൽ സൈറ്റിന്റെ ഭീമമായ വാർഷികഫീസ് നൽകി അതിൽ ചേരാൻ സാധാരണക്കാരായ സുറിയാനിമക്കൾക്ക് എത്രത്തോളം സാധിക്കുമെന്ന് എനിക്കു പലപ്പോഴും സംശയം തോന്നാറുണ്ട്. 'പണമുള്ളവർ ചേർന്നാൽ മതി' എന്നാണ് നമ്മുടെ ചിന്തയെങ്കിൽ 'പട്ടിണി കിടക്കുന്നവർ ക്രിക്കറ്റ് കാണണ്ട' എന്ന മന്ത്രിയുടെ നിലപാടു പോലെയാകും അത്.

എല്ലാ രൂപതകൾക്കും സീറോ മലബാർ സഭയ്ക്ക് മൊത്തത്തിലുമായി ഓൺലൈൻ മാട്രിമോണിയൽ സൈറ്റുകളുണ്ട്. ഒപ്പം സഭയുടെ മുഖപത്രമായ ദീപികയ്ക്കും മാട്രിമോണിയൽ സൈറ്റുണ്ട്. എന്നാൽ, ചിലതിന്റെയെങ്കിലും സ്ഥിതി പരിതാപകരമാണ്. അപ്ഡേറ്റ് ചെയ്യാത്ത ടെക്നോളജിയും യൂസർ ഫ്രണ്ട്‌ലി അല്ലാത്തതുമാണ് പ്രധാന പ്രശ്നം. സ്വകാര്യസൈറ്റുകളുടേതുപോലെ സഭയുടെ മാട്രിമോണിയൽ സൈറ്റുകൾ പരിഷ്കരിക്കാവുന്നതാണ്. ന്യായമായ നിരക്കിൽ സേവനം നൽകാനായാൽ അതു സഭാമക്കൾക്ക് ഉപകാരപ്രദമാകും.

**പ്രാദേശികമായി ജീവിതപങ്കാളിയെ കണ്ടെത്താനുള്ള അവസരമൊരുക്കുക.**

ഓൺലൈൻ മാട്രിമോണിയൽ സൈറ്റുകളിലെ ആയിരക്കണക്കിലെ പ്രൊഫൈലുകളിൽനിന്ന് തങ്ങൾക്കനുയോജ്യമായ ജീവിതപങ്കാളിയെ കണ്ടെത്താൻ പാടുപെടുകയാണ് മിക്കവരും. എന്നുമാത്രമല്ല, കുറേപ്പേർ തങ്ങളുടെ പ്രദേശത്തുനിന്നുതന്നെ വിവാഹലോചന കണ്ടെത്താൻ താത്പര്യപ്പെടുന്നു. പ്രാദേശികമായി ജീവിതപങ്കാളികളെ കണ്ടെത്താനുള്ള മാർഗങ്ങൾ സഭാസംവിധാനത്തിന് ഒരുക്കാവുന്നതേയുള്ളൂ. അതിനായി, വിവാഹം ആഗ്രഹിക്കുന്നവരുടെ കൂട്ടായ്മകൾ കൃത്യമായ ഇടവേളകളിൽ ഫൊറോനാതലത്തിലോ രൂപതാതലത്തിലോ നടത്തം.

കെസിവൈഎം പോലുള്ള യുവജനപ്രസ്ഥാനങ്ങൾക്കും യുവജന ആനിമേറ്റേഴ്സായ വൈദികർക്കും സിസ്റ്റേഴ്സിനും ഇക്കാര്യത്തിൽ മാർഗനിർദേശം നല്കാം.

**പുതിയ കുടുംബങ്ങൾ സ്ഥാപിക്കപ്പെടട്ടെ**

കുടുംബങ്ങൾ സ്ഥാപിക്കപ്പെടുന്നത് സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും നിലനില്പിനാവശ്യമാണ്. കാരണം, നല്ല കുടുംബങ്ങളിൽനിന്നാണ് അനുഗൃഹീതരായ വൈദികരും സന്ന്യസ്തരും അല്മായരും ഉയർന്നുവരിക.

■

# ഇനിയും വായിക്കപ്പെടണം ഈ സാഹിത്യവിചാരങ്ങൾ

**മലയാളഗദ്യശൈലീവല്ലഭനായ പ്രഫ. മാത്യു ഉലകംതറ മൺമറഞ്ഞിട്ട് ഫെബ്രുവരി 24 ന് ഒരുവർഷം**


സാഗര എസ്.

മലയാളഗദ്യശൈലീവല്ലഭനായ പ്രഫ. മാത്യു ഉലകംതറയുടെ സാഹിത്യവിചാരങ്ങൾക്കിന്ന് ഏറെ പ്രസക്തിയുണ്ട്. ക്രൈസ്തവസാഹിത്യം വിവിധ മാനങ്ങൾ തേടുകയും സഭാചരിത്രം പുതുനിർമ്മാണത്തിലേക്കു നീങ്ങുകയും ചെയ്യുന്ന സാഹചര്യ



ത്തിലാണ് പ്രഫ. മാത്യു ഉലകംതറ പുതുവായനകൾക്കു വിധേയമാകുന്നത്. മലയാളസാഹിത്യത്തിലും ക്രൈസ്തവസഭാചരിത്രത്തിലും വിജയഗാഥ രചിച്ച ബഹുമുഖപ്രതിഭയായിരുന്ന ഇദ്ദേഹം ബാക്കിവച്ചിരിക്കുന്നത് തുടർപഠനസാധ്യതകളുള്ള അമൂല്യമായ രത്നശേഖരം തന്നെയാണ്.

സാഹിത്യകാരനും അധ്യാപകനും ഭാഷാപണ്ഡിതനുമായിരുന്ന ഇദ്ദേഹം ഗദ്യത്തിലും പദ്യത്തിലും ഒരുപോലെ തിളങ്ങി. 'ക്രിസ്തുഗാഥ' എന്ന കൃതിയിലൂടെ വിശ്വാസികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടി.

മഞ്ജരിവൃത്തത്തിന്റെ സൗന്ദര്യമാവാഹിച്ച് സുവിശേഷങ്ങളുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ക്രിസ്തുഗാഥയെന്ന മഹാകാവ്യം മലയാളസാഹിത്യയുലകം മുഴുവൻ ഇന്നും തെളിഞ്ഞുനിൽക്കുന്നു.

വൈക്കം മുഹമ്മദ് ബഷീർ, പാലാ നാരായണൻനായർ, സിസ്റ്റർ മേരി ബനീഞ്ഞ തുടങ്ങിയവരുടെ കൃതികൾക്ക് ഇദ്ദേഹം എഴുതിയ അവതാരികകൾ സഹൃദയരുടെ പ്രശംസ ധാരാളം ഏറ്റുവാങ്ങിയതായിരുന്നു.

പ്രഫ. ഉലകംതറയുടെ 'വിമർശിക്കപ്പെടുന്ന വിശ്വാസം' എന്ന ഗ്രന്ഥം യഥാർഥത്തിൽ വിശ്വാസസംരക്ഷണപ്പോരാട്ടമാണു നടത്തുന്നത്. ഉലകംതറയുടെ 'സാഹിത്യം എങ്ങോട്ട്?' എന്ന ഗ്രന്ഥവും മൂന്നു പതിറ്റാണ്ടോളം മലയാളസാഹിത്യത്തിൽ വലിയ ചലനമാണ് ഉണ്ടാക്കിയത്.

വൈക്കം ആറാട്ടുകുളത്തിനു സമീപം ഉലകംതറ വർക്കി – അന്ന ദമ്പതികളുടെ മകനായി 1931 ജൂൺ ആറിനു പിറന്ന മാത്യു ഉലകംതറ 1954 ൽ കേരള സർവകലാശാലയിൽനിന്നു മലയാളസാഹിത്യത്തിൽ ഇരട്ട ഫസ്റ്റ് ക്ലാസോടെ ബിഎ പാസായി. 1959 ൽ മദ്രാസ് സർവകലാശാലയിൽ പ്രൈവറ്റായി ചേർന്ന് ഒന്നാംറാങ്കോടെ എംഎ വിജയിച്ചു. തേവര സേക്രഡ് ഹാർട്ട് കോളജിൽ മലയാളം അധ്യാപകനായും വകുപ്പധ്യക്ഷനായും 32 വർഷം പ്രവർത്തിച്ചു. പിന്നീട് കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ ഓണററി പ്രഫസറായി. കേരളത്തിലെ മൂന്നു സർവകലാശാലകൾ ഇദ്ദേഹത്തിന്റെ സാഹിത്യവിമർശനഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങളാക്കി.

ദീപിക ആഴ്ചപ്പതിപ്പിന്റെ മുഖ്യപത്രാധിപരായും താലന്ത് മാസികയുടെ സഹപത്രാധിപരായും ഇദ്ദേഹം പ്രവർത്തിച്ചു. കേരള സാഹിത്യ അക്കാദമി അംഗം, സമസ്ത കേരള സാഹിത്യപരിഷത് സെക്രട്ടറി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉപദേശകസമിതി യംഗം തുടങ്ങിയ പദവികളിലും അദ്ദേഹം സേവനമനുഷ്ഠിച്ചു.

സാഹിത്യശാസ്ത്രം, വിമർശനം, പദ്യനാടകം, ജീവചരിത്രം, മതചിന്ത എന്നിങ്ങനെ വിവിധ ഇനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സാഹിത്യവിസ്തൃതിയാണ് ഉലകംതറയുടേത്. കൃത്യമായ പഠനവും വസ്തുനിഷ്ഠമായ നിരീക്ഷണങ്ങളും കൊണ്ട് ശ്രദ്ധേയമാണ് ഉലകംതറയുടെ ഓരോ അവതാരികകളും. സാമാന്യവായനകളിൽ നിന്നല്ല അദ്ദേഹത്തിന്റെ പഠനങ്ങൾ രൂപപ്പെട്ടുവന്നിരുന്നത്; സൂക്ഷ്മമായ സാഹിത്യവിചാരങ്ങളും ഇഴകീറിയുള്ള വിമർശനാത്മകസമീപനങ്ങളുമായിരുന്നു അത്. വിമർശസോപാനം, ആലോചനാമൃതം, സാഹിത്യപീഠിക, അപൂർവരശ്മികൾ, ഭീരുക്കളുടെ സ്വർഗം, കയ്പും മധുരവും, ആത്മഭാഷിതങ്ങൾ, ക്രിസ്തുബിംബങ്ങൾ മലയാളത്തിൽ, ഹൈന്ദവം ക്രൈസ്തവം, കഥാസുഭാഷിതങ്ങൾ, അർണോസ് പാതിരി, ഐ.സി. ചാക്കോ, ആദ്യത്തെ മരണം, വെളിച്ചത്തിന്റെ മകൾ, വിശ്വപ്രകാശം തുടങ്ങിയവയാണ് ഉലകംതറയുടെ മറ്റു പ്രധാന കൃതികൾ.

സീറോ മലബാർസഭ പരമോന്നതബഹുമതിയായ 'സഭാതാരം' നൽകി ഇദ്ദേഹത്തെ ആദരിച്ചു.

ഉപരിപ്ലവമായ പഠനങ്ങൾക്കപ്പുറം അഗാധമായ ഗവേഷണസാധ്യതകളാണ് അദ്ദേഹത്തിന്റെ ഓരോ രചനയും മുന്നോട്ടുവയ്ക്കുന്നത്. ദൃഢത പ്രാപിക്കേണ്ട ക്രൈസ്തവസാഹിത്യത്തിന്റെ അടിവേരുകൾ ഇദ്ദേഹത്തിന്റെ സാഹിത്യകൃതികളിലുണ്ട്. രൂഢമൂലമായി കിടക്കുന്ന ക്രൈസ്തവസാഹിത്യത്തിന്റെ ബിംബങ്ങളും പ്രതിമാനങ്ങളുമായി ഉലകംതറയുടെ കാവ്യസങ്കല്പങ്ങൾ പുനർവായനയ്ക്കു വിധേയമാകേണ്ടതുണ്ട്. ■

# കുട്ടികൾ ഫോൺ ഉപയോഗിച്ചാൽ, ആകാശം ഇടിഞ്ഞുവീഴില്ല, പക്ഷേ...


അഡ്വ. ചാർളി പോൾ

കുട്ടികൾ മൊബൈൽ ഫോൺ ഉപയോഗിച്ചാൽ ആകാശം ഇടിഞ്ഞുവീഴുകയോ ഭൂമി നെടുകെ പിളരുകയോ ഇല്ലെന്ന ബാലാവകാശക്കമ്മീഷന്റെ അഭിപ്രായം വ്യത്യസ്തമായ ചർച്ചകൾക്ക് ഇടവരുത്തിയിട്ടുണ്ട്. നിലവിൽ മൊബൈൽ ഫോൺ സ്കൂളിൽ കൊണ്ടുവന്നാൽ കണ്ടുകെട്ടാമെന്നും ലേലം വിളിച്ച് പി.റ്റി.എ. ഫണ്ടിൽ മുതൽകൂട്ടാമെന്നുമുള്ള 2010 ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാണ് നിലവിലുള്ളത്. രക്ഷിതാക്കളുടെ അനുമതിയോടെ വിദ്യാർഥികൾക്ക് സ്കൂളിൽ മൊബൈൽ ഫോൺ കൊണ്ടുവരാമെന്ന ബാലാവകാശക്കമ്മീഷൻ ഉത്തരവ് വിദ്യാഭ്യാസവകുപ്പ് തിടുക്കപ്പെട്ടു നടപ്പാക്കാനിടയില്ല. വിദ്യാർഥികൾക്ക് ഫോൺ അനുവദിച്ചാലുള്ള പ്രായോഗികബുദ്ധിമുട്ടും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അധ്യാപകർക്കുള്ള ആശങ്കയും ഇതിനോടകം സ്കൂൾ അധികൃതർ പങ്കുവച്ചിട്ടുണ്ട്. കമ്മീഷൻ വേണ്ടത്ര പഠനം നടത്തിയിട്ടാണോ ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നതെന്നു സംശയമുണ്ട്.



മൊബൈൽ ഫോൺ രണ്ടു മണിക്കൂറിൽ കൂടുതൽ തുടർച്ചയായി ഉപയോഗിച്ചാൽ മസ്തിഷ്കത്തിലെ ഇടത്-വലത് അർധഗോളങ്ങൾ തമ്മിലുള്ള ഏകോപനം നഷ്ടപ്പെടും. ഇടത് അർധഗോളം ഓർമശക്തി, യുക്തിചിന്ത, ഭാഷാസ്വാധീനം, ഗണിതപാടവം എന്നിവയെ നിയന്ത്രിക്കുന്നു. വലത് അർധഗോളം കലാപരമായ കഴിവുകൾ, സൗന്ദര്യാസ്വാദനം, മനുഷ്യത്വം, നന്മ തുടങ്ങിയ ഘടകങ്ങളെ നിയന്ത്രിക്കുന്നു. ഇവ തമ്മിൽ ഏകോപനമില്ലെങ്കിൽ സമയബോധം നഷ്ടപ്പെടും. രാത്രി-പകൽ വ്യത്യാസമനുഭവമാകില്ല. ദൈനംദിനകാര്യങ്ങൾ താളംതെറ്റും. ഭക്ഷണക്രമം ശ്രദ്ധയിൽ വരില്ല. രാത്രി ഉറക്കം കുറയുമ്പോൾ പിറ്റേന്ന് പകൽ മുഴുവൻ മന്ദത അനുഭവപ്പെടും. പകൽ ശ്രദ്ധക്കുറവ്, ഓർമക്കുറവ്, ഉന്മേഷക്കുറവ്, വിശപ്പില്ലായ്മ എന്നിവ പ്രകടമാകും. അമിതദേഷ്യം, എടുത്തുചാട്ടം തുടങ്ങിയ പെരുമാറ്റപ്രശ്നങ്ങളും ഉണ്ടാകും. വീണ്ടും ഫോൺ ഉപയോഗം തുടർന്നാൽ വിഷാദരോഗത്തിലേക്കും ആത്മഹത്യയിലേക്കും നീങ്ങാനിടയുണ്ട്. അമിത ഓൺലൈൻ ഗെയിം ശീലമാക്കിയവരിൽ അക്രമസ്വഭാവം, സാധനങ്ങൾ നശിപ്പിക്കൽ എന്നിവയും കണ്ടുവരുന്നുണ്ട്. മൊബൈൽ ഫോൺ അശ്ലീലവീഡിയോസ് ഷെയർ ചെയ്യപ്പെടുന്നതിനും കാണുന്നതിനും ഇടയാക്കുകയും അത് ലൈംഗിക അരാജകത്വത്തിലേക്കു വഴി തുറക്കുകയും ചെയ്യാം.

വിദ്യ അഭ്യസിപ്പിക്കുക എന്ന അധ്യാപക ദൗത്യം ഫലപ്രദമായി നിറവേറ്റാൻ കുട്ടികളുടെ മൊബൈൽ ഫോൺ ആസക്തി തടസ്സമായി മാറും. സമൂഹമാധ്യമ ആസക്തി ഉത്കണ്ഠ, വിഷാദം എന്നിവ ഉൾപ്പെടെ നിരവധി മാനസിക പ്രശ്നങ്ങൾക്കിടവരുത്തുമെന്ന് നിരവധി പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. സ്കൂൾസമയം കഴിയുംവരെ ഫോൺ സ്വിച്ച് ഓഫാക്കി സൂക്ഷിക്കണമെന്ന ബാലാവകാശക്കമ്മീഷൻ നിർദേശവും കുട്ടികൾക്കിടയിൽ സാധ്യമാകാനിടയില്ല. കുട്ടിക്കാലത്തുനിന്ന് യൗവനത്തിലേക്കുള്ള കാലഘട്ടം (കൗമാരം) പരിവർത്തനത്തിന്റേതാണ്. ശാരീരികവും മാനസികവും വൈകാരികവുമായ മാറ്റങ്ങൾ കാരണം കൗമാരക്കാർ പലതരം പ്രലോഭനങ്ങൾക്കും വിധേയരാകും. നിയന്ത്രണമില്ലാത്ത എടുത്തുചാടിയുള്ള പെരുമാറ്റം, ചെയ്യരുതെന്നു നിർദേശിക്കപ്പെടുന്ന കാര്യങ്ങളിലേക്കുള്ള ആകർഷണം, എന്തും പരീക്ഷിച്ചറിയാനുള്ള ആഗ്രഹം എന്നിവ കൗമാരസവിശേഷതകളാണ്. ലൈംഗിക ജിജ്ഞാസയും ഈ കാലഘട്ടത്തിൽ കൂടുതലാണ്. അതുകൊണ്ട് ഫോൺ ദുരുപയോഗിക്കാൻ സാധ്യതയുണ്ട്.

പലയിടത്തും വിദ്യാർഥികളെ ലഹരിവാഹകരായി ലഹരിമാഫിയ ഉപയോഗിക്കുന്നുണ്ട്. ദേഹ-ബാഗ് പരിശോധനകൾ വിലക്കിയാൽ ഇത്തരം പ്രശ്നങ്ങൾ വർദ്ധിക്കും. ദേഹ-ബാഗ് പരിശോധനകൾ എയർപോർട്ട്, പ്രധാന ഹോട്ടലുകൾ, മാളുകൾ, സിനിമാ തീയറ്ററുകൾ എന്നിവിടങ്ങളിലൊക്കെ ഉള്ളതാണ്. കുട്ടികളെ സദാസമയവും സംശയത്തിന്റെ നിഴലിൽ നിറുത്തി വിശ്വാസമില്ലാത്തവിധം നിരീക്ഷണത്തിനു വിധേയമാക്കാതെ, അവരുടെ അന്തസ്സിനെയും ആത്മാഭിമാനത്തെയും ഹനിക്കാതെ പരിശോധനകൾ നടത്തുന്നതാണ് അഭികാമ്യം. ബാഗ്, ലഞ്ച്ബോക്സ്, വസ്ത്രങ്ങൾ എന്നിവയിൽ ഒരു കണ്ണുള്ളത് നല്ലതുതന്നെ. കൗമാരകാലഘട്ടത്തിൽ കുട്ടികൾ വഴിമാറാതിരിക്കാൻ അധ്യാപകരുടെയും മാതാപിതാക്കളുടെയും ശ്രദ്ധ അനിവാര്യമാണ്. ■

# ദേശീയ വനിതാ വോളിയിൽ കേരളത്തിന്റെ ജൈത്രയാത്ര

സനിൽ പി. തോമസ്

പുരുഷന്മാർ ക്വാർട്ടർ കാണാതെ പുറത്തായപ്പോൾ വനിതകൾ ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പു നിലനിർത്തി. ഗുവാഹത്തിയിൽ നടന്ന എഴുപത്തൊന്നാമത് ദേശീയ സീനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ നമ്മുടെ വനിതാ ടീം കരസ്ഥമാക്കിയത് തുടർച്ചയായ അഞ്ചാം കിരീടം. പലപ്പോഴും മലയാളിതാരങ്ങളുടെ മികവിലായിരുന്നു റയിൽവേസിന്റെ ആധിപത്യമെങ്കിലും കലാശക്കളിയിൽ കേരളത്തിന്റെ വനിതാ ടീം അവർക്കുമുമ്പിൽ കീഴടങ്ങുന്നതു പതിവായിരുന്നു. ആ കഥ മാറുകയാണ്. ഇത്തവണ ഫൈനലിൽ കേരളം റയിൽവേസിനെ തോല്പിച്ചത് ഒന്നിനെതിരേ മൂന്നു സെറ്റുകൾക്ക്. മൂന്നാം സെറ്റ് ജയിച്ച റയിൽവേ രണ്ടും നാലും സെറ്റുകളിൽ പൊരുതിത്തോൽക്കുകയായിരുന്നു. അതുകൊണ്ടുതന്നെ കേരളത്തിന്റെ വനിതകൾ പൊരുതി നേടിയ വിജയമായി ഇതിനെ വിശേഷിപ്പിക്കാം.

പ്രമുഖ താരങ്ങൾ പലരും പ്രൈം വോളി ലീഗിൽ കളിക്കുന്നതിനാൽ കേരളത്തിന്റെ പുരുഷ ടീം ദുർബലമായിരുന്നു. പങ്കെടുത്ത നാലു കളികളിലും അവർ പരാജയപ്പെട്ടു. പ്രൈം വോളി ലീഗ് അട്ടിമറിക്കാനാണ് വോളിബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ അതേ സമയത്ത് ദേശീയ ചാമ്പ്യൻഷിപ്പും ഫെഡറേഷൻ കപ്പുമൊക്കെ സംഘടിപ്പിക്കുന്നതെന്ന വിമർശനം പല ഭാഗങ്ങളിൽനിന്നും ഉയരുന്നുണ്ട്. അതിലുപരി വോളിബോൾ ഫെഡറേഷന് കേന്ദ്രസ്പോർട്സ് മന്ത്രാലയത്തിന്റെ അംഗീകാരമില്ലാത്തതിനാൽ ചാമ്പ്യൻഷിപ്പിനു പ്രസക്തിയില്ലെന്നു വാദിക്കുന്നവരുമുണ്ട്. ഗുജറാത്തിൽ നടന്ന ദേശീയ ഗെയിംസിൽ സംസ്ഥാന വോളിബോൾ അസോസിയേഷൻ ടീമിനു പകരം കോടതിവിധിയോടെ മത്സരിച്ച, സ്പോർട്സ് കൗൺസിൽ പരിശീലിപ്പിച്ച ടീം ഇരട്ട സ്വർണം നേടിയതും ചരിത്രം. പക്ഷേ, ഇതൊന്നും നമ്മുടെ വനിതകളുടെ വോളി മികവിന്റെ മാറ്റു കുറയ്ക്കുന്നില്ല.

ദേശീയ സ്പോർട്സ് കോഡ് ലംഘിച്ചുവെന്നപേരിൽ കേന്ദ്ര സ്പോർട്സ് മന്ത്രാലയം 2020 ജൂൺ 25 ന് വോളിബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യയെ സസ്പെൻഡ് ചെയ്തിരുന്നു. അതിനുശേഷമുള്ള ഫെഡറേഷന്റെ പ്രവർത്തനവും അവർ നടത്തുന്ന ചാമ്പ്യൻഷിപ്പുകളും ഗവൺമെന്റംഗീകൃതമല്ല. ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ജോലിക്കാര്യങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ അംഗീകരിക്കുകയുമില്ല. പക്ഷേ, കായികസംഘടനകൾ സ്വതന്ത്ര അധികാരമുള്ളവയാണ്. അവയ്ക്കുള്ള ഗ്രാന്റ് തടയാൻ മാത്രമേ സർക്കാരിനു കഴിയൂ. സർക്കാരിന്റെ അമിത ഇടപെടൽ ഉണ്ടായാൽ രാജ്യാന്തരഫെഡറേഷനും ഒളിമ്പിക് കമ്മിറ്റിയും ദേശീയ ഫെഡറേഷന്റെ അംഗീകാരം റദ്ദാക്കും. ഇന്ത്യയ്ക്കു രാജ്യാന്തരമത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയാതെ വരും.

പോയവർഷം, അണ്ടർ 17 ലോകകപ്പ് വനിതാ ഫുട്ബോൾ നടത്താൻ ഇന്ത്യ ഒരുങ്ങുമ്പോൾ അഖിലേന്ത്യാ ഫുട്ബോൾ



ഫെഡറേഷന്റെ അംഗീകാരം ഫിഫ പിൻവലിക്കാനൊരുങ്ങിയതും ഒടുവിൽ കഷ്ടിച്ചു രക്ഷപ്പെട്ടതും മറക്കാറായിട്ടില്ല. ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ കായികമേളകളിൽ ടീമിനെ അയയ്ക്കുന്നത് ദേശീയ ഒളിമ്പിക്സ് അസോസിയേഷനാണ്. സർക്കാരിന് അവരെ തുണയ്ക്കാം. ടീമിനെ ഒരുക്കുന്നതിലും സഹായിക്കാം. ഫെഡറേഷനുകളുടെ പ്രവർത്തനങ്ങളിലെ അമിത സർക്കാർ ഇടപെടൽ ഐ.ഒ.സി. അംഗീകരിക്കില്ല. സദ്ദാം ഹുസൈൻ ഇറാക്ക് പ്രസിഡന്റായിരുന്നപ്പോൾ പുത്രൻ ഉദയ്ഹുസൈൻ ആയിരുന്നു കായികസംഘടനകളെ നിയന്ത്രിച്ചത്. ഒടുവിൽ ഇറാക്ക് ദേശീയ ഒളിമ്പിക് അസോസിയേഷനെ ഐ.ഒ.സി. സസ്പെൻഡു ചെയ്തു.

കായികസംഘടനകളുടെ സ്വാതന്ത്ര്യത്തെ ബാധിക്കാതെ അവയെ രാജ്യതാത്പര്യത്തിനും രാജ്യത്തെ കായികനിയമങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കാൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും കേന്ദ്ര സർക്കാരും ശ്രമിക്കണം. കേരളത്തിലും അരഡസനോളം സംഘടനകളിൽ പിളർപ്പുണ്ട്. ഒരു കൂട്ടർക്ക് ദേശീയ സംഘടനയുടെ അംഗീകാരമുണ്ടെങ്കിൽ ഇതരർക്ക് കേരളസ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുണ്ട്. ജീവിതം സ്പോർട്സിനായി സമർപ്പിച്ച കായികതാരങ്ങളാണു വിഷമിക്കുന്നത്. ദേശീയ ഫെഡറേഷൻ നടത്തുന്ന ദേശീയ മത്സരങ്ങളിലും അതിനുമുമ്പ് സംസ്ഥാന അസോസിയേഷൻ നടത്തുന്ന സംസ്ഥാനചാമ്പ്യൻഷിപ്പിലും പങ്കെടുക്കാൻ താരങ്ങൾ നിർബന്ധിതരാകുന്നു. സമാന്തര സംഘടനകൾ വ്യത്യസ്തമത്സരങ്ങൾ നടത്തിയാൽ താരങ്ങൾ വിഷമിക്കും.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ശ്രമിക്കാതെ നമ്മുടെ കളിക്കാർ വിയർപ്പൊഴുക്കി നേടുന്ന വിജയങ്ങളെ കുറച്ചുകാണുകയല്ല വേണ്ടത്. പ്രഫഷണൽ ലീഗുകൾ തുടങ്ങിയ ശേഷം ദേശീയചാമ്പ്യൻഷിപ്പിന്റെയും ഫെഡറേഷൻ കപ്പിന്റെയുമൊക്കെ ഗ്ലാമർ കുറഞ്ഞിട്ടുണ്ട്. അതു വോളിബോളിൽ മാത്രമല്ല സംഭവിച്ചത്. മലപ്പുറത്ത് ദേശീയഫുട്ബോൾ വിജയിച്ച് സന്തോഷ് ട്രോഫി നേടിയ കേരളടീമിനെ മുൻകാലങ്ങളിൽ ജയിച്ച ടീമുകൾക്കൊപ്പം കാണാൻ കഴിയുമോ? മത്സരങ്ങളും പഴയ നിലവാരത്തിൽ എത്തിയില്ല. പക്ഷേ, ദേശീയവിജയം അതല്ലാതാകില്ല.

### പരിശീലകയായി കേരളത്തിന്റെ മരുമകൾ

ഗുവാഹത്തിയിൽ കിരീടം നേടിയ കേരളടീമിനെ പരിശീലിപ്പിച്ച ആന്ധ്ര ഗുണ്ടൂർ സ്വദേശിനി രാധിക പരുചുരി കേരളത്തിന്റെ മരുമകളാണ്. ഇന്ത്യൻ താരം വർക്കല സ്വദേശി കപിൽദേവിന്റെ ഭാര്യയായാണ്, പല തവണ ഇന്ത്യയ്ക്കുവേണ്ടി കളിച്ച രാധിക തിരുവനന്തപുരത്തെത്തിയത്. റയിൽവേ ഉദ്യോഗസ്ഥ. ഇതിനുമുമ്പ് മൂന്നു തവണ കേരളം ജേതാക്കളായപ്പോൾ രാധിക അസിസ്റ്റന്റ് കോച്ചായിരുന്നു. അബ്ദുൾ നാസർ




ആയിരുന്നു പരിശീലകൻ. ഇത്തവണ ആദ്യമായാണ് മുഖ്യപരിശീലകയായി രാധിക ചുമതലയേറ്റത്. അസിസ്റ്റന്റ് കോച്ചായി അശ്വിനി എസ്. കുമാറുമുണ്ടായിരുന്നു. എസ്. സൂര്യയാണ് കേരളത്തെ നയിച്ചത്.

ടീമിൽ ഏഴുപേർ കെ.എസ്.ഇ.ബിയിൽനിന്നും മൂന്നു പേർ കേരളപോലീസിൽനിന്നുമുള്ളവരാണ്. സായ്യിൽനിന്ന് ഒരാളും 'ഖേലോ ഇന്ത്യ'യിൽ നിന്ന് ഒരാളും. (രണ്ടുപേർ സായ് പ്രതിനിധികൾഎന്നു വേണമെങ്കിൽ പറയാം) ഏറെക്കാലമായി കേരളവോളിബോളിൽ കെ.എസ്.ഇ.ബി. താരങ്ങളുടെ സാന്നിധ്യം പ്രകടമാണ്. അവർക്കൊപ്പം പോലീസ്താരങ്ങളും എത്തുന്നുവെന്നത് നല്ല സൂചനയാണ്. ഫാക്ടും കെ.എസ്.ആർ.ടി.സിയുമൊക്കെ മുമ്പ് വോളിബോൾ ശക്തികളായിരുന്നു.

സൂര്യയ്ക്കൊപ്പം ഇത്തവണ കേരളത്തിനു കളിച്ച കെ.എസ്. ജിനി, കെ. അമിത, ജി. അഞ്ജുമോൾ, ആർ.എസ്. ശില്പ, കെ.പി. അനുശ്രീ, എൻ.എസ്. ശരണ്യ, കെ. അഭിരാമി, അനന്യശ്രീ, മായാ തോമസ്, അനഘ രാധാകൃഷ്ണൻ, എൻ. അശ്വതി, രവീന്ദ്രൻ എന്നിവർ അനുമോദനമർഹിക്കുന്നു.

പാലാ സ്വദേശി ജോർജ് വർഗീസ് എന്ന വോളിബോൾ കളിക്കാരൻ അധ്യാപകനായി 1957 ൽ നാമക്കുഴി സ്കൂളിലെത്തിയതോടെയാണ് കേരളത്തിലെ വനിതാ വോളിബോൾ ചരിത്രം യഥാർഥത്തിൽ തുടങ്ങുന്നത്. കേരളം ആദ്യമായി ദേശീയ സ്കൂൾസ് കിരീടം ചൂടിയപ്പോഴും കേരളസർവകലാശാല നടാടെ അഖിലേന്ത്യാ ചാമ്പ്യൻമാരായപ്പോഴും (യഥാക്രമം 1964–65 ലും 69–70 ലും) നായികയായ റോസ്‌ലിൻ ജോസഫ് ജോർജ് വർഗീസിന്റെ ശിഷ്യയായിരുന്നു. പിന്നീട് നാമക്കുഴി സഹോദരിമാരും അയിരൂർ സഹോദരിമാരും വോളിബോൾ കോർട്ടിൽ ഇടിമുഴക്കം സൃഷ്ടിച്ചു.

1970 ൽ ഉദയ്പൂരിൽ ആദ്യമായി ദേശീയ വോളിബോൾ ഫൈനലിൽ കടന്ന കേരള വനിതകൾ 71–72 ൽ ജാംഷഡ്പൂരിൽ കെ.സി. ഏലമ്മയുടെ നേതൃത്വത്തിൽ പ്രഥമ ദേശീയ കിരീടം ചൂടി. ആ കഥ തുടരുന്നു. ഫെഡറേഷനിലെ പടലപിണക്കംമൂലം ഇന്ത്യൻ ജേഴ്സി പലർക്കും നഷ്ടപ്പെട്ടപ്പോൾ 2018 ൽ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ വനിതാ ടീമിലെ 14 പേരിൽ പലരും മലയാളികളായിരുന്നു. ഫെഡറേഷനിലെ പ്രശ്നങ്ങൾ പരിഹരിച്ചാൽ ഈ വർഷം ചൈനയിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിലും മലയാളികളുടെ നിറസാന്നിധ്യം പ്രതീക്ഷിക്കാം. അതിലേക്കുള്ള ചുവടുവയ്പാകട്ടെ ഗുവാഹത്തിയിലെ വിജയം.

■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 50 Date of Publication 16 Feb 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!




# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



60 Years Trust
KTS PRODUCTS
SINCE 1995

# Tastit
ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015
CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

## ലിത്തോസ് പാവിംഗ് ടൈൽസ്
## നിങ്ങളുടെ മുറ്റം
# കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും

LITHOS PAVING TILES
ISO 9001:2015





**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala. Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act